POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 38

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 സെപ്റ്റംബർ 21/ഹി:ശം:1396 തബൂക് 21 /ഹി:ഖ: 1438 ദുൽഹജ്ജ് 29

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 18-08-2017 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ഞാൻ എന്റെ ഗ്രന്ഥമായ കശ്തിയെ നൂഹിൽ പ്ലേഗിന്റെ കാലത്ത് നമുക്ക് പ്രതിരോധകുത്തിവെയ്പ് നടത്തേണ്ട ആവശ്യമില്ലെന്നും അല്ലാഹു നമ്മയേയും നമ്മുടെ വീട്ടിലുള്ളവരേയും സ്വയം കാത്തുകൊള്ളുമെന്നും സൗഖ്യം നമ്മോടൊപ്പം ഉണ്ടാകുമെന്നും പ്രവചനം ചെയ്തിരുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 41**: ഇരുപതോ ഇരുപത്തിയൊന്നോ വർഷം കഴിഞ്ഞു. ഞാനൊരു വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. നാലു ആൺകുട്ടികളെ നിനക്കുതരുമെന്നും അവർ ദീർഘായുസ് പ്രാപിക്കുമെന്നും അല്ലാഹു എന്നോടു ചെയ്ത വാഗ്ദാനം അതിൽ എഴുതിയിരുന്നു. ഈ പ്രവചനത്തിലേക്ക് മവാഹിബുർറഹ്മാനിൽ 139-ാം പേജിൽ സൂചനയുണ്ട്. അതായത് ഈ വാക്യത്തിൽ: ***അൽഹംദുലില്ലാഹില്ലദീ വഹബലീ അലൽ കിബരി അർബഅത്തൻ മ്മിനൽ ബനീന വ അൻജസ വഅ്ദഹൂ മിനൽ ഇഹ്സാൻ*** വാർധക്യകാലത്ത് നാലു ആൺകുട്ടികളെ എനിക്കു നല്കകുയും തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും. ആ നാല് ആൺകുട്ടികൾ ഇവരാണ്: മഹ്മൂദ് അഹ്മദ്, ബശീർ അഹ്മദ്, ശരീഫ് അഹ്മദ്, മുബാറക് അഹ്മദ്. ഇവർ ജീവിച്ചിരിക്കുന്നു.

**ദൃഷ്ടാന്തം 42**: അല്ലാഹു പൗത്രനെന്ന നിലയിൽ അഞ്ചാമത്തെ ആൺകുട്ടിയെ സംബന്ധിച്ച് വാഗ്ദാനം നല്കിയിരുന്നു. അതേ ഗ്രന്ഥമായ മവാഹിബുർറഹ്മാൻ പേജ് 139-ൽ ഈ പ്രവചനം ഇങ്ങനെ എഴുതിയിരിക്കുന്നു: ***വ ബശ്ശർനീ ബി ഖാമിസിൻ ഫീ ഹീനിൻ മ്മിനൽ അഹ്യാൻ*** നാലിനു പുറമെ അഞ്ചാമത്തെ ആൺകുട്ടി പൗത്രനെന്ന നിലയിൽ ജനിക്കുന്നതായിരിക്കും. അവൻ എതെങ്കിലും നേരത്ത് തീർച്ചയായും ജനിക്കുമെന്ന് അല്ലാഹു എനിക്ക് സുവാർത്ത നല്കി. അവനെ സംബന്ധിച്ച് മറ്റൊരു ഇൽഹാമും ഉണ്ടായിരുന്നു. അത് അൽബദ്ർ, അൽഹക്കം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ട് കാലങ്ങൾ കഴിഞ്ഞു. അതിതാണ്: ***ഇന്നാ നുബശ്ശിറുക്ക ബി ഗുലാമിൻ നാഫിലത്തൻല്ലക്ക നാഫിലത്തൻ മ്മിൻ ഇന്ദീ*** പൗത്രനായിട്ടുള്ള മറ്റൊരു ആൺകുട്ടിയെ സംബന്ധിച്ച് നിനക്ക് സുവാർത്ത അറിയിക്കുന്നു. അതായത് മകന്റെ മകൻ. ഈ പൗത്രൻ നമ്മിൽനിന്നുള്ളവനാണ്. അങ്ങനെ ഏകദേശം മൂന്നുമാസം കഴിഞ്ഞിരിക്കന്നു എന്റെ മകനായ മഹ്മൂദ് അഹ്മദിന്റെ വീട്ടിൽ ആൺകുട്ടി ജനിച്ചു. അവന്റെ പേര് നസ്വീർ അഹ്മദ് എന്ന് വെക്കപ്പെട്ടു. അങ്ങനെ ഈ പ്രവചനം നാലരവർഷത്തിനുശേഷം പുലർന്നു.

**ദൃഷ്ടാന്തം 43**: ഞാൻ എന്റെ ഗ്രന്ഥമായ കശ്തിയെ നൂഹിൽ പ്ലേഗിന്റെ കാലത്ത് നമുക്ക് പ്രതിരോധകുത്തിവെയ്പ് നടത്തേണ്ട ആവശ്യമില്ലെന്നും അല്ലാഹു നമ്മയേയും നമ്മുടെ വീട്ടിലുള്ളവരേയും സ്വയം കാത്തുകൊള്ളുന്നതാണെന്നും സൗഖ്യം നമ്മോടൊപ്പം ഉണ്ടാകുമെന്നും പക്ഷേ, പ്രതിരോധകുത്തിവെയ്പ് നടത്തുന്ന ചിലർക്ക് ജീവനഷ്ടമുണ്ടാകുമെന്നുമുള്ള പ്രവചനം എഴുതിയിരുന്നു. അത് അങ്ങനെതന്നെ സംഭവിച്ചു. ചിലയാളുകൾ പ്രതിരോധകുത്തിവെയ്പ് നടത്തിയതുകൊണ്ട് എത്രമാത്രം നഷ്ടമുണ്ടായെന്നാൽ അവരുടെ കാഴ്ച നഷ്ടപ്പെട്ടു. ചിലരുടെ മറ്റു അവയവങ്ങളിൽ തകരാറുകളുണ്ടായി. എല്ലാത്തിലുമുപരിയായി ഗുജ്റാത്ത് ജില്ലയിലെ മുൽക്വാളിൽ ഒറ്റത്തവണ 19 ആളുകൾ പ്രതിരോധകുത്തിവെയ്പ് എടുത്തതുകൊണ്ട് മരണമടഞ്ഞു.

**ദൃഷ്ടാന്തം 44**: മാലേർക്കോട്ടിലയിലെ സർദാർ നവ്വാബ് മുഹമ്മദലീഖാൻ സാഹിബിന്റെ ചെറിയ മകൻ അബ്ദുർറഹീമിന് അതികഠിനമായ പനി ബാധിച്ചു. രക്ഷപ്പെടുമെന്നുള്ള ഒരു ലക്ഷണവും കണ്ടില്ല. അതായത് മരിച്ചുവെന്ന നിലയിലായിരുന്നു. ആ നേരത്ത് ഞാൻ അവനുവേണ്ടി ദുആ ചെയ്തപ്പോൾ 'തഖ്ദീറെ മുബ്റം'പോലെയാണെന്ന് മനസ്സിലായി. അപ്പോൾ യാ ഇലാഹീ! ഞാൻ അവനുവേണ്ടി ശിപാർശ ചെയ്യുന്നുവെന്ന് ദൈവസന്നിധിയിൽ അപേക്ഷിച്ചു. അതിന് മറുപടിയായി അല്ലാഹു പറഞ്ഞു: ***മൻദല്ലദീ യശ്ഫഉ ഇൻദഹൂ ഇല്ലാ ബിഇദ്നിഹീ*** ദൈവികാനുമതി കൂടാതെ ആർക്കെങ്കിലുംവേണ്ടി ശിപാർശ ചെയ്യാൻ ആർക്കാണ് അധികാരമുള്ളത്. അപ്പോൾ ഞാൻ നിശബ്ദനായി. ഒട്ടും താമസിയാതെ ഇൽഹാമുണ്ടായി ഇന്നക്ക അൻദൽ മജാസ് നിശ്ചയമായും നിനക്ക് ശിപാർശ ചെയ്യാൻ അനുവാദം നല്കപ്പെട്ടിരിക്കുന്നു. അപ്പോൾ ഞാൻ അങ്ങേയറ്റം വണക്കത്തോടും വിലപിച്ചും ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹു എന്റെ ദുആ സ്വീകരിച്ചു. കുട്ടി ഖബ്റിൽ നിന്നെഴുന്നേറ്റ് പുറത്തു വന്നതുപോലെ. ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമായി. എത്രമാത്രം മെലിഞ്ഞിപോയിരുന്നുവെന്നാൽ ദീർഘകാലത്തിനുശേഷമാണ് തന്റെ യഥാർഥ സ്ഥിതിയിലെത്തിയത്. ആരോഗ്യവാനായി. ഇപ്പോൾ ജീവിച്ചിരിക്കുന്നു.

**ദൃഷ്ടാന്തം 45**: എന്റെ ഉറ്റ സുഹൃത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ ഒരു ആൺകുട്ടി വഫാത്തായിരുന്നു. ആ ഒരു ആൺകുട്ടിയാണുണ്ടായിരുന്നത്. അവൻ മരണപ്പെട്ടപ്പോൾ അജ്ഞരായ ചില ശത്രുക്കൾ മൗലവി സാഹിബ് സന്താനരഹിതനായിരിക്കുന്നുവെന്ന് കരുതി സന്തോഷം പ്രകടിപ്പിച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തിനുവേണ്ടി ധാരാളം ദുആ ചെയ്തു. ദുആയാക്കുശേഷം അല്ലാഹുവിൽനിന്ന് എനിക്ക് ഇങ്ങനെ അറിയിപ്പുകിട്ടി. നിന്റെ ദുആ കൊണ്ട് ഒരു ആൺകുട്ടി ജനിക്കുന്നതാണ്; ദുആ മുഖേന മാത്രം സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതിനുള്ള അടയാളം! അവന്റെ ശരീരത്തിൽ ഒരുപാട് കുരുക്കൾ പൊങ്ങുന്നതായിരിക്കുമെന്നും പറയപ്പെട്ടു. അങ്ങനെ ആ ആൺകുട്ടി ജനിച്ചു. അവന്റെ പേര് അബ്ദുൽഹയ്യ് എന്ന വെക്കപ്പെട്ടു. അവന്റെ ശരീരത്തിൽ അസാധാരണമായ നിലയിൽ കുരുക്കൾ പൊങ്ങി. അതിന്റെ കല ഇപ്പോഴുമുണ്ട്. ഈ കുരുക്കൾ പൊങ്ങുമെന്നുള്ള ദൃഷ്ടാന്തം കുട്ടി ജനിക്കുന്നതിനുമുമ്പേ വിജ്ഞാപനം ചെയ്തിരുന്നതാണ്.

**ദൃഷ്ടാന്തം 46**: അക്കാലഘട്ടത്തിൽ ഒരു സ്ഥലമൊഴികെ പഞ്ചാബിലെ ഒരു ജില്ലയിലും പ്ലേഗിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. പഞ്ചാബ് മുഴുവൻ പ്ലേഗ് പരക്കുമെന്ന് അല്ലാഹു എന്നെ അറിയിച്ചു. എല്ലാ ഓരോ സ്ഥലവും പ്ലേഗുകൊണ്ട് മലിനമാകുന്നതാണ്. ധാരാളം പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതാണ്. ആയിരക്കണക്കിനാളുകൾ പ്ലേഗിന്നിരയാകുന്നതാണ്. നിരവധി ഗ്രാമങ്ങൾ ജനശൂന്യമായിത്തീരും. എല്ലാ ഓരോ സ്ഥലത്തും ഓരോ ജില്ലയിലും പ്ലേഗിന്റെ ചെടികൾ നടപ്പെടുന്നതായി എനിക്ക് കാണിക്കപ്പെട്ടു. അങ്ങനെ ഈ പ്രവചനം ആയിരക്കണക്കിന് നോട്ടീസുകളിലൂടേയും ലഘുലേഖകളിലൂടേയും ഞാൻ ഈ രാജ്യത്ത് പ്രസിദ്ധീകരിച്ചു. പിന്നീടു അല്പകാലം കഴിഞ്ഞപ്പോൾ എല്ലാ ഓരോ ജില്ലയിലും പ്ലേഗ് പൊട്ടിപ്പുറപ്പെട്ടു. മുന്നൂലക്ഷത്തോളം ജീവനഷ്ടമാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്. ഈ ആളുകൾ തങ്ങളിൽ മാറ്റം വരുത്താത്തിടത്തോളം രാജ്യത്തുനിന്ന് പ്ലേഗ് അകലുകയില്ലെന്ന് അല്ലാഹു പറഞ്ഞു.

**ദൃഷ്ടാന്തം 47**: ജമ്മുവാസിയായ ചിരാഗുദ്ദീൻ എന്നുപേരുള്ള ഒരാൾ എന്റെ ശിഷ്യന്മാരിൽ ചേർന്നു. പിന്നീട് മുർത്തദ്ദായിപ്പോയി. റസൂലാണെന്ന് വാദിച്ചു. താൻ ഈസായുടെ റസൂലാണെന്ന് പറഞ്ഞു. അയാൾ എനിക്ക് ദജ്ജാലെന്ന് പേരിട്ടു. അയാൾ പറഞ്ഞു, 'ഈസാ എനിക്കു വടി നല്കിയിരിക്കന്നു. ആ വടികൊണ്ട് ഈ ദജ്ജാലിനെ വധിക്കുന്നതിന്.' ഞാൻ അയാളെ പറ്റി ഈ പ്രവചനം ചെയ്തു:അയാൾ അല്ലാഹുവിന്റെ കോപത്തിന്റെ രോഗത്താൽ അതായത് പ്ലേഗിനാൽ നാശമടയുകയും അല്ലാഹു അയാളെ കൊള്ളയടിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ അയാൾ 1906 ഏപ്രിൽ 4 ന് തന്റെ രണ്ടു ആൺകുട്ടികളോടൊപ്പം പ്ലേഗ് ബാധിച്ച് നാശമടഞ്ഞു.

**ദൃഷ്ടാന്തം 48**: മിർസാ അഹ്മദ് ബേഗ് ഹോശിയാർപൂരി മൂന്നു വർഷത്തിനുള്ളിൽ മരിക്കുമെന്ന് ഞാൻ പ്രവചനം ചെയ്തിരുന്നു. അങ്ങനെ അയാൾ മുന്നുവർഷത്തെ കാലാവധിക്കുള്ളിൽ മരിച്ചു.

**ദൃഷ്ടാന്തം 49**: ഭൂകമ്പത്തെ കുറിച്ച് ഞാൻ പ്രവചനം ചെയ്യുകയും അൽഹക്കം അൽബദ്ർ എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ശക്തമായ ഒരു ഭൂകമ്പം വരാൻ പോകുന്നുവെന്ന്. പഞ്ചാബിന്റെ ചില ഭാഗങ്ങൾ ശക്തമായ നാശത്തിന് കാരണമാകുന്നതാണ്. പ്രവചനത്തിന്റെ പൂർണമായ വാക്യം ഇപ്രകാരമാണ്: ***സൽസലാ കാ ധക്ക അഫത്തിദ്ദിയാറു മഹില്ലുഹാ വ മുഖാമുഹാ*** അങ്ങനെ ആ പ്രവചനം 1905 ഏപ്രിൽ 4 ന് പുലർന്നു.

**ദൃഷ്ടാന്തം 50**: ഈ ഭൂകമ്പത്തിനുശേഷം വസന്തകാലദിനങ്ങളിൽ മറ്റൊരു ഭൂകമ്പമുണ്ടാകുമെന്ന് ഞാൻ പ്രവചനം ചെയ്തിരുന്നു. ഇൽഹാമുപരമായ ഈ പ്രവചനത്തിന്റെ ഒരു വാക്യം ഇങ്ങനെയായിരുന്നു: '***ഫിർ ബഹാർ ആയി ഖുദാ കി ബാത്ത് ഫിർ പൂരി ഹുഇ***" 1906 ഫെബ്രുവരി 8 ന് ആ ഭൂകമ്പമുണ്ടായി.കോഹിസ്താന്റെ സ്ഥലങ്ങളിൽ ജീവനും സ്വത്തിനും ധാരാളം നഷ്ടമുണ്ടായി. **(ഹഖീഖത്തുൽ വഹ്യ് റൂഹാനീ ഖസായിൻ വാല്യം 2 പേജ് 228-31)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

**പരിഭാഷ: ടി.എം. അബ്ദുൽ മുജീബ് തമ്മനം**

## ചോദ്യോത്തര സദസ്സ്

☆ഒരു വഖ്ഫെ നൗ കുട്ടി ചോദിച്ചു, സിറിയയിൽ രാസായുധ ആക്രമണം നടത്തിയതിനുശേഷം അവിടെ അമേരിക്ക റോക്കറ്റ് മുഖേന നടത്തിയ വ്യോമാക്രമണം മുസ്ലിംകൾക്കോ അല്ലെങ്കിൽ ഇസ്ലാമിനോ എതിരായ ആക്രമണമാണെന്ന് നമുക്ക് ചിത്രീകരിക്കാൻ പറ്റുമോ?

അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു: സിറിയൻ സർക്കാർ സ്വന്തം ആളുകളെയും മുസ്ലിംകളെയും കൊന്നൊടുക്കുന്നതിനെ എന്തായിട്ടാണ് ചിത്രീകരിക്കേണ്ടത് എന്നതാണ് ചോദ്യം. ഒരു ഭാഗത്ത് സിറിയൻ ഭരണകൂടത്തെ റഷ്യ സഹായിക്കുകയും ജനങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്നു. അവരും മുസ്ലിംകൾ തന്നെയാണ്. അവരും ഇതേ കലിമ തന്നെയാണ് ചൊല്ലുന്നത്. മറുഭാഗത്ത് അമേരിക്ക അവരെ ആക്രമിക്കുന്നു. ആദ്യം കൊല്ലപ്പെട്ട മുസ്ലിംകൾക്കുമേൽ അനീതി ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ട് മറ്റു മുസ്ലിംകളെ കൊല്ലുക എന്നാണ് കാരണമായി പറയുന്നത്. അപ്പോൾ ഇരുഭാഗത്തുനിന്നും അക്രമം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് നബി (സ)തിരുമേനി പറഞ്ഞത്, അക്രമത്തെ തടയുക. കൈകൊണ്ട് തടയാൻ സാധിക്കുന്നില്ലെങ്കിൽ നാവുകൊണ്ട് തടയുക, നാവുകൊണ്ട് സാധിക്കുന്നില്ലെങ്കിൽ ദുആ ചെയ്യുക. നമ്മുടെ പക്കൽ ഇപ്പോൾ കായികബലം ഇല്ല. അതുകൊണ്ട് അല്ലാഹു മുസ്ലിം നേതാക്കന്മാർക്കും മുസ്ലിം വിമത കക്ഷികൾക്കും ഇസ്ലാമിന്റെ പേരിൽ അക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന തീവ്രവാദികളായ ആളുകൾക്കും ബുദ്ധി നൽകുമാറാകട്ടെ എന്ന് ദുആ ചെയ്യാൻ മാത്രമെ നമുക്ക് കഴിയുകയുള്ളു. ചുരുക്കത്തിൽ രണ്ട് പേരും Block ഉണ്ടാക്കിയിരിക്കുകയാണ്. ഒന്ന് മുസ്ലിംകൾ റഷ്യയുമായി സഖ്യം സ്ഥാപിച്ചു കൊണ്ടുള്ള Block. മറ്റൊന്ന് അമേരിക്കയുമായിട്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. അപ്പോൾ അതിനെ മുസ്ലിംകൾക്കെതിരിലുള്ള അക്രമമാണെന്ന് എങ്ങനെ പറയാൻ സാധിക്കും? മുസ്ലിംകൾക്കുള്ളിൽത്തന്നെ കാപട്യം രൂപപ്പെട്ടിട്ടുള്ള സ്ഥിതിക്ക് നമുക്കെങ്ങനെയാണ് അത് പറയാൻ കഴിയുക. കൂടാതെ കുർദികളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന തുർക്കി, അല്ലെങ്കിൽ സുന്നികളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന സിറിയൻ ഭരണകൂടം, ശിയാക്കളെ കൊന്നുകൊണ്ടിരിക്കുന്ന സുന്നികൾ! നിത്യവും തീവ്രവാദ ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്നലെ അഫ്ഗാനിസ്ഥാനിൽ 130 സൈനികരെയാണ് ത്വാലിബാനികൾ കൊന്നത്. ഇതെല്ലാം ഇസ്ലാമിനെതിരെയുള്ള യുദ്ധമാണോ? മുസ്ലിംകൾ സ്വയം മുനാഫിഖുകളായിരിക്കുകയാണ്. അതിനാൽ ഇത് സംഭവിക്കേണ്ടതുതന്നെയാണ്. കാരണം ഇത് ഇസ്ലമിക യുദ്ധമല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ അഥവാ നിങ്ങൾ ഇസ്ലാമിന്റെ പേരിൽ യുദ്ധം ചെയ്യുകയാണെങ്കിൽ കനത്ത പരാജയം ഏറ്റു വാങ്ങേണ്ടി വരുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. ഐ.എസ്.ഐസ് ഇസ്ലാമിന്റെ പേരിൽ യുദ്ധം ചെയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അതിനാൽ പരാജയത്തിനുമേൽ പരാജയം ഏറ്റുവാങ്ങിക്കൊണ്ട് അവർ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അവരിലിനി എന്താണ് ശേഷിക്കുന്നത്? അവർ കനത്ത പരാജയമാണ് ഏറ്റുവാങ്ങിയിരിക്കുന്നത്. യഥാർഥത്തിൽ അവരുടെ യുദ്ധം ഇസ്ലാമിന്റെ പേരിലായിരുന്നെങ്കിൽ, അത് ഇസ്ലാമിക യുദ്ധമായിരുന്നെങ്കിൽ ഇല്ലാതായിത്തീരുന്നതിനു പകരം വിജയിക്കുകയല്ലേ വേണ്ടിയിരുന്നത്. വിജയത്തിനുള്ള വാഗ്ദാനം അല്ലാഹു നൽകിയിട്ടുള്ളതല്ലേ! അഥവാ നിങ്ങൾ ഇസ്ലാമിന്റെ പേരിൽ യുദ്ധം ചെയ്യുകയാണെങ്കിൽ നിശ്ചയമായും വിജയം നിങ്ങൾക്കായിരിക്കുമെന്നത് അല്ലാഹു പറഞ്ഞിട്ടുള്ള അടയാളമാണ്. കാരണം എന്റെ സഹായം നിങ്ങളോടൊപ്പമുണ്ടായിരിക്കുന്നതാണ്. അവരുടെ വിജയം നിങ്ങൾക്ക് എവിടെയെങ്കിലും കാണാൻ സാധിക്കുന്നുണ്ടോ? കലഹങ്ങളല്ലാതെ ഒന്നും കാണുന്നില്ല. അവസാനം പോയി ഒന്നുകിൽ യഅ്ജൂജിന്റെ മടിയിൽ ഇരിക്കുന്നു അല്ലെങ്കിൽ മഅ്ജൂജിന്റെ മടിയിൽ ഇരിക്കുന്നു. ദജ്ജാലിന്റെ പക്കൽ ചെന്നുകൊണ്ട് തങ്ങൾക്കിടയിൽ തീരുമാനം കല്പിക്കുക എന്ന് പറയുന്നു. അങ്ങനെ ദജ്ജാലിന്റെ പക്കൽ തീരുമാനം കല്പിക്കപ്പെടാനായി ചെന്നാൽ പിന്നീട് ഇസ്ലാമിന്റെ എന്താണ് ശേഷിക്കുക?

☆അതിനു ശേഷം ഒരു വാഖിഫെ നൗ ചോദിച്ചു: പാക്കിസ്താനിൽനിന്ന് ഇവിടെ പുതുതായി അസൈലമിൽ വരുന്നവർക്ക് ജോലി ചെയ്യാനുള്ള അനുവാദം ഉണ്ടായിരിക്കുകയില്ല. എന്നാൽ, അവരിൽ ചിലർ ഇവിടെ ജോലികൾ ചെയ്യുന്നുണ്ട്. അവർ ചെയ്യുന്ന ജോലിക്ക് നികുതിയും ഇൻഷുറൻസും ഒന്നും നൽകുന്നുമില്ല. അങ്ങനെയുള്ളവരിൽനിന്ന് ചന്ദ വാങ്ങാമോ?

ഹദൂർ പറഞ്ഞു: നിയമവിരുദ്ധമായ നിലയിൽ കരസ്ഥമാക്കുന്ന വരുമാനത്തിൽ നിന്ന് ചന്ദ വാങ്ങാൻ പാടുള്ളതല്ല. അതുകൊണ്ടുതന്നെ ഞാൻ പല ഖുത്ബകളിലും നികുതി കൊടുക്കാതിരിക്കരുത്, നികുതി വെട്ടിക്കരുത് എന്ന് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇത് തെറ്റായ മാർഗമാണ്. കൂടാതെ നിങ്ങൾ ശരീഅത്തിനു വിരുദ്ധമായ ജോലികൾ ചെയ്യുകയാണെങ്കിലും ഉദാഹരണമായി മദ്യം വിൽക്കുക. നബി(സ) തിരുമേനി അതിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത്, മദ്യം വിൽക്കുന്ന ആളും, മദ്യം വാറ്റുന്ന ആളും, മദ്യം കുടിപ്പിക്കുന്ന ആളും, മദ്യം തയ്യാറാക്കുന്ന ആളും എല്ലാവരും ശപിക്കപ്പെട്ടവരും നരകവാസികളുമാണെന്നാണ്. അത്തരം അവസ്ഥയിൽ അവരിൽ നിന്ന് എങ്ങനെയാണ് നാം ചന്ദ വാങ്ങുക? പട്ടിണിയാൽ മരണം ആസന്നമായാൽ മാത്രം നിങ്ങൾക്ക് പന്നി മാംസം കഴിക്കാവുന്നതാണെന്ന് വിശുദ്ധഖുർആൻ പറഞ്ഞിട്ടുണ്ട്.

ഹുദൂർ പറയുന്നു: ഇപ്പോൾ പന്നിയും നമുക്ക് വലിയൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ആളുകൾ പന്നിയുടെ തലകൊണ്ട് വന്ന് നമ്മുടെ പള്ളികളിൽ ഇടുന്നു. അങ്ങനെ തങ്ങൾ മുസ്ലിംകളുടെ വികാരത്തെ പ്രകോപിപ്പിക്കുന്നു എന്നവർ കരുതുന്നു. എന്നാൽ, ഇതിൽ വികാരം കൊള്ളുകയും പ്രകോപിതരാകുകയും ചെയ്യേണ്ട ആവശ്യമൊന്നുമില്ല. 'ഒരു തല കൊണ്ടുവന്നിട്ടാൽ, നിങ്ങൾ മൂന്നോ നാലോ ഇനി ലക്ഷക്കണക്കിനോ കൊണ്ടുവന്നിട്ടോ ഞങ്ങൾക്കൊരു കുഴപ്പവുമില്ല' എന്നാണ് അവരോട് പറയേണ്ടത്. അവർ സ്വയം അടങ്ങിക്കൊള്ളും.

ഹുദൂർ പറയുന്നു: ചുരുക്കത്തിൽ നിർബന്ധിതാവസ്ഥയിൽ പന്നിമാംസം തിന്നുന്നതിനുള്ള അനുവാദമുണ്ട്. എന്നാൽ, നിർബന്ധിതാവസ്ഥയിൽ ഉള്ളവർക്ക് മാത്രമാണത്, നമുക്കല്ല. നിയമവിരുദ്ധമായോ ശരീഅത്തിനു വിരുദ്ധമായോ ഉള്ള വരുമാനത്തിൽനിന്ന് ചന്ദ വാങ്ങേണ്ട ഒരു ആവശ്യവും ജമാഅത്തിനില്ല. അങ്ങനെ ചെയ്യുന്നവർ തെറ്റാണ് ചെയ്യുന്നത്. ഞാൻ ഖുത്ബകളിലൂടെ ഭാരവാഹികളോടും പല തവണ ഇക്കാര്യം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

☆ ഒരു വാഖിഫെ നൗ കുട്ടി ചോദിച്ചു: ഒരു ഹദീഥിൽ വന്നിട്ടുള്ളത് വാഗ്ദത്ത മസീഹ് ആഗതരാകുമ്പോൾ സിറിയയുടെ കിഴക്കുള്ള ഒരു വെള്ള മിനാരത്തിലായിരിക്കും ഇറങ്ങുക എന്നാണ്. സിറിയയുടെ കിഴക്ക് ഒരു മസ്ജിദുണ്ട്. അതിന്റെ മിനാരത്തിലാണ് അദ്ദേഹം ഇറങ്ങുക എന്നാണ് അനഹ്മദികൾ പറയുന്നത്. എന്നാൽ, നമ്മുടെ വാഗ്ദത്ത മസീഹ് (അ)ന്റെ ജനന ശേഷമല്ലെ ഖാദിയാനിൽ മിനാരം പണി കഴിപ്പിച്ചത്?

ഹുദൂർ പറഞ്ഞു: മസീഹ് മിനാരത്തിൽ ഇറങ്ങും എന്ന് പറഞ്ഞിട്ടുള്ളത് ആലങ്കാരികമായിട്ടാണ്. മസീഹ് ദമിശ്ഖിന്റെ കിഴക്ക് ഇറങ്ങും എന്ന് പറഞ്ഞത് ഒരു മാതൃക എന്ന നിലയിലാണ്. നിങ്ങൾ ഭൂപടത്തിൽ നോക്കുക. ഖാദിയാനും പഞ്ചാബും ദമിശ്ഖിന്റെ കിഴക്കെ ദിശയിലാണുള്ളത്. ഇനി ഖാദിയാനിലുള്ള മിനാരത്തിന്റെ കാര്യം. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്, മിനാരം എന്നത് മസീഹിന്റെ അടയാളമായിട്ടാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ പ്രത്യക്ഷമായ നിലയിൽ ഞാനൊരു മിനാരം പണി കഴിപ്പിക്കുകയാണ്. തന്റെ ആഗമനത്തിന്റെ തെളിവായിരിക്കുന്നതിനുവേണ്ടിയാണ് ഈ മിനാരം പണി കഴിപ്പിക്കുന്നത് എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിത കാലത്ത് ആ മിനാരം പണി കഴിഞ്ഞിരുന്നുമില്ല. ഏതാനും അടി മാത്രമായിരുന്നു പൂർത്തിയായിരുന്നത്. രണ്ടാം ഖിലാഫത്ത് കാലത്താണ് ഇത് പൂർത്തിയായത്. ചുരുക്കത്തിൽ എല്ലാ ഹദീഥുകൾക്കും വ്യാഖ്യാനമുണ്ട്. ഇപ്പോൾ ഒരു ഖാദിം ഹദീഖത്തുസ്സ്വാലിഹീനിൽ നിന്ന് ഹദീഥ് വായിച്ച് അതിന്റെ വ്യാഖ്യാനം പറഞ്ഞതുപോലെ ഈ ഹദീഥിന്റെ വ്യാഖ്യാനവും അതേ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. വളരെ വലിയ വിശദീകരണമാണ്. അത് വായിക്കുക. നിങ്ങൾക്ക് എല്ലാം വ്യക്തമാകുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ സെക്രട്ടറി വഖ്ഫെ നൗവിനോട് പറയുക. അദ്ദേഹം ആ ഹദീഥ് എടുത്ത് നിങ്ങൾക്ക് തരുന്നതായിരിക്കും.

☆ഒരു വാഖിഫെ നൗ ചോദിച്ചു: വിശുദ്ധഖുർആനിലെ വചനങ്ങൾ എല്ലാ കാലഘട്ടത്തിലേക്കും വേണ്ടിയുള്ളതാണെന്ന് ഹുദൂർ തിരുമനസ് ഇപ്പോൾ പറയുകയുണ്ടായി. പാക്കിസ്താനിലുള്ള മൗലവിമാർ പാക്കിസ്താനിൽ നിന്ന് അഹ്മദിയ്യത്തിനെ ഒരു ജമാഅത്ത് എന്ന നിലയിൽ ഇല്ലാതാക്കുന്നതിനായി നമ്മുടെമേൽ അക്രമം ചെയ്തു കൊണ്ടിരിക്കുകയാണ്. നമ്മുടെ ആളുകളെ തടവുകാരാക്കുന്നു, നമ്മുടെ ആളുകളെ ശഹീദാക്കുന്നു. അപ്പോൾ ഈ വചനങ്ങളുടെ വെളിച്ചത്തിൽ ഞങ്ങൾക്കുള്ള കല്പന എന്താണ്?

ഹുദൂർ പറഞ്ഞു: ഏതൊരു ദേശത്താണോ വസിക്കുന്നത് അവിടെ കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കരുത് എന്നതാണ് നമുക്കുള്ള വ്യക്തമായ കല്പന. കുഴപ്പങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു; *അൽ ഫിത്നത്തു അശദ്ദു മിനൽ ഖത്ലി.* അതായത് കുഴപ്പങ്ങൾ കൊലയേക്കാൾ കഠിനമാകുന്നു. പാക്കിസ്താനിൽ നമ്മുടെ ഭരണമല്ല ഉള്ളത്. നമ്മൾ ആ രാജ്യത്തിലെ പൗരന്മാരാണ്. ആ രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുന്നവരാണ്. എന്നാൽ, എവിടെയാണോ ആ നിയമങ്ങൾ ശരീഅത്ത് നിയമത്തിന് വിരുദ്ധമായി വരുന്നത് അവിടെ നമ്മൾ ആ നിയമത്തെ അംഗീകരിക്കില്ല. നിങ്ങൾ നമസ്കരിക്കുക, കലിമ ചൊല്ലുക, അസ്സലാമു അലയ്ക്കും പറയുക എന്നുള്ളത്, സ്വയം നിങ്ങൾ നിങ്ങളെ മുസ്ലിം എന്ന് പറയുന്നുവെങ്കിൽ നിങ്ങൾ മുസ്ലിംകളാണ് എന്നുള്ളത് അല്ലാഹുവിന്റെ കല്പനകളാണ്. എന്നാൽ, പാക്കിസ്താനിൽ മതത്തിന്റെ പേരിലുള്ള നിയമങ്ങൾ കാട്ടുനിയമങ്ങളാണ്. അതുകൊണ്ട് നമ്മൾ ആ നിയമത്തെ അംഗീകരിക്കുന്നില്ല. എന്നാൽ, യുദ്ധം ചെയ്യുക എന്നതല്ല നമ്മുടെ ജോലി. ആ രാജ്യത്തോട് നമുക്ക് പോരാടേണ്ടതുമില്ല. ഇതു സംബന്ധിച്ച് വിശുദ്ധഖുർആൻ പറയുന്നത്, നിങ്ങൾക്ക് അത്തരം രാജ്യത്ത് വസിക്കാൻ സാധിക്കുന്നില്ലെങ്കിൽ, നിങ്ങൾക്കുമേൽ അക്രമം ചെയ്യപ്പെടുന്നുവെങ്കിൽ നിങ്ങൾ അവിടെ നിന്ന് പാലായനം ചെയ്തു കൊള്ളു

ശേഷം പേജ് 8ൽ

# ഖുത്ബ ജുമുഅ

**ഞങ്ങൾ വിനയം കാണിക്കുന്നു, അനുരഞ്ജനത്തിനായി എല്ലാ നിബന്ധനകളും സ്വീകരിക്കുകയും ചെയ്യുന്നു. പക്ഷേ, എന്നിട്ടും എതിർകക്ഷി അക്രമത്തോടുകൂടിയാണ് പെരുമാറുന്നതെന്ന് ചിലയാളുകൾ പറയുന്നു. യഥാർഥത്തിൽ എതിർ കക്ഷി അവർ പറയുന്നതുപോലെയാണെങ്കിൽ പിന്നീട് അവർ തങ്ങളുടെ കാര്യം അല്ലാഹുവിന് വിട്ടുകൊടുക്കുക. അവർ മുറിക്കപ്പെടുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. വാശിപിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ ദുഷ്ടനാണെന്നും അവിടന്ന് പറഞ്ഞു. വാശിപിടിക്കുന്നവർക്കുള്ള വളരെ വലിയ മുന്നറിയിപ്പാണിത്.**

**ബയ്അത്തിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാതെകണ്ട് അല്ലാഹു തൃപ്തിപ്പെടുകയില്ല. അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനു വേണ്ടി അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമാനിർവഹണവും അനുരഞ്ജനവും പരിശുദ്ധിയും നിർബന്ധമാണ്.**

**സൃഷ്ടികളോടുള്ള സഹതാപവും അനുരഞ്ജനവും എന്ന പറയുന്നത് എങ്ങനെയുള്ള ഉൽകൃഷ്ട സ്വഭാവമാണെന്നാൽ അത് സ്വായത്തമാക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചു. എല്ലാ അഹ്മദികളും ഇതിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശങ്ങൾ ഉദ്ധരിച്ചുകൊണ്ട് മനുഷ്യകുലത്തിനോടുള്ള സഹതാപം, അനുരഞ്ജനം, ഉൽകൃഷ്ട സ്വഭാവങ്ങളുടെ പ്രകടനം, അല്ലാഹുവിന്റെ തൃപ്തിയെ മുന്തിക്കൽ തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള സുപ്രധാനമായി ഉപദേശങ്ങൾ**

**അവിടത്തെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് മനുഷ്യകുലത്തോടു സഹതാപം പുലർത്തുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഐക്യത്തിന് അടിത്തറ ഇടുന്നവരാകട്ടെ. തൗഹീദിന്റെ ശരിയായ ഗ്രാഹ്യം കരസ്ഥമാക്കുന്നവരാകട്ടെ. സമൂഹത്തിൽ സ്നേഹവും സന്തോഷവും വിതറുന്നവരാകട്ടെ. ഭൗതികമായ ആഗ്രഹങ്ങളെ നമ്മുടെമേൽ വലയം ചെയ്യാൻ വിടരുത്. പ്രത്യുത അല്ലാഹുവിന്റെ തൃപ്തിയുടെ അന്വേഷണത്തിൽ നമ്മൾ എപ്പോഴും ഇരിക്കുന്നവരും അതിന് മുൻഗണന നല്കുന്നവരുമായിത്തീരട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 ആഗസ്റ്റ് 18/ 1396 ളുഹൂർ 18**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ- اِهْدِنَا
الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ കശ്തിയെ നൂഹിൽ പറയുന്നു:

"നിങ്ങളിൽ പരിപൂർണമായ മാറ്റമുണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും അവൻ നിങ്ങളിൽനിന്ന് ഒരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്." പറഞ്ഞു: "അതിനാൽ നിങ്ങളെത്രയുംവേഗം പരസ്പരം അനുരഞ്ജനത്തിലാകുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ തന്റെ സഹോദരനുമായി അനുരഞ്ജനത്തിനിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചുനീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു." പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടേയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക." പറയുന്നു: "ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ വണ്ണമുള്ള ഒരാൾക്ക് സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക. നിങ്ങളിൽ കൂടുതൽ പുണ്യവാൻ തന്റെ സഹോദരന്റെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നവനാണ്." (കശ്തിയെ നൂഹ് റൂഹാനീ ഖസായിൻ വാള്യം 19 പേജ് 12-13)

ഈ ഉദ്ധരണി മിക്ക പ്രസംഗങ്ങളിലും ദർസുകളിലും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാറുണ്ട്. സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക എന്ന വാക്യം മിക്ക അഹ്മദികളും സാധാരണ പറയാറുള്ളതാണ്. തങ്ങൾ ഈ ഉപദേശം സ്വീകരിച്ചു പ്രവർത്തിച്ചുവെങ്കിലും മറുകക്ഷി അപ്പോഴും തങ്ങളോടു അക്രമമപരമായിട്ടാണ് പെരുമാറുന്നതെന്നു പറഞ്ഞ് എന്നല്ല പരസ്പരമുള്ള കാര്യങ്ങളുടെ വിശദീകരണം അറിയിച്ചുകൊണ്ട് എനിക്കും എഴുതാറുണ്ട്.

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഖളായെ കുറിച്ചും കലഹങ്ങൾ സംബന്ധമായ കേസുകളെ കുറിച്ചും കുറച്ചു കാര്യങ്ങൾ പറഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അധ്യാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ വാക്കുകൾ, തന്നെ വിശ്വസിക്കുവരിൽനിന്നുള്ള പ്രതീക്ഷയുടേയും അവർക്കുവേണ്ടി തന്റെ ഹൃദയത്തിലുള്ള വേദനയുടേയും പ്രകടനമാണ്. മനുഷ്യൻ കശ്തിയെ നൂഹിലുള്ള പൂർണമായ ഭാഗം വായിക്കുമ്പോൾ വിറകൊണ്ടിരുന്നുപോകുന്നു. ഞാൻ പറഞ്ഞതുപോലെ ഈ കുറച്ചുവാക്കുകളും ആവർത്തിച്ചാവർത്തിച്ച് നമ്മുടെ മുമ്പിൽ കൊണ്ടുവരപ്പെടുന്നു. പക്ഷേ, എന്നിട്ടും നമ്മളിൽ ചിലയാളുകളുണ്ട്. അവർ മാപ്പാക്കുന്നതിനും അനുരഞ്ജനത്തിനുവേണ്ടി നീട്ടുന്ന കൈകളെ സ്വീകരിക്കുന്നതിനും തയ്യാറാകുന്നില്ല. ഞാനിപ്പോൾ പറഞ്ഞതുപോലെ 'ഞങ്ങൾ വിനയം കാണിക്കുന്നു, അനുരഞ്ജനത്തിനായി എല്ലാ നിബന്ധനകളും സ്വീകരിക്കുകയും ചെയ്യുന്നു. പക്ഷേ, എന്നിട്ടും എതിർകക്ഷി അക്രമത്തോടുകൂടിയാണ് പെരുമാറുന്നത്' എന്ന് ചിലയാളുകൾ പറയുന്നു. യഥാർഥത്തിൽ എതിർ കക്ഷി അവർ പറയുന്നതുപോലെയാണെങ്കിൽ പിന്നീട് അവർ തങ്ങളുടെ കാര്യം അല്ലാഹുവിന് വിട്ടുകൊടുക്കുക. അവർ മുറിക്കപ്പെടുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. വാശിപിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ ദുഷ്ടനാണെന്നും അവിടന്ന് പറഞ്ഞു.(കശ്തിയെ നൂഹ് റൂഹാനീ ഖസായിൻ വാള്യം 19 പേജ് 13)

വാശിപിടിക്കുന്നവർക്കുള്ള വളരെ വലിയ മുന്നറിയിപ്പാണിത്. അവർ ബോധവാന്മാരാകേണ്ടതാണ്. ഒരു ഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തുകൊണ്ട് തങ്ങൾ കലഹങ്ങൾ ഉണ്ടാക്കുകയില്ലെന്നും ശാരീരികാവേശങ്ങളിൽനിന്നും ദൂരപ്പെട്ടിരിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യുന്നു. മറുഭാഗത്ത് ഐക്യപ്പെടുന്നതിൽനിന്ന് പിന്മാറുന്നു. അപ്പോൾ അത് ബയ്അത്ത് പ്രതിജ്ഞയിൽനിന്നുള്ള അകൽച്ചയാണ്. ബയ്അത്തിന്റെ പ്രതിജ്ഞാപാലനമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറഞ്ഞു:'നമ്മുടെ ജമാഅത്ത് വെറും വാക്കുകളിൽ നിലകൊള്ളാൻ പാടില്ല.' വാക്കുകൾകൊണ്ടുമാത്രം നിങ്ങളെ അഹ്മദിയാണെന്ന് സ്ഥാപിച്ചുകാണിക്കരുത്. പറഞ്ഞു: 'എന്നല്ല ബയ്അത്തിന്റെ യഥാർഥ ഉദ്ദേശ്യത്തെ പൂർത്തീകരിക്കുന്നതായിരിക്കണം.' അവിടന്ന് പറഞ്ഞു: 'ആന്തരികമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. വെറും മസ്അലകൾകൊണ്ട് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല." അവിടന്ന് പറയുന്നു: 'ആന്തരികമായി മാറ്റമില്ലെങ്കിൽ നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ല.' (മൽഫൂദാത്ത് വാള്യം 8 പേജ് 188 1985 ലണ്ടൻ പതിപ്പ്)

ബയ്അത്തിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാതെകണ്ട് അല്ലാഹു തൃപ്തിപ്പെടുകയില്ലെന്ന് അവിടന്ന് വളരെ വ്യക്തമായും പറഞ്ഞു. അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമാനിർവഹണവും രഞ്ജിപ്പും പരിശുദ്ധിയും നിർബന്ധമാണ്.

അവിടന്ന് തന്റെ അവസ്ഥ വരച്ചുകാണിച്ചുകൊണ്ടും തന്നിൽ എത്രമാത്രം സഹിഷ്ണുതയും

മാപ്പുകൊടുക്കുന്നതിനുള്ള ശക്തിയും ഉണ്ടെന്ന് പ്രകടിപ്പിച്ചുകൊണ്ടും പറയുന്നു:'ഞാൻ സത്യം ചെയ്തുകൊണ്ടു പറയുന്നു, ആരെങ്കിലും എന്നെ ദജ്ജാലെന്നും കദ്ദാബെന്നും ആയിരംതവണ പറഞ്ഞിട്ടുണ്ടെങ്കിലും എന്നെ എതിർക്കുന്നതിന് എല്ലാവിധത്തിലും ശ്രമിച്ചിട്ടുണ്ടെങ്കിലും അയാൾ സന്ധി ആഗ്രഹിക്കുകയാണെങ്കിൽ അയാൾ എന്നെ കുറിച്ച് എന്തുപറഞ്ഞു, എന്നോടു എങ്ങനെ പെരുമാറി എന്ന വിചാരമോ ചിന്തയോ എന്റെ മനസ്സിലുണ്ടാകുകയോ അങ്ങനെയൊരു ചിന്ത വരികയോ സാധ്യമേയല്ല.' പിന്നീടു അവിടന്ന് നമ്മെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'രണ്ടുകാര്യങ്ങൾ ഓർമവയ്ക്കണം എന്നതാണ് എന്റെ ഉപദേശം. ഒന്ന് അല്ലാഹുവിനെ ഭയപ്പെടുക. രണ്ട് സ്വന്തം ആത്മാവിനോടു കാണിക്കുന്നതുപോലെ നിങ്ങളുടെ സഹോദരങ്ങളോടു സഹതാപം കാണിക്കുക.' മറ്റുള്ളവർ നിങ്ങളോടു സഹതാപം കാണിക്കുകയും നല്ലരീതിയിൽ പെരുമാറുകയും ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുകയും മോഹിക്കുകയും ചെയ്യുന്നതുപോലെ നിങ്ങളുടെ സഹോദരങ്ങളോട് നിങ്ങളും കാണിക്കുക.' പറഞ്ഞു: ആരിലെങ്കിലുംനിന്ന് തെറ്റോ കുറ്റമോ ഉണ്ടായാൽ അവന് മാപ്പുകൊടുക്കേണ്ടതാണ്. അല്ലാതെ അവനിൽ കൂടുതൽ സമ്മർദം ഉണ്ടാക്കുകയോ പകയുടെ ശീലമുണ്ടാക്കുകയോ ചെയ്യുക എന്നതല്ല.'(മൽഫൂദാത്ത് വാള്യം 9 പേജ് 74 1985 ലണ്ടൻ പതിപ്പ്)

നമ്മൾ എപ്പോഴും ഇക്കാര്യം ഓർമവയ്ക്കേണ്ടതാണ്. എപ്പോഴും എല്ലായിടത്തും കലഹങ്ങളും കുഴപ്പങ്ങളും നടമാടുന്ന അവസ്ഥയുള്ള ഇക്കാലത്ത് നമ്മൾ നമ്മളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നുകൊണ്ട് ഒരു കോട്ടയിൽ വന്നതായിട്ടാണ് മനസ്സിലാക്കുന്നത്. അല്ലാഹു നമ്മെ ലോകത്തിലെ പൊതുവായിട്ടുള്ള കുഴപ്പങ്ങളുടെ അവസ്ഥയിൽനിന്ന് സുരക്ഷിതരാക്കി വെച്ചിരിക്കുന്ന കാരണത്താൽ അവന് നന്ദി പറയുകയും ചെയ്യുന്നു. യഥാർഥത്തിൽ നമ്മൾ സുരക്ഷിതരാകുന്നത് മറ്റുള്ളവരുമായുള്ള കാര്യങ്ങൾ വരുമ്പോൾ ശാന്തമായി പെരുമാറുകയും അനുരഞ്ജത്തിന് അടിത്തറ ഇടുകയും ചെയ്യുമ്പോഴാണ്. ഇല്ലെങ്കിൽ നമ്മുടെ കാര്യങ്ങൾ വെറും വാക്കുകളുടെ പരിധിയിൽമാത്രം നിലച്ചുപോകുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നിട്ടു നമുക്ക് നേട്ടമുണ്ടായി എന്നത് വെറും വാദം മാത്രമാണോ. ഇങ്ങനെ നമുക്കു വാദിക്കാവുന്നതാണ്. പക്ഷേ, യാഥാർഥ്യം ആയിക്കൊള്ളണമെന്നില്ല. നേട്ടമുണ്ടാകുന്നത് ഉന്നതമായ എല്ലാ സ്വഭാവങ്ങളുടേയും തിളക്കം നമ്മിൽ കാണിച്ചുകൊണ്ടിരിക്കുമ്പോഴയായിരിക്കും. സൃഷ്ടികളോടുള്ള സഹതാപവും സന്ധിചെയ്യലും എങ്ങനെയുള്ള ധാർമികഗുണമാണെന്നാൽ അത് സ്വായത്തമാക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചിട്ടുള്ളതാണ്. അതുകൊണ്ട് എല്ലാ അഹ്മദികളും അതിൽ വളരെ അധികം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റുചില ഉദ്ധരണികളുമുണ്ട്. തന്റെ വിവിധ ഗ്രന്ഥങ്ങളിലും മൽഫൂദാത്തുകളിലും അവിടന്ന് ആവർത്തിച്ചാവർത്തിച്ച് ഇത് ചർച്ച ചെയ്തിട്ടുണ്ട്.

ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു, എതിരാളിയെ മലർത്തി അടിക്കുന്നവനല്ല യഥാർഥ ഫയൽമാൻ. യഥാർഥ ഫയൽമാൻ ദ്വേഷത്തിന്റെ നേരത്ത് സ്വയം നിയന്ത്രിക്കുന്നവനാണ്.(സ്വഹീഹ് ബുഖാരി കിതാബുൽ അദബ് ഹദീഥ് 6114)

ഇപ്രകാരമുള്ള ഉന്നതമായ സ്വഭാവം കാഴ്ചവയ്ക്കുക എന്നത് ഒരു മുഅ്മിന്റെ മഹിമാവിലാസമാണ്. ദ്വേഷത്തിന്റെ അവസ്ഥയിൽ തങ്ങളുടെ മേൽ നിയന്ത്രണമുണ്ടായിരിക്കേണ്ടതാണ്.' ഒരിക്കലും ഒരു അവിശ്വാസിക്കും ഇക്കാര്യമനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുകയില്ല. മറിച്ച്, അവന് ഇത് അത്ഭുതകരമായ കാര്യമായിരിക്കും. ഹദ്റത്ത് അലി(റ)ന്റെ സംഭവം വരുന്നുണ്ട്. അദ്ദേഹം തന്റെ ശത്രുവിനെ കീഴ്പ്പെടുത്തുകയും അയാളുടമേൽ കയറി ഇരിക്കുകയും അയാളെ കൊല്ലാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അയാൾ അദ്ദേഹത്തിന്റെ മുഖത്ത് തുപ്പി. പെട്ടെന്ന് അലി (റ) അവിടെനിന്ന് മാറി. ഇത്തരം സ്ഥിതിയിൽ നിങ്ങൾ എന്തിനാണ് എന്നെ ഒഴിവാക്കിയതെന്ന് അയാൾ ഹദ്റത്ത് അലിയോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: അതിന് കാരണം താങ്കൾ ഇസ്ലാമിന്റെ ശത്രുവായ കാരണത്താലാണ് ഞാൻ കൊല്ലാൻ ഒരുങ്ങിയത്. താങ്കൾ എന്റെ മുഖത്ത് തുപ്പിയപ്പോൾ എന്റെ സ്വാർഥത അതിൽ പങ്കാളിയായി. എന്റെ ആത്മാവിനുവേണ്ടി ഞാൻ ആരെയും കൊല്ലാൻ ആഗ്രഹിക്കുന്നില്ല. ഇതാണ് സൽസ്വഭാവത്തിന്റെ ഉന്നതമായ നിലവാരം. അതാണ് നമ്മൾ ചരിത്രത്തിൽ കാണുന്നത്. അതാണ് നമ്മുടെ മഹാത്മാക്കൾ സമർപ്പിച്ചിട്ടുള്ളത്. (അൽഫഖ്രി ഉസൂലുൽ രിയാസത്തി ഔർ താരീഖുൽമുലൂക് ഗ്രന്ഥകർത്താ മുഹമ്മദ് അലി ഇബ്നു അലി പരിഭാഷ മൗലാനാ മുഹമ്മദു ജഅ്ഫർ ശാഹ് ഫൽവാരിവി പേജ് 68 ഥഖാഫത്തെ ഇസ്ലാമിയ്യ പ്രസ്, ലാഹോർ 2007)

അതുകൊണ്ട് സത്യവിശ്വാസിയുടെ മഹിമാവിലാസം എന്നു പറയുന്നത് ദ്വേഷത്തെ അമർത്തുകയും അനുരഞ്ജനത്തിലേക്ക് തിരിയുകയും ചെയ്യുക എന്നതാണ്. പക്ഷേ, കാഫിറിന് ഒരിക്കലും ഇത് ചിന്തിക്കാൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിലുണ്ടാക്കാൻ ആഗ്രഹിക്കുന്ന സത്യവിശ്വാസപരമായ മഹിമാവിലാസമാണിത്. നമ്മുടെ ഓരോ കർമങ്ങളിൽനിന്നും ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനം വെളിപ്പെടണം. അത് മാപ്പ് കൊടുക്കലും വിട്ടുവീഴ്ച ചെയ്യലും അനുരഞ്ജനം പ്രചരിപ്പിക്കലുമാണ്.

ഒരു അവസരത്തിൽ തന്റെ ഒരു മജ്ലിസിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നമ്മുടെ ജമാഅത്തിൽ അതിബലവാന്മാരേയും ഫയൽമാന്മാരുടെ കരുത്തുള്ളവരേയുമല്ല ആവശ്യമുള്ളത്'. ഫയൽമാന്മാരും അതിബലവാന്മാരും ആയിട്ടുള്ളവരെ നമുക്ക് വേണ്ട. 'മറിച്ച് ധാർമികമായ സ്വഭാവങ്ങളുടെ മാറ്റത്തിനുവേണ്ടി പരിശ്രമിക്കുന്ന ശക്തിയുൾക്കൊള്ളുന്നവരേയാണ് ആവശ്യം. മലയെ അതിന്റെ സ്ഥാനത്തുനിന്ന് മാറ്റുന്നവനല്ല അതിബലവാനും അതിശക്തനും. മറിച്ച് സൽസ്വഭാവ പരിവർത്തനത്തിന് കഴിവുള്ളവനാണ് യഥാർഥ ബലവാൻ." അവൻ തന്നെ നിയന്ത്രിച്ചു നിറുത്തുന്നു. സൽസ്വഭാവത്തെ സ്വായത്തമാക്കാനുള്ള ശക്തി ഉൾക്കൊള്ളുന്നു. പറഞ്ഞു: 'അതുകൊണ്ട് ഓർമിക്കുക. മുഴുവൻ മനഃശക്തിയും കഴിവും സ്വഭാവമാറ്റത്തിനായി ചെലവഴിക്കുക. എന്തുകൊണ്ടെന്നാൽ ഇതാണ് യഥാർഥ ശക്തിയും വീരത്വവും.'(മൽഫൂദാത്ത് വാള്യം 1 പേജ് 140 1985 ലണ്ടൻ പതിപ്പ്) അതുകൊണ്ട് നമ്മുടെ ഉദ്ദേശ്യം ഇതായിരിക്കേണ്ടതാണ്.

ഒരു അവസരത്തിൽ ഒരു മജ്ലിസിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എല്ലാ ഓരോ വ്യക്തിയും തന്റെ ദുഃസ്വഭാവങ്ങളേയും നിന്ദ്യമായ ശീലങ്ങളേയും ഉപേക്ഷിച്ച് സൽസ്വഭാവങ്ങൾ എടുക്കുന്നതുതന്നെയാണ് അവന്റെ കറാമത്തെന്ന് ഞാൻ മനസ്സിലാക്കുന്നു.' ചീത്ത സ്വഭാവങ്ങളും ദുശ്ശീലങ്ങളും ഉപേക്ഷിക്കുകയും, സൽസ്വഭാവങ്ങളും സൽശീലങ്ങളും കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പറയുന്നു: 'അവന് അതുതന്നെയാണ് കറാമത്ത്.' ഈ മാറ്റമുണ്ടാകുക, ഉൽകൃഷ്ടമായ സ്വഭാവങ്ങൾ കരസ്ഥമാക്കുക എന്നത് അവനൊരു മുഅ്ജിസത്താണ്. ഒരു കറാമത്താണ്. ബയ്അത്ത് ചെയ്തിട്ട് എന്ത് കറാമത്തുണ്ടായി, എന്തു കറാമത്തു കാണിച്ചുവെന്ന് ആളുകൾ ചോദിക്കുന്നു. ബയ്അത്തിൽ വന്നതിന്റെ കറാമത്ത് ഉൽകൃഷ്ട സ്വഭാവങ്ങൾ സ്വായത്തമാക്കുകയും ചീത്തക്കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്തു എന്നതാണ്. പറഞ്ഞു, 'ഉദാഹരണത്തിന് വളരെ അധികം പരുഷസ്വഭാവിയും ക്ഷിപ്രകോപിയുമായവൻ ആ ചീത്ത ശീലങ്ങളും ഉപേക്ഷിക്കുകയും സഹനശീലവും ക്ഷമാഗുണവും സ്വീകരിക്കുകയും ചെയ്യുന്നു. പിശുക്കിനെ ഉപേക്ഷിച്ച് ധർമ്മനിഷ്ഠയും അസൂയയ്ക്കു പകരം സഹതാപവും കരസ്ഥമാക്കുന്നു. അപ്പോൾ ഇത് കറാമത്താണെന്നതിന് സംശയമില്ല. തിന്മകളെ ഉപേക്ഷിക്കുക. സൽസ്വഭാവങ്ങൾ സ്വീകരിക്കുക. ദ്വേഷം ഉപേക്ഷിക്കുക, ക്ഷമാഗുണത്തിന്റേയും സൗമ്യതയുടേയും ശീലമുണ്ടാക്കുക. പിശുക്കിനെ ഉപേക്ഷിക്കുക ധർമ്മനിഷ്ഠ പാലിക്കുക. അസൂയയ്ക്ക് പകരം മറ്റുള്ളവരോട് സഹതാപവികാരങ്ങൾ കാണിക്കുക. പറയുന്നു 'ഇതൊരു കറാമത്താണ്. ഇതൊരു വിപ്ലവമാണ്. ഇത് നിങ്ങളുടെ ഉള്ളിൽ ഉണ്ടായിക്കഴിഞ്ഞു. പറഞ്ഞു: 'ഇപ്രകാരംതന്നെ ബുദ്ധിമുട്ടിക്കലും സ്വാർഥതയും ഉപേക്ഷിച്ച് എളിമയും വിനയവും കൈക്കൊള്ളുമ്പോൾ ഈ എളിമ തന്നെയാണ് കറാമത്ത്. കറാമത്തുകാരൻ ആകാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും ആഗ്രഹിക്കുമോ?' പറഞ്ഞു: 'എല്ലാവരും ഇതുതന്നെയാണ് ആഗ്രഹിക്കുന്നതെന്ന് എനിക്കറിയാം. അതേ! ഇതൊരു അനശ്വരവും ജീവസുറ്റതുമായ കറാമത്താണ്.' എന്നെന്നും നിലനില്ക്കുന്നതായ എന്തെങ്കിലും കറാമത്തുണ്ടെങ്കിൽ ഇതുതന്നെയാണ് കറാമത്ത്, ഇതുതന്നെയാണ് മുഅ്ജിസത്ത്. ഈ വിപ്ലവമാണ് നിങ്ങൾ നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കേണ്ടത്. തിന്മകളെ ഉപേക്ഷിച്ച്, ദുസ്വഭാവങ്ങൾ ഉപേക്ഷിച്ച് ഉൽകൃഷ്ടമായ സ്വഭാവങ്ങൾ കൈക്കൊള്ളുക.' പറഞ്ഞു: 'മനുഷ്യൻ അവന്റെ ധാർമികാവസ്ഥ ശരിയാക്കേണ്ടതാണ്. ഇതെങ്ങനെയുള്ള കറാമത്താണെന്നാൽ ഇതിന്റെ സ്വാധീനഫലം ഒരിക്കലും മങ്ങിപ്പോകുകയില്ല. പ്രത്യുത അതിന്റെ ഫലം ദൂരദൂരവരെ എത്തുന്നു. മുഅ്മിൻ സൃഷ്ടിയുടേയും സ്രഷ്ടാവിന്റേയും മുമ്പിൽ കറാമത്തുകാരനാകേണ്ടതാണ്." പറയുന്നു: ധാരാളം മദ്യപാനികളേയും സുഖലോലുപരേയും കാണാൻ കഴിഞ്ഞിട്ടുണ്ട്. അവർ ഏതെങ്കിലും അമാനുഷികമായ അത്ഭുതങ്ങൾകണ്ട് വിശ്വസിക്കുന്നവരായില്ല. പക്ഷേ, ധാർമികമായ അവസ്ഥകണ്ട് അവരും തലകുനിച്ചു, വിശ്വസിച്ചു. 'സമ്മതിക്കുന്നതിനും വിശ്വസിക്കുന്നതിനും പകരം മറ്റുവഴി കിട്ടിയില്ല.' പറയുന്നു:'ഒരുപാടാളുകളുടെ ജീവിതചരിത്രത്തിൽ അവർ സ്വഭാവപരമായ കറാമത്തു കണ്ടുകൊണ്ടാണ് ദീൻ സ്വീകരിച്ചതെന്ന് കാണാം.(മൽഫൂദാത്ത് വാള്യം 1 പേജ് 141-142 1985 ലണ്ടൻ പതിപ്പ്).

അവിടന്ന് ഇക്കാര്യം വിശദീകരിച്ചുകൊണ്ടിരിക്കുമ്പോൾ ആ മഹാത്മാവിൽനിന്ന് ഇതിന്റെ കർമപരമായ ഒരു പ്രകടനവും ഉണ്ടായി. മുമ്പേയും ഞാൻ ഈ സംഭവം പറഞ്ഞിട്ടുള്ളതാണ്. ആ നേരത്ത് രണ്ടു സിക്കുകാർ വന്നു. അവർ മജ്ലിസിൽ ഇരുന്ന് വ്യർഥമായ കാര്യങ്ങൾ പറയാൻ തുടങ്ങി. ചീത്ത വിളിക്കാനും അനാവശ്യങ്ങൾ പുലമ്പാനും തുടങ്ങി. അദ്ദേഹത്തിന്റെ മജ്ലിസിൽ സംസാരിച്ചുകൊണ്ടിരുന്നു. അവിടന്ന് ഒന്നുംതന്നെ പറഞ്ഞില്ല. നിശബ്ദമായിരുന്നു കേട്ടു. ഉൽകൃഷ്ട സ്വഭാവത്തിന്റെ ഏതുരീതിയിലുള്ള പ്രകടനമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്നതെന്ന വികാരമായിരുന്നു എല്ലാവർക്കും ഉണ്ടായിരുന്നത്. വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥലമായിരുന്നു. അവിടത്തെ മജ്ലിസായിരുന്നു. അഹ്മദികളായിരുന്നു അവിടെ ഉണ്ടായിരുന്നത്. പക്ഷേ, അവരോടു എന്തെങ്കിലും പറയാൻ അവിടന്ന് ആരേയും അനുവദിച്ചില്ല. അവർ അവ

രുടെ വായിൽവന്നതെല്ലാം പറഞ്ഞു. ചീത്ത പറഞ്ഞു. പിന്നീടു പോലീസുവന്ന് അവരെ പിടിച്ചു.'(മൽഫൂദാത്ത് വാല്യം 1 പേജ് 14 1985 ലണ്ടൻ പതിപ്പ്.)

തന്റെ ഉൽകൃഷ്ടമായ സ്വഭാവത്തിന്റെ പ്രകടനമായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിക്കുന്നവർക്കു കാണിച്ചു കൊടുത്തത്. മനുഷ്യന്റെ ഉള്ളിൽനിന്ന് ശരീരേച്ഛയുടെ കീടം പുറത്തു പോകുന്നില്ലെങ്കിൽ അവന് തൗഹീദിലും ഈമാനില്ല.

ഹദ്റത്ത്മസീഹ്മൗഊദ്(അ) പറയുന്നു:'അല്ലാഹുവിന്റെ ഫള്ൽ കൂടാതെ ഈ കീടങ്ങൾ ഉള്ളിൽനിന്ന് പുറത്തു പോകുകയില്ലെന്നതാണ് യഥാർഥകാര്യം. അതായത് ശാരീരികേച്ഛയുടെ കീടങ്ങൾ!. അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ൽ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്.' പറയുന്നു: 'ഇത് അതിസൂക്ഷ്മമായ കീടങ്ങളാണ്. ഏറ്റവുമധികം ഉപദ്രവവും നഷ്ടവും അവയുടേതുതന്നെയാണ്. ശാരീരികമായ വികാരങ്ങളിൽ ആകർഷിതരായി അല്ലാഹുവിനോടുള്ള കടമകളിൽനിന്നും പരിധികളിൽനിന്നും പുറത്തുപോകുന്നവരും ഇപ്രകാരംതന്നെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കാത്തവരും-അവർ എഴുത്തും വായനയും അറിയാത്തവരല്ല മറിച്ച് അവരിൽ ആയിരക്കണക്കിന് മൗലവി ഫാളിൽകാരേയും ആലിമീംകളേയും കാണാം, അവർ ഫഖീഹെന്നും സ്വൂഫിയെന്നും പറയപ്പെടുന്നവരുമാണ്-എന്നാൽ, ഇക്കാര്യങ്ങളൊക്കെ ഉണ്ടെങ്കിലും അവരും ഈ രോഗങ്ങളിൽ അകപ്പെട്ടവരായി കാണുന്നതാണ്.' അല്ലാഹുവിനോടുള്ള കടമയും മനുഷ്യരോടുള്ള കടമയും നിറവേറ്റാതിരിക്കുന്നതും അവസരം കിട്ടുമ്പോൾ ജനങ്ങളുടെ അവകാശം പിടിച്ചെടുക്കാൻ ശ്രമിക്കുന്നതും വെറും ജാഹിലീംകളുടെ ജോലിയല്ല. പ്രത്യുത അവിടന്ന് പറഞ്ഞു, വിദ്യാസമ്പന്നരായ ധാരാളമാളുകൾ അത്തരക്കാരായിട്ടുണ്ട്. എന്നല്ല ഉലമാക്കളും ആലിമായിട്ടുള്ളവരും അതിനെക്കാളുപരി ദീനിനെ കുറിച്ച് അറിയുന്നവരും പൊതുലോകത്ത് വലിയ ഫഖീഹെന്നും സ്വൂഫീ എന്നും പറയപ്പെടുന്നവരും പുണ്യാത്മാക്കളാണെന്ന് ധരിക്കപ്പെടുന്നവരും ഈ രോഗത്തിൽപ്പെട്ടവരാണ്; അവസരം കിട്ടുമ്പോൾ അവരെല്ലാം മറന്നുപോകുന്നു. അവർക്ക് പിന്നെ അല്ലാഹുവിനേയോ മനുഷ്യരോടുള്ള കടമയോ ഉൽകൃഷ്ടമായ സ്വഭാവമോ ഒന്നും ഓർമവരികയില്ല.

പറഞ്ഞു: ഈ ബിംബങ്ങളിൽനിന്ന് അകന്നു നില്ക്കുക എന്നതുതന്നെ ധീരതയാണ്. അവയെ തിരിച്ചറിയുക എന്നതുതന്നെ ബുദ്ധികൂർമതയാണ്. ഈ ബിംബങ്ങൾ കാരണത്താലാണ് പരസ്പരം കപടതയുണ്ടാകുന്നത്. ആയിരക്കണക്കിന് കൊലകൾ നടക്കുന്നത്. സഹോദരൻ സഹോദരന്റെ അവകാശം പിടിച്ചെടുക്കുന്നത്. ഇപ്രകാരം ആയിരക്കണക്കിന് തിന്മകൾ അവർ കാരണത്താൽ ഉണ്ടാകുന്നു.' പറയുന്നു: എല്ലാ ദിവസവും എല്ലാ നിമിഷവും ഇതുണ്ടാകുന്നു. കാര്യഹേതുക്കളിൽ എത്രമാത്രം വിശ്വാസമർപിക്കുന്നുവെന്നാൽ അല്ലാഹുവിനെ കേവലം ഉപയോഗശൂന്യമായ ഒരു അവയവമായിട്ടാണ് നിശ്ചയിച്ചുവെച്ചിട്ടുള്ളത്. വളരെ കുറച്ചാളുകൾ മാത്രമേ തൗഹീദിന്റെ യഥാർഥ പൊരുൾ അറിയുന്നവരായിട്ടുള്ളു. ഇനി അവരോടു പറയുകയാണെങ്കിലോ, തങ്ങൾ മുസ്ലീംകളല്ലേ? കലിമ ചൊല്ലുന്നവരല്ലേ? എന്ന് ഉടനെ ചോദിക്കുന്നതാണ്. എന്നാൽ, അഹോ കഷ്ടം! വായകൊണ്ട് കലിമ ചൊല്ലുന്നത് മതിയായതാണെന്ന് അവർ മനസ്സിലാക്കിയിരിക്കുകയാണ്.' തൗഹീദിന്റെ യഥാർഥമായ ഉദ്ദേശ്യവും പൊരുളും മനസ്സിലാക്കിയില്ല. ലാ ഇലാഹ ഇല്ലല്ലാഹ് ചൊല്ലുന്നത് മാത്രം മതിയെന്ന് അവർ മനസ്സിലാക്കി.

അവിടന്ന് പറയുന്നു: "ഞാൻ തീർച്ചയായും പറയുന്നു, മനുഷ്യൻ പരിശുദ്ധ കലിമയുടെ യാഥാർഥ്യം അറിയുന്നവനാകുകയും കർമപരമായി അതിൽ നിലകൊള്ളുകയും ആണെങ്കിൽ അവന് വളരെ അഭിവൃദ്ധിപ്പെടാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ അത്ഭുതങ്ങളിൽ അത്ഭുതങ്ങളായ ശക്തിപ്രഭാവങ്ങൾ ദർശിക്കാൻ സാധിക്കുന്നതാണ്." പറയുന്നു:"ഇക്കാര്യം നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക. ഞാൻ ഈ സ്ഥലത്തു നിൽക്കുന്നു. ഞാൻ നിസാരമായ ഉപദേശത്തിനായിട്ടല്ല നിൽക്കുന്നത്. എന്തെങ്കിലും കഥ കേൾപിക്കാനുമല്ല നില്ക്കുന്നത്. ഞാൻ ശഹാദത്തിന്റെ നിർവഹണത്തിനുവേണ്ടിയാണ് നിൽക്കുന്നത്. അല്ലാഹു നൽകിയിട്ടുള്ള സന്ദേശം എനിക്കെത്തിക്കേണ്ടതായിട്ടുണ്ട്." ഇക്കാര്യം ആരെങ്കിലും കേൾക്കുന്നുണ്ടോ ഇല്ലെ എന്നതും വിശ്വസിക്കുന്നുണ്ടോ ഇല്ലേ എന്നതും എനിക്ക് പ്രശ്നമല്ല. അതിന് മറുപടി നിങ്ങൾ സ്വയം നല്കുന്നതായിരിക്കും. ഞാൻ നിർബന്ധ കടമ നിർവേറ്റേണ്ടതാണ്. ധാരാളമാളുകൾ എന്റെ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നത് എനിക്കറിയാം. അവർ തൗഹീദ് ഏറ്റുപറയുകയും ചെയ്യുന്നുണ്ട്. എന്നാൽ, അവർ വിശ്വസിക്കുന്നില്ല എന്ന് ഞാൻ വിഷമത്തോടെ പറയുകയാണ്. ആരാണോ തന്റെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്നത്, അല്ലെങ്കിൽ വഞ്ചിക്കുന്നത് അല്ലെങ്കിൽ മറ്റു തരത്തിലുള്ള തിന്മകളിൽനിന്ന് പിന്മാറാത്തത് അവൻ തൗഹീദിൽ വിശ്വസിക്കുന്നവനാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല." പറയുന്നു: "അല്ലാഹുവിനെ ഏകനായി വിശ്വസക്കുന്നതിന് അവന്റെ സൃഷ്ടികളുടെ അവകാശം തട്ടിയെടുക്കാതിരിക്കേണ്ടത് നിർബന്ധമാണ്. ആരാണോ തന്റെ സഹോദരന്റെ അവകാശം നശിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നത് അവൻ ലാ ഇലാഹ ഇല്ലല്ലാഹിൽ വിശ്വസിക്കുന്നില്ല. ലാ ഇലാഹ ഇല്ലല്ലാഹിൽ വിശ്വസിക്കുക എന്നത് അല്ലെങ്കിൽ തൗഹീദിനെ അംഗീകരിക്കുന്നവൻ മനുഷ്യരുടെ അവകാശങ്ങളും തട്ടിയെടുക്കുകയില്ല." പറഞ്ഞു: "കാരണം ഇത് എങ്ങനെയുള്ള നിഅ്മത്താണെന്നാൽ, അത് പ്രാപിച്ചുടനെതന്നെ മനുഷ്യനിൽ അത്ഭുതകരമായൊരു മാറ്റം ഉണ്ടാകുന്നു.' ലാ ഇലാഹ ഇല്ലല്ലായുടെ പൊരുൾ മനസ്സിലാക്കിയാൽ അസാധാരണമായൊരുമാറ്റം നിങ്ങളുടെ ഉള്ളിൽ ഉണ്ടാവേണ്ടതാണ്. പറഞ്ഞു: അവനിൽ ആന്തരിക വിരോധം, പക, അസൂയ, പ്രദർശനപരത തുടങ്ങിയ ബിംബങ്ങൾ ഒന്നും അവശേഷിക്കുകയില്ല. അല്ലാഹുവുമായി അവന് അടുപ്പമുണ്ടാകുന്നു. ഈ മാറ്റമുണ്ടാകുന്നത് സത്യാവാനായ ഏകദൈവവിശ്വാസിയാകുകയും അഹങ്കാരം, സ്വാർഥത, പ്രദർശനപരത, പക, വിദ്വേഷം, അസൂയ, പിശുക്ക്, കപടത, വാഗ്ദാനം പാലിക്കാതിരിക്കൽ തുടങ്ങിയ ആന്തരികമായ ബിംബങ്ങൾ അകലുകയും ചെയ്യുന്ന നേരത്താണ്." യഥാർഥ ഏകദൈവവിശ്വാസിയാകണമെങ്കിൽ അഹങ്കാരം ഉപേക്ഷിക്കേണ്ടി വരും. സ്വാർഥതയും ഉപേക്ഷിക്കേണ്ടി വരും. കൃത്രിമത്വവും പ്രദർശനപരതയും ഉപേക്ഷിക്കേണ്ടി വരും. പകയും ശത്രുതയും വെച്ചു പുലർത്തുന്നതും ഉപേക്ഷിക്കേണ്ടി വരും. ആരെങ്കിലും അനുരഞ്ജനത്തിനു വരുകയും മാപ്പു ചോദിക്കുകയും ചെയ്യുമ്പോൾ അവനു മാപ്പുകൊടുക്കേണ്ടിവരും. മനസ്സുകളിൽ വിദ്വേഷം വളർത്താൻ പാടില്ല. ശത്രുത വെക്കാതിരിക്കേണ്ടതാണ്. അസൂയയും പിശുക്കും ഉപേക്ഷിക്കേണ്ടി വരും. കപടതയും പ്രതിജ്ഞാലംഘനവും ഉപേക്ഷിക്കേണ്ടി വരും. എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുകയാണെങ്കിൽ അവിടന്ന് പറഞ്ഞു, സത്യസന്ധനായ ഏകദൈവവിശ്വാസിയായിത്തീരുന്നതാണ്. അപ്പോൾ ലാ ഇലാഹ ഇല്ലല്ലായുടെ പൊരുൾ മനസ്സിലാകുന്നതാണ്. അവിടന്ന് പറയുന്നു, 'ഈ ബിംബം ഉള്ളിലിരിക്കുവോളം ലാ ഇലാഹ ഇല്ലല്ലാഹ് പറയുന്നതുകൊണ്ടുമാത്രം എങ്ങനെ സത്യവാനാകാനാണ്? കാരണം അതിൽ തവക്കുലിന്റെ നിഷേധമാണ് ഉദ്ദേശ്യം." അതിനാൽ കേവലം നാവുകൊണ്ട് താൻ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുന്നുവെന്ന് പറയുന്നത് ഒരു ഫലവും നല്കുകയില്ല. കലിമചൊല്ലുകയും സ്വഭാവത്തിനു വിരുദ്ധം എന്തെങ്കിലും നിസാരകാര്യം ഉണ്ടാകുകയും ചെയ്താലുടനെ കോപത്തേയും ദ്വേഷത്തേയും ദൈവമാക്കിത്തീർക്കുന്നു.'(മൽഫൂദാത്ത് വാല്യം 9 പേജ് 105-107 1985 ലണ്ടൻ പതിപ്പ്)

മനുഷ്യന്റെ ഉള്ളിൽനിന്ന് ശാരീരികേച്ഛയുടെ കീടം അല്ലാഹുവിന്റെ ഫള്ൽ കൂടാതെ പുറത്തുപോകുകയില്ലെന്നാണ് പറഞ്ഞതിന്റെ ചുരുക്കം. അല്ലാഹുവിന്റെ ഫള്ൽ യഥാർഥ തൗഹീദിൽ നിലകൊള്ളാതെ ലഭിക്കുകയുമില്ല. കേവലം വായകൊണ്ട് ലാ ഇലാഹ ഇല്ലല്ലാഹ് പറയുന്നതുകൊണ്ട് മനുഷ്യൻ മുവഹ്ഹിദ് അഥവാ ഏകദൈവവിശ്വാസിയാകുകയില്ല. മുവഹ്ഹിദാകുന്നതിന് അല്ലാഹുവിനെ എല്ലാ ശക്തികളുടേയും ഉടമസ്ഥനായി മനസ്സിലാക്കേണ്ടത് നിർബന്ധമാണ്. അവനെ യഥാർഥ ആരാധ്യനായി മനസ്സിലാക്കേണ്ടത് നിർബന്ധമാണ്. അല്ലാഹുവിനെ സകല ശക്തികളുടേയും ഉടമസ്ഥനും യഥാർഥ ആരാധ്യനുമായി മനസ്സിലാക്കുകയാണെങ്കിൽ ഭൗതികമായ തന്ത്രങ്ങളാലും സൂത്രങ്ങളാലും വിവിധ രീതികളാലും മനുഷ്യൻ മറ്റു മനുഷ്യരുടെ അവകാശം തട്ടിപ്പറിച്ചെടുക്കയില്ല. അതിനാൽ ആരാണോ തന്റെ സഹോദരങ്ങളോടുള്ള കടമ നിറവേറ്റാത്തത്, ആരാണോ അനുരഞ്ജനത്തിന് തയ്യാറാകാത്തത്, ആരാണോ ശത്രുതകളെ ഉന്മൂലനം ചെയ്യാത്തത് അവൻ തൗഹീദിലും വിശ്വസിക്കുന്നവനല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവരണത്തിന്റെ ചുരുക്കം അതാണ്. ഈ പോയന്റ് മനസ്സിലാക്കുകയാണെങ്കിൽ നമ്മളെല്ലാവരും അനുരഞ്ജനത്തിന് അടിത്തറ ഇടുന്നവരും മറ്റുള്ളവരോടുള്ള കടമ നിറവേറ്റുന്നവരും ആയിത്തീരുന്നതാണ്. നമ്മളിൽ ഓരോരുത്തരും ഈ വിഷയം മനസ്സിലാക്കിക്കൊണ്ട് ആത്മപരിശോധന നടത്തേണ്ട ആവശ്യമാണുള്ളത്. ഇല്ലെങ്കിൽ നമുക്ക് ചിന്തിക്കേണ്ട നിമിഷമാണിത്. വായകൊണ്ട് തൗഹീദ് ഏറ്റുപറയുന്നുണ്ട്. പക്ഷേ, കർമംകൊണ്ട് അത് നിഷേധിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ 'ഇസ്ലാമീ ഉസൂൽ കി ഫലാസഫിയിൽ' ഉപദ്രവം ഉപേക്ഷിക്കുന്നതിന്റെ തരങ്ങൾ പറയുന്നുണ്ട്. ഒരു തരം അവിടന്ന് പറഞ്ഞത് ഉപദ്രവം എങ്ങനെ ഉപേക്ഷിക്കാൻ കഴിയും എന്നതിനെ കുറിച്ചാണ്. എങ്ങനെയാണ് ചെയ്യേണ്ടത്. എങ്ങനെയാണ് ഉപേക്ഷിക്കപ്പെടുന്നത്. വിവിധ മാർഗങ്ങളിൽ ഒന്ന് ഇതാണ്: "അന്യായമായ നിലയിൽ മറ്റുള്ളവർക്ക് ദൈഹികമായി ഒരു ഉപദ്രവും ചെയ്യാതെ സൗമ്യതയോടും സമാധാനത്തോടും കൂടി ജീവിക്കുക." ഉപദ്രവം ഉപേക്ഷിക്കലിന്റെ ഒരു തരം ഇതാണ്. ആരുടെമേലും ഒരുതരത്തിലുള്ള ഉപദ്രവവും ചെയ്യരുത്. ആർക്കും നഷ്ടമുണ്ടാക്കരുത്. എന്നല്ല തികച്ചും നിരുപദ്രവകാരിയാകുക. അനുരഞ്ജനത്തിന് അടിത്തറയിടുക. ഐക്യത്തോടുകൂടി ജീവിക്കുക. പരസ്പരം സ്നേഹവും പ്രീതിയും വർധിപ്പിക്കേണ്ടതാണ്. ഇതുസംബന്ധമായി അവിടന്ന് വീണ്ടും പറയുന്നു: ഈ സൗമ്യശീലം ഉത്കൃഷ്ടമാനസികഗുണമാണെന്നുള്ളത് നിസ്സന്ദേഹമാണ്. എന്നുമാത്രമല്ല, അത് മനുഷ്യത്വത്തിന് അത്യന്താപേക്ഷിതവും അനുഗ്രഹദായകവുമായ സൽസ്വഭാവവുമാണ്. ഈ ധാർമ്മികഗുണത്തിന് അനുരൂപമായി ശിശുക്കളിൽ ഒരു അനുരഞ്ജനഭാവം പ്രകൃത്യാ തന്നെ കാണപ്പെടുന്നുവല്ലോ. ഈ സഹജസ്വഭാവത്തെ ശരിയായനിലയിൽ ക്രമീകരിക്കുന്നതുമൂലമാണ് സൗമ്യശീലമാകുന്ന ധാർമ്മികഗുണം പ്ര

ത്യക്ഷമാകുന്നത്. മനുഷ്യൻ വിവേകജ്ഞാനമില്ലാത്ത പ്രാകൃതഘട്ടത്തിൽ സൗമ്യതയുടേയോ പരാക്രമത്തിന്റേയോ തത്ത്വം ഗ്രഹിക്കാൻ പ്രാപ്തനല്ല. എന്നാൽ ഈ ഘട്ടത്തിൽ അവനിൽ ഒരു അനുരഞ്ജനശീലം കാണാം. അതുതന്നെയാണ് സൗമ്യശീലത്തിന്റേയും ശാന്തസ്വഭാവത്തിന്റേയുംമൂലം. എന്നാൽ, അത് പ്രാകൃതഘട്ടത്തിൽ വിവേകജ്ഞാനത്തോടും ആലോചനയോടും പ്രത്യേക ഉദ്ദേശ്യത്തോടുംകൂടി വെളിവാകുന്നതല്ലാത്തതിനാൽ ധാർമ്മികഗുണമായി ഗണിക്കപ്പെടുന്നതല്ല. മറിച്ച്, ഒരുവൻ ദ്രോഹരഹിതനായി ഇച്ഛാപൂർവ്വം സൗമ്യശീലത്തെ യഥാർഹം ഉപയോഗപ്പെടുത്തുകയും അസ്ഥാനത്ത് പ്രയോഗിക്കാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അത് ധാർമികഗുണമായിത്തീരുന്നത്. ഇത് വിഷയകമായി വിശുദ്ധഖുർആൻ നൽകുന്ന പാഠമിതാണ്. വ അസ്‌ലിഹൂ ദാത്ത ബയ്നിക്കും നിങ്ങൾ പരസ്പരം സൗമ്യതയോടും സമാധാനത്തോടും കൂടി വർത്തിക്കുവിൻ. (8:2) വസ്സുൽഹു ഖയ്റുൻ സമാധാനം അഥവാ മൈത്രി വളരെ നല്ലതാകുന്നു. (4:129) വ ഇൻ ജനഹൂ ലിസ്സൽമി ഫജനഹ്‌ലഹാ അവർ സമാധാനത്തിലേക്ക് ചായുന്ന പക്ഷം നിങ്ങളും അതിനെ അനുകൂലിക്കുക.(8:62) വ ഇബാദുർറഹ്മാനില്ലദീന യംശൂന അലൽ അർളി ഹൗനൻ കരുണാമയനായ ദൈവത്തിന്റെ ഭക്തദാസർ ഭൂമിയിൽ സമാധാനത്തോടും സൗമ്യതയോടുംകൂടി നടക്കുന്നവരാകുന്നു. (25:64) വ ഇദാ മർറൂ ബില്ലഗ്‌വി മർറൂ കിറാമാ അവർ നിരർഥവചനം കേട്ടാൽ അത് ശണ്ഠയ്ക്ക് കാരണമായേക്കുമെന്ന് ശങ്കിച്ച് ഗൗരവത്തോടെ കടന്നുകളയുന്നു. നിസ്സാരസംഗതിക്കായി അവർ ശണ്ഠ കൂടുകയില്ല (25:72) അതായത് അവർ സാരമായ ഉപദ്രവം നേരിട്ടല്ലാതെ എതിർക്കുന്നതിന് ഇഷ്ടപ്പെടുന്നില്ല. നിസ്സാരസംഗതികളെ ഗണ്യമാക്കാതെ പൊറുമ കാണിക്കുകയാണ് സൗമ്യശീലത്തിന്റെ തത്വം. പ്രസ്തുതവാക്യത്തിൽ നിരർഥസംഗതി അഥവാ തുച്ഛമായ കാര്യം എന്ന അർത്ഥത്തിൽ പ്രയുക്തമായ ലഗ്‌വ് ശബ്ദത്തിന് ഇവിടെ ഒരു വിവരണം അത്യാവശ്യമായിരിക്കുന്നു. ദ്രോഹോദ്ദേശ്യത്തോടുകൂടി പറയുകയോ പ്രവർത്തിക്കുകയോ ചെയ്തതാണെങ്കിലും ഉദ്ദേശിച്ചവിധം ദോഷഫലം ഉണ്ടാകാത്ത സംഗതിയേയാണ് ലഗ്‌വ് എന്നു പറയുന്നത്. അതിനാൽ അത്തരം തുച്ഛമായ ദ്രോഹോദ്യമത്തെ വകവയ്ക്കാതെ ഗൗരവത്തോടും അന്തസ്സോടുംകൂടി വർത്തിക്കുക എന്നതാണ് സൗമ്യതയുടെ ലക്ഷണം. എന്നാൽ ആ ദ്രോഹകൃത്യം നിസ്സാരമായി ഗണിക്കാൻ പാടില്ലാത്തതരത്തിൽ ജീവനോ മുതലിനോ മാനത്തിനോ നഷ്ടംവരുത്തുന്നതിന് പര്യാപ്തമായിരിക്കുമ്പോൾ കാണിക്കുന്ന പൊറുമ, സൗമ്യത എന്ന ധാർമ്മികഗുണത്തോട് അനുബന്ധിച്ചതായിരിക്കുകയില്ല. അങ്ങനെയുള്ള അപരാധം പൊറുത്തുകൊടുക്കുന്നതിന് അഫ്‌വ് അഥവാ ക്ഷമാഗുണം എന്നു പറയുന്നു. ഈ ഗുണവിശേഷത്തെക്കുറിച്ച് അന്യത്ര പ്രതിപാദിക്കുന്നതായിരിക്കും. വീണ്ടും വിശുദ്ധഖുർആൻ പറയുന്നു ഇദ്ഫഉ് ബില്ലത്തീ ഹിയ അഹ്സനു ഫഇദല്ലദീ ബയ്നക്ക വ ബയനഹൂ അദാവത്തുൻ കഅന്നഹൂ വലിയ്യുൻ ഹമീംവല്ലവരും ദുഷ്ടതയോടെ നിസ്സാരവാക്ക് പറയുന്നുവെങ്കിൽ നിങ്ങൾ നല്ലരീതിയിൽ സൗമ്യമായ മറുപടി കൊടുക്കുക. ഈ ശീലം നിമിത്തം ശത്രുതയുള്ളവൻ വാത്സല്യമുള്ള മിത്രമായിത്തീരുന്നതാണ്. (41:35)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നാവ്, ചെവി, കണ്ണ് തുടങ്ങി എല്ലാ അവയവങ്ങളിലും തഖ്‌വ പ്രവഹിച്ചുകൊണ്ടുപോകണമെന്നതാണ് ഈ ജമാഅത്തിനെ തയ്യാറാക്കിയിട്ടുള്ളതിന്റെ ഉദ്ദേശ്യം. തഖ്‌വയുടെ പ്രകാശം അവന്റെ അകത്തും പുറത്തും ഉണ്ടാകണം. ഉൽകൃഷ്ട സ്വഭാവങ്ങളുടെ ഉദാത്ത മാതൃകയാവണം. കോപവും വിദ്വേഷവും തീരെ ഉണ്ടാകരുത്.' അവിടന്ന് പറയുന്നു, 'ജമാഅത്തിലെ അധികമാളുകളിലും കോപം എന്ന ന്യൂനത ഇപ്പോഴും ഉള്ളതായി ഞാൻ കാണുന്നു. അല്പാല്പ കാര്യങ്ങളിൽപോലും പകയും വിദ്വേഷവുമുണ്ടാകുന്നു. പരസ്പരം കലഹിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ഈ ജമാഅത്തിൽ ഒരു വിഹിതവുമുണ്ടാകുകയില്ല. ആരെങ്കിലും ചീത്തവിളിക്കുന്നതുകേട്ട് മൗനം ദീക്ഷിക്കുകയും മറുപടി പറയാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് എന്തുവിഷമം ഉണ്ടാകാനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സൽസ്വഭാവത്തിലൂടെയാണ് ഓരോ ജമാഅത്തിന്റേയും പ്രാഥമിക സംസ്കരണം ആരംഭിക്കുന്നത്. തുടക്കത്തിൽ ക്ഷമയോടുകൂടി ശിക്ഷണത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. ആരെങ്കിലും ചീത്തവിളിച്ചാൽ അല്ലാഹു അയാളെ നന്നാക്കട്ടെ എന്ന് മനമുരുകി പ്രാർഥിക്കുക എന്നതാണ് ഏറ്റവും ഉത്തമമായ പ്രതിവിധി. മനസ്സിൽ ഒരിക്കലും വിദ്വേഷം വളർത്തരുത്. നല്ല ഗുണങ്ങളായ സഹനശീലം, സഹിഷ്ണുത, മാപ്പുകൊടുക്കൽ എന്നിവയുടെ സ്ഥാനത്ത് മൃഗീയത ഉണ്ടാകുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ ഈ സൽഗുണങ്ങളിൽ അഭിവൃദ്ധിപ്പെടുകയാണെങ്കിൽ എത്രയും പെട്ടെന്ന് അല്ലാഹുവരെ എത്തിച്ചേരുന്നതാണ്.'(മൽഫൂദാത്ത് വാള്യം 7 പേജ് 127-128 1985 ലണ്ടൻ പതിപ്പ്).

അതുകൊണ്ട് അവിടത്തെ ജമാഅത്തിൽ പ്രവേശിക്കുന്നത് അല്ലാഹുവിനെ തൃപ്തിപ്പെടുത്താനാണ്. യഥാർഥ തൗഹീദ് നമ്മുടെ മനസ്സിൽ നാട്ടാനാണ്. അവിടന്ന് പറഞ്ഞതുപോലെ ഇതനായി സൃഷ്ടികളുമായി ബന്ധപ്പെട്ട കടമകൾ നിർവഹിക്കേണ്ടിവരും. അത് മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റുന്നതിലൂടെയാണ് ലഭിക്കുന്നത്

അവിടന്ന് ഒരു അവസരത്തിൽ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'ഞാനുമായി ബന്ധം കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിൽ, എന്റെ സൈന്യത്തിൽ പ്രവേശിച്ചിരിക്കുന്നുവെന്ന് വാദിക്കുന്നുവെങ്കിൽ ഉന്നതമായ സ്വഭാവങ്ങൾ കൈക്കൊള്ളേണ്ടതായിവരും. ഫിത്നയുടേയും ഫസാദിന്റേയും അവസ്ഥകൾ ഉപേക്ഷിക്കേണ്ടതായി വരും.' അവിടന്ന് താനുമായി ബന്ധം വെക്കുന്നവരോടു പറഞ്ഞു: 'മനസ്സുകളെ ശുദ്ധീകരിക്കുക. മാനുഷികമായ കാരുണ്യത്തെ അഭിവൃദ്ധിപ്പെടുത്തുക. വേദന അനുഭവിക്കുന്നവരോടു സഹതാപമുള്ളവരാകുക. ഭൂമിയിൽ സഖ്യം പ്രചരിപ്പിക്കുക. അതുമുഖേന അവരുടെ ദീൻ പ്രചരിക്കുന്നതാണ്.'(ഗവൺമെന്റ് അഗ്രേസി ഔർ ജിഹാദ് റൂഹാനീ ഖസായിൻ വാള്യം 17 പേജ് 15).

ഇസ്‌ലാം വ്യാപിക്കുന്നതാണ്. തബ്ലീഗിന്റെ വഴികൾ തുറക്കുന്നതാണ്. അവിടന്ന് പറഞ്ഞു, 'എഴുന്നേല്ക്കുക! മാനസാന്തരപ്പെടുക! സൽകർമംകൊണ്ടു നിങ്ങളുടെ ഉടമസ്ഥനെ തൃപ്തിപ്പെടുത്തുക.'(ലക്ചർ ലാഹോർ റൂഹാനീ ഖസായിൻ വാള്യം 20 പേജ് 174).

പിന്നീട് ഒരിടത്ത് തന്റെ ജമാഅത്തിനോടു മനസ്സുകളിൽനിന്ന് പകയും വിദ്വേഷവും പുറത്തുകളയാനും മനുഷ്യകുലത്തോടു സഹതാപം കാണിക്കാനും അനുരഞ്ജനത്തിന് അടിത്തറയിടാനും ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്നെ മസീഹ് മൗഊദായി വിശ്വസിക്കുന്ന എന്റെ ജമാഅത്തിന് പ്രത്യേകമായ നിലയിൽ ഞാൻ മനസ്സിലാക്കിക്കൊടുക്കുകയാണ്. അവരെപ്പോഴും ഈ അവിശുദ്ധമായ ശീലങ്ങളിൽനിന്ന് വിട്ടു നില്ക്കുക. എന്നെ അല്ലാഹു മസീഹ് മൗഊദാക്കി അയച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് ഇബ്നുമർയമിന്റെ വസ്ത്രം എന്നെ അണിയിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ ഉപദേശിക്കുകയാണ്: ദ്രോഹപ്രവൃത്തികളിൽനിന്ന് വിട്ടു നില്ക്കുക. മനുഷ്യകുലത്തോടു സഹതാപത്തിന്റെ കടമ നിറവേറ്റുക. നിങ്ങളുടെ മനസ്സുകളെ വിദ്വേഷങ്ങളിൽനിന്നും പകകളിൽനിന്നും ശുദ്ധീകരിക്കുക. ഈ ശീലംകൊണ്ട് നിങ്ങൾ മലക്കുകളെപ്പോലെ ആയിത്തീരുന്നതാണ്. മനുഷ്യരോടു സഹതാപം കാണിക്കാത്ത മതം എത്രമാത്രം വൃത്തികെട്ടതും അശുദ്ധവുമാണ്. ശാരീരികമായ വിദ്വേഷത്തിന്റെ മുള്ളുകൾ കൊണ്ടുനിറഞ്ഞ വഴി എത്രമാത്രം വൃത്തികെട്ടതാണ്. എന്റെ കൂടെയുള്ള നിങ്ങൾ അങ്ങനെ ആകരുത്. മതംകൊണ്ടു കിട്ടിയതെന്താണെന്ന് നിങ്ങൾ ചിന്തിക്കുക. നിങ്ങൾ മനുഷ്യരെ എപ്പോഴും ദ്രോഹിച്ചുകൊണ്ടിരിക്കുക എന്നതാണോ? അല്ല. അല്ലാഹുവിലുള്ള ജീവിതം കരസ്ഥമാക്കുന്നതിനുള്ളതാണ് മതം. ദൈവികമായ സവിശേഷ ഗുണങ്ങൾ മനുഷ്യന്റെ ഉള്ളിൽ പ്രവേശിക്കാതെ ആ ജീവിതം ആർക്കും ലഭിച്ചിട്ടില്ല. ലഭിക്കുകയുമില്ല. അല്ലാഹുവിനുവേണ്ടി എല്ലാവരോടും കരുണ കാണിക്കുക. ഉൽകൃഷ്ടമായ സ്വഭാവം സ്വായത്തമാക്കാതേയും പരിശ്രമം കൂടാതെയും ആ ജീവിതം ലഭിക്കുകയില്ല. പറഞ്ഞു: അല്ലാഹുവിനുവേണ്ടി എല്ലാവരോടും കരുണകാണിക്കുക. ദൈവസവിധത്തിൽ നിങ്ങളുടെമേൽ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. വരിക! നിങ്ങളുടെ പ്രകാശം എല്ലാ പ്രകാശങ്ങളേയും അതിജയിക്കുന്നതിനുള്ള ഒരു വഴി ഞാൻ നിങ്ങൾക്കു പഠിപ്പിക്കാം. അതെന്താണെന്നുവച്ചാൽ നിങ്ങൾ എല്ലാ വിദ്വേഷങ്ങളും അസൂയകളും ഉപേക്ഷിക്കുക. മനുഷ്യകുലത്തോടു സഹതാപമുള്ളവരാകുക. അല്ലാഹുവിൽ ലയിക്കുക. അതിനോടൊപ്പം ഉന്നത പദവിയിലുള്ള പരിശുദ്ധി കരസ്ഥമാക്കുക. കറാമത്തുകൾ നിലവിൽവരികയും ദുആ സ്വീകരിക്കപ്പെടുകയും മലക്കുകൾ സഹായത്തിനായി ഇറങ്ങുകയും ചെയ്യുന്ന മാർഗമാണിത്.'

എന്നാൽ ഇത് ഒരു ദിവസത്തെ ജോലിയല്ല. അഭിവൃദ്ധിപ്പെടുക. അഭിവൃദ്ധിപ്പെടുക. തിളച്ച വെള്ളത്തിൽ മുക്കി തുണി കഴുകുന്ന ആ അലക്കുകാരനിൽനിന്ന് പാഠം പഠിക്കുക. അവസാനം എല്ലാ അഴുക്കുകളും തീയുടെ ചൂടുകൊണ്ട് ഇല്ലാതാകുന്നു. പിന്നീട് നേരം വെളുക്കുന്നു. നല്ല വെള്ളത്തിൽ പോകുന്നു. കല്ലിന്മേൽ അടിച്ച് അടിച്ച് ശേഷിച്ച അഴുക്കുകളും കളയുന്നു. ഇക്കാലത്ത് വാഷിംഗ് മിഷ്യനും ഇതുതന്നെയാ ണ് ചെയ്യുന്നത്. അങ്ങനെ തുണികൾ പ്രാരംഭത്തിൽ ഉണ്ടായിരുന്നതുപോലെ നല്ലവണ്ണം വെളുത്തതായിത്തീരുന്നു. ഇതാണ് മനുഷ്യാത്മാവ് വെളുത്ത നിറമുള്ളതായിത്തീരാനുള്ള സൂത്രം. നിങ്ങളുടെ എല്ലാ മോക്ഷവും ഈ വെളുപ്പുമായി ബന്ധപ്പെട്ടതാണ്. ഇക്കാര്യമാണ് വിശുദ്ധ ഖുർആൻ പറഞ്ഞിട്ടുള്ളത് ഖദ് അഫ്‌ലഹാ മൻസക്കാഹാ അഴുക്കുകളിൽനിന്നും മാലിന്യങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ട ആത്മാവ് മോക്ഷം പ്രാപിച്ചു.

അതിനാൽ വസ്ത്രം കഴുകി വൃത്തിയാക്കുന്നതുപോലെ ആത്മാവിനെ വൃത്തിയാക്കേണ്ടതാണ്.

അവിടത്തെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് മനുഷ്യകുലത്തോടു സഹതാപം പുലർത്തുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഐക്യത്തിന് അടിത്തറ ഇടുന്നവരാകട്ടെ. തൗഹീദിന്റെ ശരിയായ ഗ്രാഹ്യം കരസ്ഥമാക്കുന്നവരാകട്ടെ. സമൂഹത്തിൽ സ്നേഹവും സന്തോഷവും വിതറുന്നവരാകട്ടെ. ഭൗതികമായ ആഗ്രഹങ്ങളെ നമ്മുടെമേൽ വലയം ചെയ്യാൻ വിടരുത്. പ്രത്യുത അല്ലാഹുവിന്റെ തൃപ്തിയുടെ അന്വേഷണത്തിൽ നമ്മൾ എപ്പോഴും ഇരിക്കുന്നവരും അതിന് മുൻഗണന നല്കുന്നവരുമായിത്തീരട്ടെ.

AL ISLAM

## ഇൻഫാഖ് ഫീ സബീലില്ലാഹ്

# ദൈവമാർഗത്തിൽ ചെലവഴിക്കൽ

(മൂന്നാം ഭാഗം)

മൗലാനാ അത്വാഉൽ മുജീബ് റാശിദ് (ഇമാം മസ്ജിദ് ഫദ്ൽ ലണ്ടൻ.)

പരിഭാഷ:അമീൻ മുഹമ്മദ് മാത്ര

### സാമ്പത്തിക ത്യാഗങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന മാതൃകകൾ:

ദൈവികാജ്ഞകൾ കേട്ട് ക്ഷണത്തിൽ മുഖച്ഛായ മാറിപ്പോകുംവിധം ആകർഷിതനാകുന്ന തരത്തിലാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. *കാന വഖാഫൻ ഇൻദൽ ഖുർആൻ* എന്നാണ് ഹദ്റത്ത് ഉമർ(റ)നെപ്പറ്റി വന്നിട്ടുള്ളത്. അതായത് അദ്ദേഹം വിശുദ്ധ ഖുർആനിന്റെ വചനങ്ങൾ കേട്ട് ദൈവികാജ്ഞയ്ക്ക് വിധേയനായി നിന്നുപോകുമായിരുന്നു. ഉടനെ ഉടൻ കൽപ്പനയെ പിൻപറ്റുമായിരുന്നു. *വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ് ഖലത് മിൻ ഖബ്ലിഹിർറുസുൽ* എന്ന ഖുർആനികവചനം ഹദ്റത്ത് അബൂബക്കർ(റ) ഓതിയതു കേട്ട് ഹദ്റത്ത് ഉമർ(റ)ൽ എന്താണ് സംഭവിച്ചത്.? കൈയ്യിലേന്തിയിരുന്ന വാൾ താഴേക്ക് വീണു. നേരെ നിൽക്കുന്നതുപോലും ബുദ്ധിമുട്ടായിത്തീർന്നു. ചിലപ്പോൾ നബി(സ)തിരുമേനിയുടെ വാക്കുകൾ കേൾക്കുമ്പോൾ ജീവിതത്തിൽ ഒരു മഹത്തായ മാറ്റം ഉണ്ടാകുന്നു. തെരുവിലൂടെ നടന്നു കൊണ്ടിരുന്ന ഒരു സ്വഹാബിയുടെ ചെവിയിൽ 'ഇരിക്കൂ' എന്ന നബി(സ)തിരുമേനിയുടെ ശബ്ദം പതിച്ചപ്പോൾ അദ്ദേഹം നേരിട്ട് സംബോധിതനല്ലാതിരുന്നിട്ടും ആ വഴിയിൽ ഇരുന്നുപോയി. മദ്യം കുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇന്നു മുതൽ മദ്യം നിഷദ്ധമാക്കപ്പെട്ടിരിക്കുന്നു എന്ന അറിയിപ്പു കേൾക്കാനിടയായി. മദ്യത്തിന്റെ മത്തിലായിരുന്നിട്ടും ഒരു സ്വഹാബി എഴുന്നേറ്റ് വടികൊണ്ട് മദ്യക്കുടം തച്ചുടച്ചു. യഥാർത്ഥത്തിൽ നന്മയുടെ ഓരോ മൈതാനത്തിലും അനുസരണത്തിന്റെ ഇതേ സ്ഥാനം ഓരോവിശ്വാസിയും കരസ്ഥക്കേണ്ടതാണ്. ഇതേ കാരണത്താലാണ് ശിക്ഷണപരമായ പ്രസംഗങ്ങളിൽ വിശുദ്ധ ഖുർആൻ വചനങ്ങളും തിരുഹദീഥുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശങ്ങളും വിശദീകരിക്കപ്പെടുന്നത്. ഇവയുടെ അനുഗ്രഹത്താൽ സത്യവിശ്വാസികളുടെ ഹൃദയത്തിൽ ഒരു പരിശുദ്ധ മാറ്റവും ചലനവും ഉണ്ടാകുന്നു.....ചിലപ്പോൾ കർമപരമായ മാതൃകകളിലൂടെയും മനുഷ്യൻ വളരെ ആകർഷിക്കപ്പെടുകയും സൽഫലം എടുക്കുകയും ചെയ്യാറുണ്ട്.

മനുഷ്യൻ പ്രകൃതിപരമായി മാതൃകകൾക്ക് ആശ്രിതനാണ്. മറ്റുള്ളവരുടെ സൽമാതൃകകൾ കണ്ട് നന്മ ചെയ്യാനുള്ള മോഹം അവന്റെ ഹൃദയത്തിലും ഉണ്ടാകുകയും തന്നേയും അതേ വർണത്തിൽ മാറ്റി എടുക്കാൻ തയ്യാറാകുകയും ചെയ്യുന്നു. മറ്റുള്ളവരുടെ നല്ല മാതൃകകളിൽ നിന്നും ഫലമെടുക്കുന്ന വ്യക്തി വളരെ ഭാഗ്യവാനാണെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്. ഈ യുക്തിഭദ്രമായ തത്ത്വത്തിന്റെ വെളിച്ചത്തിൽ സാമ്പത്തിക ത്യാഗങ്ങളുടെ ചില മാതൃകകൾ 'എന്റെ വാക്കുകൾ ആരുടെയെങ്കിലും ഹൃദയത്തിൽ ഇറങ്ങുമാറാകട്ടെ' എന്ന പ്രാർഥനയോടെ ഞാൻ നിങ്ങളുടെ മുമ്പിൽ സമർപിക്കുകയാണ്.

### ആദ്യ നൂറ്റാണ്ടുകളിലെ ഉദാഹരണങ്ങൾ:

നബി(സ)തിരുമേനിയുടെ സഹാബാക്കളിൽനിന്ന് നമുക്ക് ആരംഭിക്കാം. അവർക്ക് തിരുനബിയുടെ പ്രകാശം തങ്ങളുടെ കണ്ണുകൊണ്ട് നേരിട്ട്കാണാൻ ഭാഗ്യം സിദ്ധിച്ചു. അവിടത്തെ സഹവാസത്തിൽനിന്ന് അനുഗൃഹീതരായി. യഥാർത്ഥത്തിൽ ആ മഹാത്മാവിന്റെ സന്മാർഗങ്ങളെ തങ്ങളുടെ ജീവിതത്തിന്റെ എങ്ങനെയുള്ള ഭാഗമാക്കിയെന്നാൽ അവർ എല്ലാവരും സന്മാർഗത്തിന്റെ ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ പോലെ കാണാൻ കഴിയുന്നു. അവരാണ് അല്ലാഹു തൃപ്തിപ്പെട്ടവരും അല്ലാഹുവിൽ തൃപ്തരുമായിട്ടുള്ള ഭാഗ്യവാന്മാരായ സ്വഹാബാക്കൾ. നബി(സ)തിരുമേനി അവരുടെ മാതൃകകൾ എന്നെന്നേക്കും അനുകരണാർഹമായി സ്ഥിരപ്പെടുത്തി.

ദൈവമാർഗത്തിൽ ചെലവഴിക്കുന്ന സംഭവങ്ങൾകൊണ്ട് ഇസ്ലാമിക ചരിത്രം നിറഞ്ഞു നിൽക്കുന്നു. ഇസ്ലാമികാധ്യാപനങ്ങളനുസരിച്ചുള്ള തിരുസ്വഹാബാക്കളുടെ ആത്മാർഥമായ പ്രവർത്തനം അതുല്യമാണ്. ഹദ്റത്ത് ഉമർ(റ) ഒരു യുദ്ധാവസരത്തിൽ ധനത്തിന്റെ പകുതി സമർപിച്ചു. താൻ എല്ലാവരിലും ഒന്നാം സ്ഥാനത്തെത്തിയെന്നദ്ദേഹം കരുതിയിരുന്നു. അൽപസമയത്തിനുള്ളിൽ ഹദ്റത്ത് അബൂബക്കർ(റ) കടന്നു വന്നു. തന്റെ സർവ്വധനവും പ്രിയനേതാവിന്റെ കാൽചുവട്ടിൽ കൂട്ടിയിട്ടു.

ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിന്റേയും അഹമഹമികയാ മുന്നേറുന്നതിന്റേയും ഹൃദയാവർജകമായ ഈ നിർവഹണം തങ്ങളുടേയും മുഴുലോകത്തിന്റേയും ഗുരുവായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യിൽ നിന്നാണ് സ്വഹാബാക്കൾ പഠിച്ചത്. അവരുടെ ഹൃദയങ്ങൾക്ക് ആത്മീയ പരിശുദ്ധി നൽകിയ ആ ദിവ്യാത്മാവ് അല്ലാഹുവിന്റെ മാർഗത്തിൽ ധനം യഥേഷ്ടം ചെലവു ചെയ്യാനുള്ള വിത്ത് അവരിൽ വിതച്ചു. ഈ വിത്തുകൾ അതിന്റെ ഫലങ്ങൾ കൊണ്ടുവരുമ്പോൾ, ത്യാഗത്തിന്റെ ഈ പ്രകടനങ്ങൾ കൺമുമ്പിൽ വരുമ്പോൾ നബി(സ)തിരുമേനിയുടെ മുഖകമലം സന്തോഷത്താൽ വിടരുമായിരുന്നു; പച്ചപിടിച്ചു നിൽക്കുന്ന കൃഷിയിടം കണ്ട് സന്തോഷിക്കുന്ന ഒരു കർഷകനെ പോലെ! അതിന്റെ ഒരു ഉദാഹരണം സമർപിക്കുകയാണ്.

ഹദ്റത്ത് ജരീർ(റ) റിപ്പോർട്ട് ചെയ്യുന്നു: നബി(സ) തിരുമേനിയുടെ സന്നിധിയിൽ ദരിദ്രരായ ഒരു സംഘമാളുകളെത്തി. കാലുകളിൽ ചെരിപ്പോ ശരീരത്തിൽ ശരിക്കുള്ള വസ്ത്രമോ അവർക്കുണ്ടായിരുന്നില്ല. അവരുടെ അവസ്ഥ കണ്ടപ്പോൾ നബി(സ)തിരുമേനിയുടെ മുഖം വിവർണമായി. നബി(സ)തിരുമേനി സ്വഹാബാക്കളെ ഒരുമിച്ചു കൂട്ടി പ്രസംഗിച്ചു. അവർക്ക് ദാനം ചെയ്യാൻ ആഹ്വാനം ചെയ്തു. സ്വഹാബാക്കൾ ദീനാർ, ദർഹം, വസ്ത്രങ്ങൾ, യവം, ഈത്തപ്പഴം തുടങ്ങിയവ ദാനം ചെയ്തു. അങ്ങനെ വസ്ത്രങ്ങളുടേയും ഭക്ഷ്യസ്ഥാനങ്ങളുടേയും രണ്ടു കൂമ്പാരം രൂപപ്പെട്ടു. ഹദ്റത്ത് ജരീർ(റ) പറയുന്നു:ഈ കാഴ്ചകണ്ട് നബി(സ)തിരുമേനിയുടെ മുഖം സ്വർണത്തളികപോലെ തിളങ്ങുന്നുണ്ടായിരുന്നു.(സ്വഹീഹ് മുസ്ലിം, കിത്താബുസ്സക്കാത്ത്)

വിശുദ്ധ ഖുർആനിലെ *ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ* -നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല-(3:93) എന്ന വചനമിറങ്ങി.

അതിനുശേഷം ആജ്ഞാനുസാരികളായ സ്വഹാബാക്കളുടെ പ്രവർത്തനരീതി കണ്ടു മനസ്സിലാക്കേണ്ടതുമായി ബന്ധപ്പെട്ടതാണ്. അതോടെ തങ്ങളുടെ പ്രിയപ്പെട്ട സർവ്വതും ദൈവമാർഗത്തിൽ ത്യാഗം ചെയ്യാൻ അവർ തീരുമാനിച്ചു കഴിഞ്ഞിരുന്നു. മദീനയിലെ അൻസ്വാറുകളിൽ ഏറ്റവും കൂടുതൽ കൃഷിത്തോട്ടങ്ങളുണ്ടായിരുന്നത് ഹദ്റത്ത് ത്വൽഹ(റ)യ്ക്കായിരുന്നു. ബയ്റുഹാ എന്ന പേരുള്ള തോട്ടം അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. ഇത് മസ്ജിദ് നബ്വിയുടെ മുമ്പിലായിരുന്നു ഉണ്ടായിരുന്നത്. നബി(സ)തിരുമേനി അധികവും അവിടെ പോകാറുണ്ടായിരുന്നു. ഈ തോട്ടത്തിലെ തണുത്തതും മധുരമുള്ളതുമായ ജലം നബി (സ)തിരുമേനിക്ക് വളരെ ഇഷ്ടമായിരുന്നു. ഉപര്യുക്ത വചനം ഇറങ്ങിയപ്പോൾ അബൂത്വൽഹ(റ)ഉടനെ ആ തോട്ടം അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കാൻ ദാനം ചെയ്തു!

ഹദ്റത്ത് ഇബ്നു ഉമർ(റ)പറയുന്നു: 'ഈ വചനമിറങ്ങിയപ്പോൾ തനിക്കേറ്റവും പ്രിയപ്പെട്ട ധനം ഏതാണെന്ന് ഞാനാലോചിച്ചു. എനിക്കെന്റെ റോമക്കാരിയായ അടിമ സ്ത്രീയല്ലാതെ മറ്റാരേയും പ്രിയപ്പെട്ടതായി തോന്നിയില്ല. ഞാനടുത്ത നിമിഷം അവരെ സ്വതന്ത്രയാക്കി.'(ഹുൽയത്തുൽ ഔലിയാഅ്, ഭാഗം1, പേജ്-295)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)ന്റെ സംഭവവും അസാധാരണമായ നിലയിൽ ഈമാനിൽ വർദ്ധന ഉണ്ടാക്കുന്നതാണ്. സത്യസന്ധമായ അദ്ദേഹത്തിന്റെ വികാരങ്ങൾ നല്ലവണ്ണം പ്രതിഫലിപ്പിക്കുന്നതുമാണ്. ഒരിക്കൽ അദ്ദേഹം രോഗബാധിതനായി. മത്സ്യം കഴിക്കണമെന്ന ആഗ്രഹമുണ്ടായി. വളരെ ബുദ്ധിമുട്ടി ആളുകൾ ഒരു മത്സ്യം കണ്ടെത്തി. അത് പാചകം ചെയ്ത് അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു. ഒരു കഷണം വായിൽ വച്ചപ്പോൾ വാതിലിന് പുറത്തുനിന്ന് ഒരു പട്ടിണിക്കാരൻ വിളിച്ചു. അദ്ദേഹം മുമ്പിലുണ്ടായിരുന്ന മത്സ്യമത്രയും എടുത്ത് അയാൾക്ക് നൽകി. അദ്ദേഹത്തോട് ആ മത്സ്യം കഴിക്കാൻ ആളുകൾ നിർബന്ധിച്ചു. ആ ദരിദ്രന് പണം നൽകാമെന്നും അതുകൊണ്ട് അയാൾ തന്റെ ആവശ്യം നിറവേറ്റിക്കൊള്ളുമെന്നും അവർ പറഞ്ഞു. എന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറഞ്ഞു: ഇപ്പോളെനിക്ക് ഏറ്റവും പ്രിയപ്പെട്ടതും ഇഷ്ടമുള്ളതും ഈ മത്സ്യമാണ്. ഞാനിതുതന്നെ ദാനം ചെയ്യുന്നതാണ്. (ഹുൽയത്തുൽ ഔലിയാ,ഭാഗം-1,പേജ്-297)

ഹദ്റത്ത് സൽമാൻ ഫാരിസി(റ) മദ്യനിലെ ഗവർണർ ആയിരുന്നു. അദ്ദേഹത്തിന് ബയ്ത്തുൽ മാലിൽനിന്ന് അയ്യായിരം ദീനാർ ലഭിച്ചിരുന്നു. പണം കിട്ടുമ്പോൾതന്നെ മുഴുവൻ തുകയും അദ്ദേഹം ദൈവമാർഗത്തിൽ ത്യാഗം ചെയ്തിരുന്നു. പായകൾ നെയ്തായിരുന്നു സ്വന്തംചെലവുകൾ നിറവേറ്റിയിരുന്നത്.(അൽ ഇസ്തീആബ്, ഭാഗം 2,പേജ് 572)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) പറയുന്നു: ഞാൻ ഹദ്റത്ത് ആയിശാ(റ)യെക്കാളും ഹദ്റത്ത് അസ്മാഅ്(റ)യേക്കാളും കൂടുതൽ ദാനം ചെയ്യുന്നവരായി ആരേയും കണ്ടിട്ടില്ല. ഇരുവരുടേയും ത്യാഗം ചെയ്യുന്ന രീതി വ്യത്യസ്തമായിരുന്നു.ഹദ്റത്ത് ആയിശാ(റ) അൽപ്പാല്പം പണം സ്വരുക്കൂട്ടി ഒരു തുകയായിക്കഴിയുമ്പോൾ എല്ലാവർക്കും വിതരണം ചെയ്തിരുന്നു. എന്നാൽ, ഹദ്റത്ത് അസ്മാഅ്(റ)യുടെ രീതി ഒരു സാധനവും അവർ തന്റെ കൈയിൽ വെക്കാറുണ്ടായിരുന്നില്ല എന്നതാണ്. (അൽ അദബുൽ മുഫ്റദ്, ബാബു സഖാവത്ത്)

ഒരിക്കൽ നബി(സ)തിരുമേനി ദൈവമാർഗത്തിൽ ത്യാഗങ്ങൾ ചെയ്യാൻ സ്ത്രീകളെ ഉപദേശിച്ചു. നബി(സ)തിരുമേനി വീട്ടിലെത്തുന്നതിനുമുമ്പേ ഹദ്റത്ത് ഇബ്നു മസ്ഊദ്(റ)ന്റെ ഭാര്യ വന്ന് 'തന്റെ പക്കലുള്ള ആഭരണങ്ങളെല്ലാം താൻ കൊണ്ടുവന്നിട്ടുണ്ടെന്നും ദൈവമാർഗത്തിൽ നൽകുകയാണെന്നും പറഞ്ഞു.'(സ്വഹീഹ് ബുഖാരി, കിത്താബുസ്സക്കാത്ത്)

മാതൃക എന്ന നിലയ്ക്കുള്ള ചില ഉദാഹരണങ്ങളാണിത്. പരിശുദ്ധപ്രവാചകനായ നബി(സ) തിരുമേനിയുടെ പരിശുദ്ധ ദൃഷ്ടി സ്വഹാബാക്കളിൽ എത്തരത്തിലുള്ള പ്രവർത്തനമാണ് നടത്തിയതെന്നാൽ അവർ ആ പുണ്യാത്മാവിൽ പൂർണമായും ലയിച്ചു പോയി എന്നതാണ് സത്യം. അവർ

ഫനാഫില്ലായുടേയും(അല്ലാഹുവിലുള്ള ലയനം) ഇൻഫാഖ് ഫീ സബീലില്ലായുടേയും(ദൈവമാർഗത്തിൽ വ്യയം ചെയ്യൽ)സമാനതകളില്ലാത്ത മാതൃകകളാണ് കാഴ്ചവെച്ചത്.

**ഇക്കാലഘട്ടത്തിലെ ഉദാഹരണങ്ങൾ:**

ഇനി നമുക്ക് മുഹമ്മദു നബി(സ)യുടെ പരിശുദ്ധ ദാസന്റെ അനുഗൃഹീതമായ അവസാന കാലഘട്ടത്തിലേക്ക് വരാം. ഇക്കാലഘട്ടത്തിൽ അല്ലാഹു നമ്മെ സൃഷ്ടിച്ചുകൊണ്ട് സൗഭാഗ്യരാക്കി. ലക്ഷക്കണക്കിന് കോടിക്കണക്കിന് ആളുകളാണ് ഇക്കാലഘട്ടം പുൽകാൻ കൊതിച്ച് ഇഹലോകവാസം വെടിഞ്ഞുപോയത്. മസീഹുസ്സമാനും മഹ്ദിയുമായ ഹദ്റത്ത് അഹ്മദ്(അ)ന്റെ സ്വഹാബാക്കൾ ആദ്യനൂറ്റാണ്ടുകളിലെ സ്വഹാബാക്കളുടെ കാലടികളെ എങ്ങനെയാണ് പിൻപറ്റിയതെന്നാൽ അവരുടെ ആഖാ വാദം പുറപ്പെടുവിച്ചുടനെ സന്തോഷവാർത്ത അറിയിച്ചു:

**മുബാറക് വൊ ജോ അബ് ഈമാൻ ലായാ**
**സ്വഹാബ സെ മിലാ ജബ് മുഝ്കൊ പായാ**

ഇപ്പോൾ വിശ്വസിച്ചിട്ടുള്ളവർ അനുഗൃഹീതരാണ്. എന്നെ പ്രാപിച്ചതോടെ അവർ സ്വഹാബാക്കളോടൊപ്പം ചേർന്നിരിക്കുന്നു.

ആദരണീയ ഈ സ്വഹാബാക്കളുടേയും താബിഈംകളുടേയും ഉദാഹരണങ്ങളും വിദൂര വർത്തമാനങ്ങളല്ല. അവരിൽ ചിലരെ കാണാൻ നമ്മളിൽ ചിലർക്ക് സൗഭാഗ്യവും ലഭിച്ചിട്ടുണ്ട്. അവരെ കാണാൻ കഴിഞ്ഞ ധാരാളമാളുകൾ ഇന്ന് നമ്മുടെ ഇടയിലുണ്ട്. സ്വഹാബാക്കൾക്ക് അനുരൂപരായവരാണ് അവർ. ഇസ്ലാമിന്റെ ഈ ത്യാഗികൾ സാമ്പത്തിക ത്യാഗരംഗത്ത് ഏതേതെല്ലാം രൂപത്തിലുള്ള പ്രകാശിത മിനാരങ്ങളാണ് നിർമിച്ചതെന്ന് നമുക്ക് നോക്കാം.

അല്ലാഹുവിന്റെ വഴിയിൽ ചെലവു ചെയ്യുകയെന്നത് ഒരു കാര്യമാണ്. എന്നാൽ, അതിനോടൊപ്പം അതുല്യമായ ആത്മാർപ്പണ സന്നദ്ധതയും സ്വതാൽപര്യത്തെക്കാൾ മറ്റുള്ളവരുടെ താൽപര്യങ്ങളെ മുന്തിക്കുകയും അഹമഹമികയാ മുന്നേറാനുള്ള ആവേശവും ഉള്ളപ്പോൾ അത്തരം ത്യാഗങ്ങൾക്ക് തിലകക്കുറി ചാർത്തപ്പെടുന്നു. തികച്ചും ആരംഭകാലഘട്ടത്തിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദിന് ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ അറുപത് രൂപയുടെ ആവശ്യം നേരിട്ടു. അദ്ദേഹം ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവിയോടു പറഞ്ഞു: ഉടനെ നടക്കേണ്ട കാര്യമാണ്. താങ്കളുടെ ജമാഅത്തിന് ഇത് നിറവേറ്റാൻ കഴിയുമോ?'ഹദ്റത്ത് മുൻശി സാഹിബ് അനുകൂല മറുപടി നൽകി. വാഗ്ദത്ത മസീഹിന്റെ ആവശ്യം മനസ്സിലാക്കിയ അദ്ദേഹം നേരേ വീട്ടിലേക്ക് പോയി. തന്റെ ഭാര്യയുടെ സമ്മതത്തോടെ അവരുടെ ആഭരണം വിറ്റ് വാഗ്ദത്ത മസീഹിന്റെ സന്നിധിയിലെത്തി ആവശ്യമായ തുക നൽകി. ഏതാനും ദിവസങ്ങൾക്കുശേഷം ഹദ്റത്ത് മുൻശി അറോഡേ ഖാൻ സാഹിബ് വാഗ്ദത്ത മസീഹിനെ കാണാൻ വന്നപ്പോൾ കപൂർത്തല ജമാഅത്ത് കൃത്യസമയത്ത് തുകയെത്തിച്ചു തന്നതിന് നന്ദിയറിയിച്ചു. അപ്പോഴാണ് രഹസ്യം പുറത്തു വന്നത്. മുൻശി സഫർ അഹ്മദ് സാഹിബ് ജമാഅത്തിലെ ഒരു വ്യക്തിയോടും ഇതു സംബന്ധമായി ഒന്നും പറഞ്ഞിരുന്നില്ല. എത്ര വലിയ ത്യാഗമനസ്സും എത്ര വലിയ വിനയവുമാണ് ഈ സംഭവത്തിൽ കാണാൻ കഴിയുന്നത്. റിപ്പോർട്ടിൽ പറയപ്പെടുന്നത് സാമ്പത്തിക ത്യാഗത്തിന്റെ ഈ അപൂർവ്വ അവസരം നഷ്ടപ്പെട്ടതിൽ നീണ്ട കാലംവരെ ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബിനോട് ഹദ്റത്ത് മുൻശി അറോ ഡേ ഖാൻ സാഹിബ് കടുത്ത നീരസം പ്രകടിപ്പിച്ചിരുന്നു. ഈ നീരസത്തിന്റെ അന്തസ്സത്തയും എത്ര മഹത്തരം! എല്ലാ പ്രതിഫലവും അദ്ദേഹം നേടിയെന്നും അതിൽ തങ്ങൾക്ക് ഭാഗഭാക്കാകാൻ കഴിഞ്ഞില്ലെന്നുമുള്ളതായിരുന്നു അതിനുകാരണം! (അസ്ഹാബെ അഹ്മദ്, ഭാഗം 6, പേജ്-72) **(തുടരും)**

**പേജ് 2ൽ നിന്ന്**

ക എന്നാണ്. അതുകൊണ്ടാണ് നിങ്ങൾ പാലായനം ചെയ്ത് ഇവിടെ വന്നിരിക്കുന്നത്. എന്നാൽ, അക്രമങ്ങൾ സഹിക്കാൻ കഴിവുള്ള ധാരാളമാളുകളുണ്ട്. അവർ അവിടെത്തന്നെ നിൽക്കുകയാണ്. ചുരുക്കത്തിൽ നിങ്ങളുടെ ചോദ്യത്തിന്റെ ഉദ്ദേശ്യം അവരുമായി യുദ്ധം ചെയ്യാമോ എന്നാണെങ്കിൽ അതിന്റെ ഉത്തരം യുദ്ധം ചെയ്യാൻ പാടില്ല എന്നാണ്. കാരണം അവിടെ നമ്മുടെ ഭരണമല്ല ഉള്ളത്. ഇനി എന്നെങ്കിലും അഹ്മദികളുടെ കൈയിൽ ഏതെങ്കിലും രാജ്യം വരികയാണെങ്കിൽ അവിടെ അഹ്മദികളുടെ ഭരണം സ്ഥാപിതമാകുകയാണെങ്കിൽ അതിനെ മറ്റൊരു ഭരണകൂടം ആക്രമിക്കുകയാണെങ്കിൽ അത്തരം അവസരത്തിൽ ആ ആക്രമണത്തിന് നാം മറുപടി നൽകുന്നതാണ്.

☆ഒരു വാഖ്ഫെ നൗ ഖാദിം ചോദിച്ചു; അനഹ്മദി മുസ്ലിംകൾ പറയുന്നത് അഹ്മദികളുടെയും അനഹ്മദികളുടെയും ഖുർആൻ വ്യത്യസ്തങ്ങളാണെന്നാണ്. അത്തരം സന്ദർഭങ്ങളിൽ നമ്മുടെ ഖുർആനാണ് ശരിയായത് എന്ന് എങ്ങനെയാണ് അവരോട് സമർഥിക്കുക?

അതിന് മറുപടി നൽകിക്കൊണ്ട് ഹുദൂർ പറഞ്ഞു: നമ്മുടെ ഖുർആൻ വേറെയാണെന്നോ അവരുടേത് വേറെയാണെന്നോ നാം പറയുന്നില്ല. നിങ്ങളുടെ ഖുർആൻ തന്നെയാണ് ഞങ്ങളും പാരായണം ചെയ്യുന്നതെന്നാണ് നമ്മൾ അവരോട് പറയുക. ഇവിടെയുള്ള 50 ശതമാനം പേരുടെ കൈയിലുള്ള ഖുർആനും തുർക്കിയിൽ അച്ചടിച്ചതാണ്. അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിൽ പ്രസിദ്ധീകരിച്ചതാണ്. പാക്കിസ്താനിൽ ഒരു താജ് കമ്പനിയുണ്ടായിരുന്നു. ഞാൻ ചെറുപ്പത്തിൽ പ്രസ്തുത കമ്പനി പ്രസിദ്ധീകരിച്ച ഖുർആനായിരുന്നു പഠിച്ചത്. അതിനാൽ മറ്റ് അനഹ്മദികൾ വായിക്കുന്ന ഖുർആൻ തന്നെയാണ് നാമും പാരായണം ചെയ്യുന്നത്. എന്നാൽ, വ്യഖ്യാനങ്ങൾ വ്യത്യസ്തമാണ്. വിശുദ്ധഖുർആനിൽ പല ആന്തരാർഥങ്ങളുമുണ്ടെന്ന് വ്യാഖ്യാതാക്കൾ തന്നെ എഴുതിയിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ചില വ്യാഖ്യാതാക്കൾ പറയുന്നത്, ഏതുവരെ ഒരു വ്യാഖ്യാതാവ് വിശുദ്ധ ഖുർആനിലെ ഒരു വചനത്തിന് ഇരുപതോ ഇരുപത്തിരണ്ടോ വ്യാഖ്യാനങ്ങൾ എഴുതുന്നില്ലയോ അതുവരെ അയാളെ വ്യാഖ്യാതാവ് എന്ന് പറയാൻ പറ്റുകയില്ലെന്നാണ്. ചുരുക്കത്തിൽ ഓരോ വ്യാഖ്യാതാവും വിശുദ്ധഖുർആന് സ്വന്തം വ്യാഖ്യാനമാണ് നല്കിയിരിക്കുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ചില പഴയ വ്യാഖ്യാതാക്കളുടെയും പണ്ഡിതന്മാരുടെയും മഹാന്മാരുടെയും വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനങ്ങൾ quote ചെയ്തുകൊണ്ട്, നോക്കുക ഞാൻ വിശുദ്ധഖുർആന് നൽകിയ ഇതേ വ്യാഖ്യാനം ഇന്ന വ്യാഖ്യാതാവും നൽകിയിട്ടുണ്ട് എന്ന് എഴുതിയിട്ടുണ്ട്. ഇബ്നു അറബിയും ഇന്ന ഇന്ന വ്യാഖ്യാതാക്കളും ഇന്നത് എഴുതിയിരിക്കുന്നു എന്നും എഴുതിയിട്ടുണ്ട്. ചുരുക്കത്തിൽ നമ്മുടെ ഖുർആൻ അവരുടെ ഖുർആനിൽനിന്ന് വ്യത്യസ്തമേ അല്ല. വ്യത്യസ്തമാണെന്ന് ആരാണ് പറഞ്ഞത്? ഖുർആൻ വ്യത്യസ്തമാണെന്ന കാര്യത്തിൽ നിങ്ങളെന്തിനാണ് തർക്കിക്കുന്നത്? അവരോട് പറയുക, നിങ്ങളുടെ ഖുർആൻ കൊണ്ടു വരിക. ഞാൻ അത് വായിച്ചു നോക്കട്ടെ. ഞാൻ വായിക്കുന്ന ഖുർആൻ നിങ്ങളും കൊണ്ട് പോകുക. എന്നിട്ട് എവിടെയാണ് ഞങ്ങളുടെയും നിങ്ങളുടെയും ഖുർആനിൽ ഭിന്നതയുള്ളതെന്ന് പറഞ്ഞുതരിക. അത്തരം ഒരു വാക്കു പോലും ഇല്ല. ഒരു വാക്കെന്നല്ല ഒരു അക്ഷരമോ ഒരു ചിഹ്നമോ മറ്റ് ഖുർആനിൽ നിന്ന് ഭിന്നമായി ഞങ്ങളുടേതിലില്ല. വിശുദ്ധഖുർആനെ സംബന്ധിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത് 'നാമാണ് അതിനെ സംരക്ഷിക്കുന്നത്' എന്നാണ്. വിശുദ്ധഖുർആൻ 1400 വർഷമായിട്ട് സുരക്ഷിതമാണ്. നമ്മുടെ പക്കലും വിശുദ്ധ ഖുർആന്റെ ഹാഫിളുമാരുണ്ട്. പാക്കിസ്താനിൽ ചില ഇടങ്ങളിൽ ഖുർആൻ പാരായണ മൽസരമുണ്ടാകുമ്പോൾ അവരും പങ്കെടുക്കാറുണ്ട്. സമ്മാനവും കൊണ്ടുവരാറുണ്ട്. അവർ അതേ ഖുർആൻ തന്നെയല്ലേ പാരായണം ചെയ്ത് സമ്മാനം കരസ്ഥമാക്കുന്നത്. അല്ലെങ്കിൽ അവർ പ്രതിഷേധിക്കുമല്ലോ?

ഹുദൂർ പറഞ്ഞു: നിങ്ങളുടെയും ഞങ്ങളുടെയും ഖുർആൻ വ്യത്യസ്തമാണെന്ന തർക്കത്തിലേക്ക് പോകേണ്ട ആവശ്യം തന്നെയില്ല. മറിച്ച് ഞങ്ങൾ നിങ്ങളുടെ തന്നെ ഖുർആനാണ് വായിക്കാറുള്ളതെന്ന് അവരോട് പറയുക. സ്വന്തം വിശുദ്ധഖുർആൻ വെച്ചുകൊണ്ട് നിങ്ങൾ ഖുർആൻ കൊണ്ടു വരിക എന്നിട്ട് താരതമ്യം ചെയ്ത് നോക്കുക എന്ന് പറയുക. കേവലം നാവ് കൊണ്ടുള്ള തെളിവ് മതിയാകില്ല. പെട്ടെന്ന് തന്നെ പ്രതികരിച്ച് കാണിക്കേണ്ടതാണ്. back-foot ൽ വന്ന് കളിക്കരുത്. മറിച്ച് ശക്തമായ തെളിവ് നൽകുക.

☆അതിനുശേഷം ഒരു വാഖിഫെ നൗ ചോദിച്ചു; ഹുദൂർ കഴിഞ്ഞ ഖുത്ബയിൽ നമസ്കാരത്തിന്റെ പ്രാധാന്യവുമായി ബന്ധപ്പെട്ട് പറഞ്ഞത് നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുക എന്നാണ്. അഥവാ നമസ്കാര കേന്ദ്രം ദൂരത്താണെങ്കിൽ, അല്ലെങ്കിൽ നാം തനിച്ചാണെങ്കിൽ, അല്ലെങ്കിൽ ജോലി കാരണത്താൽ ജമാഅത്തായി നമസ്കരിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?

ഹുദൂർ പറഞ്ഞു: അഥവാ തനിച്ചാണ്, കൂടെ ആരുമില്ലെങ്കിൽ പിന്നെ നിർബന്ധിതാവസ്ഥയാണ്. നിർബന്ധിതാവസ്ഥയാണെങ്കിൽ അത് വേറെ കാര്യം. അതല്ലെങ്കിൽ ജമാഅത്തായി നമസ്കരിക്കുന്നതിന് കൂടുതൽ ശ്രമിക്കണം എന്നാണ് ഞാനും പറഞ്ഞത്. ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: നിങ്ങൾ മരുഭൂമിയിലൂടെ പോകുകയാണെങ്കിലും നമസ്കാരത്തിന്റെ സമയം സമാഗതമാകുമ്പോൾ അവിടെ നിങ്ങൾക്ക് ആരെയും കാണാൻ കഴിഞ്ഞില്ലെങ്കിൽ പോലും നിങ്ങൾ അവിടെ ബാങ്ക് കൊടുക്കുക. ഒരുപക്ഷേ, വഴിതെറ്റി വന്ന ഏതെങ്കിലും യാത്രക്കാരൻ ഏതെങ്കിലും മൺകൂനയുടെ പിന്നിൽ ഇരിക്കുന്നുണ്ടാവാം. അയാൾ നിങ്ങളുടെ ബാങ്ക് കേട്ട് വന്ന് നിങ്ങളോടൊപ്പം നമസ്കരിച്ചേക്കാം. എന്നാൽ, ഇവിടെ ബാങ്ക് കൊടുത്താൽ നിങ്ങൾക്ക് പ്രശ്നങ്ങൾ നേരിടേണ്ടി വന്നേക്കാം. അതിനാൽ, സ്വന്തമായി നമസ്കാരം അനുഷ്ഠിക്കുക. എന്നിരുന്നാലും ജമാഅത്തായ നമസ്കാരത്തിന് ശ്രമിക്കുക. ഒഴിവ്കഴിവ് കണ്ടെത്താൻ ശ്രമിക്കാതിരിക്കുക. വീട്ടിലായിരിക്കുന്ന സമയത്ത് തന്റെ സഹോദരിമാരെയും സഹോദരന്മാരെയും ഭാര്യയെയും മക്കളെയും ചേർത്ത് ഒന്നിച്ച് നമസ്കരിക്കുക.

☆അതേ വാഖിഫെ നൗ ഖാദിം ചോദിച്ചു: മൂന്ന് ജുമുആ നമസ്കരിച്ചില്ലെങ്കിൽ ഹൃദയം ഇരുണ്ടു പോകുമെന്ന് ഹദീഥിലുണ്ടല്ലോ?

ഹുസൂർ പറഞ്ഞു: ഓന്നോ രണ്ടോ ജുമുആയ്ക്കുശേഷം ഒരു ജുമുആ നിർബന്ധമായും നമസ്കരിക്കാനായി ശ്രമിക്കേണ്ടതാണ്. ചിലപ്പോഴൊക്കെ എനിക്ക് ഇത്ര സമയത്തെ അവധി വേണം എന്ന് പറയാൻ സാധിക്കുമല്ലോ. അപ്പോൾ അധികം employers കളും ഉടമസ്ഥരും അവധി നൽകാറുമുണ്ട്. എന്നാൽ, നിർബന്ധിതാവസ്ഥയാണെങ്കിൽ അല്ലാഹുവിന്റെ കാരുണ്യവും വിശാലമാണ്. അല്ലാഹു അടിസ്ഥാനപരമായ ഒരു കാര്യമാണ് പറഞ്ഞത്. യഥാർഥ നിർബന്ധിതാവസ്ഥയാണെങ്കിൽ മനുഷ്യൻ അതിൽനിന്ന് മുക്തനാണ്. അല്ലാഹു അവർക്ക് മാപ്പ് നൽകുന്നു. എന്നാൽ, ഇത്തരം കാര്യങ്ങളെ ഒരു ഒഴികഴിവാക്കി മാറ്റരുത്.

☆ഒരു വഖ്ഫെനൗ ഖാദിം ചോദിച്ചു: എന്റെ ചോദ്യം അവയവദാനത്തെ സംബന്ധിച്ചാണ്.

ഹുദൂർ പറഞ്ഞു: അവയവദാനം അനുവദനീയമാണ്. മരണശേഷം ആളുകൾ കണ്ണുകൾ ദാനം ചെയ്യുന്നു, വൃക്ക ദാനം ചെയ്യുന്നു. ചിലർ ജീവിതത്തിൽത്തന്നെ വൃക്കകൾ ദാനം ചെയ്യാറുണ്ട്. ചിലർ മറ്റു ചിലതും ദാനം ചെയ്യാറുണ്ട്. മനുഷ്യത്വത്തിന് പ്രയോജനകരമായവ ത്യാഗം ചെയ്യാൻ സന്നദ്ധരായവരുണ്ടെങ്കിൽ അതിൽ ഒരു കുഴപ്പവുമില്ല.

☆അപ്പോൾ ഒരു ഖാദിം ചോദിച്ചു: മരണശേഷം മസ്തിഷ്കത്തിന് മരണം സംഭവിക്കുന്നുണ്ടെങ്കിലും അവയവങ്ങൾക്ക് ജീവനുണ്ടായിരിക്കും. അതുകൊണ്ട് ആത്മാവിന് ബുദ്ധിമുട്ട് ഉണ്ടാകാമെന്ന് ചിലർ ആരോപണം ഉന്നയിക്കാറുണ്ട്.

ഹുദൂർ പറഞ്ഞു: തന്റെ ജീവിതത്തിൽത്തന്നെ വൃക്ക ദാനം ചെയ്യുന്നവരെ കുറിച്ചാണ് ചോദ്യം. പലരും തങ്ങളുടെ വൃക്ക തങ്ങളുടെ സ്വന്തക്കാർക്ക് നൽകാറുണ്ട്. ചില ദരിദ്ര നാടുകളിൽ ചില ദരിദ്രസാധുക്കൾ തങ്ങളുടെ വൃക്ക വിൽക്കാറുണ്ട്. ഇന്ത്യയിലും പാക്കിസ്താനിലുമുള്ളവർ തങ്ങളുടെ വൃക്കകൾ വിൽക്കാറുണ്ട്. അവർ തങ്ങളുടെ ജീവിതത്തിൽത്തന്നെയാണ് അവ നൽകുന്നത്. യഥാർഥത്തിൽ അത്തരത്തിലുള്ള അവയവങ്ങൾ പ്രയോജനപ്പെടുമ്പോഴാണ് ഗുണകരമാവുക.

ഹുദൂർ പറഞ്ഞു: ഇവിടെ ആത്മാവ് ഒരു വിഷയമേ അല്ല. മരണശേഷം ആത്മാവിന് ശരീരവുമായി ഒരു ബന്ധവും ഉണ്ടാകില്ല. മനുഷ്യൻ മരിച്ചിരിക്കുന്നുവെന്ന് ഒരു ഡോക്ടർ സ്ഥിരീകരിച്ചു കഴിഞ്ഞാലും ഏതാനും സമയംവരെ ചില അവയവങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കും. പ്രസ്തുത സമയത്തിനുള്ളിൽ കണ്ണുകളോ അല്ലെങ്കിൽ മറ്റേതെങ്കിലും അവയവമോ എടുത്ത് മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുകയാണെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്. ആത്യന്തികമായി എല്ലാംതന്നെ മരണപ്പെടേണ്ടതാണ്. മസ്തിഷ്കം മരണപ്പെട്ടെങ്കിൽ അല്പ സമയത്തിനുള്ളിൽ മറ്റ് അവയവങ്ങളും നിശ്ചലമാകുന്നതാണ്. അപ്പോൾ അത്തരം അവയവങ്ങളെ എടുത്ത് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിൽ എന്താണ് തെറ്റ്? ചുരുക്കത്തിൽ ഇതിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപം ശരിയല്ല.

☆ ഒരു വാഖിഫെനൗ ഖാദിം ചോദിച്ചു: എനിക്ക് ഒരു വഖ്ഫെനൗ മകളുമുണ്ട്. പിതാവ് എന്ന നിലയിൽ ഞങ്ങൾ ഞങ്ങളുടെ വാഖ്ഫീനെനൗ കുട്ടികളെ എങ്ങനെയാണ് പരിഗണിക്കേണ്ടത്?

ഹുദൂർ പറഞ്ഞു: ഒന്നാമതായി സ്വയം നമസ്കാരം അനുഷ്ഠിക്കുക. അല്ലാഹു നിങ്ങളെയും നന്നാക്കിത്തീർക്കുകയും യഥാർഥ വഖ്ഫെനൗ ആക്കുകയും രാജ്യത്തിനും സമുദായത്തിനും ജമാഅത്തിനും വേണ്ടി ഒരു നല്ല മുതൽക്കൂട്ടാക്കി മാറ്റുന്ന തരത്തിൽ കുട്ടികൾക്ക് നല്ല നിലയിൽ ശിക്ഷണം കൊടുക്കുന്നവരാക്കി മാറ്റുകയും ചെയ്യട്ടെ എന്ന് ദുആയും ചെയ്യുക.

☆ഒരു വാഖ്ഫെനൗ ചോദിച്ചു, വിശ്വാസി ഒരു പക്ഷിയെ പോലെയാണെന്നാണ് സൂഫികൾ പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുള്ളത് വിശ്വാസി ഈ ലോകത്താണുള്ളതെങ്കിലും ഈ ലോകത്തിന്റേതല്ല എന്നാണ്. എന്റെ ചോദ്യം ഇതാണ്, നാം ഭൗതികതയിലേക്കാണ് ധാരാളമായി ചാഞ്ഞു കൊണ്ടിരിക്കുന്നത്, ആത്മീയതയിൽനിന്ന് അകന്നു കൊണ്ടിരിക്കുകയാണെന്ന് എങ്ങനെയാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുക?

ഹുദൂർ പറഞ്ഞു: ഇത്ര നിസാരമായ കാര്യംപോലും താങ്കൾക്ക് മനസ്സിലാകുന്നില്ലേ? അഞ്ചുനേര നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്നതിനെ അല്ലെങ്കിൽ കൃത്യ സമയത്ത് അനുഷ്ഠിക്കുന്നതിനെ കുറിച്ച് നിങ്ങൾക്ക് ചിന്തയില്ലെങ്കിൽ, കൃത്യതയോടു കൂടി നഫ്ൽ നമസ്കാരം അനുഷ്ഠിക്കുന്നതിലേക്ക് ചിന്തയില്ലെങ്കിൽ, ജനങ്ങളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് നിങ്ങൾക്ക് ചിന്ത ഉണ്ടാകുന്നില്ലെങ്കിൽ, അല്ലാഹു എന്നെ എപ്പോഴും വീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ട് എന്നിൽ നിന്നൊരു തെറ്റും സംഭവിക്കരുത് എന്ന ചിന്ത നിങ്ങളിൽ ഉണ്ടാകുന്നില്ലെങ്കിൽ അതിനർഥം നിങ്ങൾ അല്ലാഹുവിലേക്ക് കുറച്ചും ഭൗതികതയിലേക്ക് കൂടുതലും ചായുന്നു എന്നാണ്. നിങ്ങൾ ആത്മപരിശോധന നടത്തുക. ദീനിന് ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്ന് നിങ്ങൾ ശപഥം ചെയ്തിട്ടുണ്ട്. സൂഫികളുടെ വാക്കുകൾ അവിടിരിക്കട്ടെ. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണ് എന്ന പ്രതിജ്ഞയിലേക്ക് ശ്രദ്ധിക്കുക. എന്നിട്ട് അത് പൂർണമായും പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കുക. നിങ്ങളുടെ നിത്യജീവിതത്തിലെ കർമങ്ങൾ അല്ലാഹുവും അവന്റെ റസൂലും നൽകിയ അധ്യാപനങ്ങൾ അനുസരിച്ചുള്ളതാണോ? ഇത് മനുഷ്യന് ആത്മപരിശോധന നടത്താവുന്നതാണ്. അളവുകോൽ വിശുദ്ധഖുർആൻ നിർണയിച്ചിട്ടുണ്ട്. അളവു കോൽ നിങ്ങളുടെ മുന്നിലുണ്ട്.

ഹുസൂർ പറഞ്ഞു: ഇത് കണക്കിന്റെ കാര്യമല്ല. ഒന്നിനോട് ഒന്ന് ചേർത്താൽ രണ്ട് തന്നെയാണ് ലഭിക്കുക. ഞങ്ങൾ ഇങ്ങനെ ചോദിച്ചാൽ ഇങ്ങനെയുള്ള മറുപടി ലഭിക്കും എന്ന ശീലമാണ് ഇവിടെ ചിലർക്കുള്ളത്. ചില ചോദ്യങ്ങളുടെ ഉത്തരങ്ങൾ അങ്ങനെയുള്ളതായിരിക്കില്ല. ആത്മീയതയുടെ കാര്യം വേറെ തന്നെയാണ്. ആത്മീയതയ്ക്കായുള്ള ഒന്നാമത്തെ കാര്യം അല്ലാഹുവുമായുള്ള ബന്ധമാണ്. ആ ബന്ധം ഉണ്ടോ എന്ന് പരിശോധിക്കുക. നിങ്ങളുടെ ആത്മീയതയെ എനിക്ക് അനുമാനിക്കാൻ സാധ്യമല്ല. അത് സ്വയം നിങ്ങൾക്കേ കഴിയൂ.

☆അതേ ഖാദിം ചോദിച്ചു: ഈ ലോകം ഒരു മായാദർശനമാണ്. ചില വേളകളിൽ നിസാര വസ്തുവിനെ നമ്മൾ വളരെ വലുതാക്കുന്നു. എന്നാൽ, യഥാർഥ ജീവിതം പിന്നീടാണ് വരുന്നത്.

ഹുസൂർ പറഞ്ഞു: ഇതിൽ മായാദർശനത്തിന്റെ കാര്യം എന്താണ്? ലോകം നിങ്ങൾക്ക് മുന്നിൽ കാണാൻ കഴിയുന്നുണ്ട്. ലോകം മുന്നിലുണ്ട്. അത് നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ട്. അതിനാലാണ് വളരെ നിസാര വസ്തുവിനെ നിങ്ങൾ വളരെ വലുതാക്കുന്നത്. എന്നാൽ, പരോക്ഷമായ കാര്യങ്ങളെ സംബന്ധിച്ചുള്ള അറിവ് നിങ്ങൾക്കില്ല. അല്ലാഹുവിലുണ്ടാകേണ്ട പൂർണ വിശ്വാസം മുഴുവനായും നിങ്ങളില്ല. അതിനാൽ ലോകത്തേക്ക് ചായ്‌വ് ഉണ്ടാകുന്നു. അതായത് മുന്നിൽ കാണുന്ന വസ്തുവിനെ യഥാർഥമായി വിശ്വസിക്കുന്നു. അഥവാ മരണ ശേഷമുള്ള ജീവിതമാണ് എന്നെന്നേക്കുമുള്ള ജീവിതമെന്നും അല്ലാഹു നമ്മുടെ കണക്കെടുക്കുന്നതാണെന്നും, അല്ലാഹു നമ്മുടെ ഓരോ പ്രവൃത്തിയേയും കർമങ്ങളെയും കണ്ടുകൊണ്ടിരിക്കുന്നെന്നുമുള്ള ചിന്തയുണ്ടെങ്കിൽ മനുഷ്യൻ ഇഹലോക ജീവിതവും അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് കഴിച്ചു കൂട്ടാൻ പരിശ്രമിക്കുന്നതാണ്. കാരണം ഇഹലോക ജീവിതത്തിന്റെ ഫലമാണ് പരലോകത്ത് ലഭിക്കുന്നത്. വിശുദ്ധ ഖുർആൻ രണ്ട് സ്വർഗത്തിന്റെ സങ്കല്പം പറഞ്ഞിട്ടുള്ളത് ഇതുതന്നെയാണ്. ഇഹലോകത്തേയും സ്വർഗമാക്കുക. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകൾ പ്രാവർത്തികമാക്കുമ്പോഴാണ് അത് സാധ്യമാകുക. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുക. മനുഷ്യരോടുള്ള കടമകളും നിറവേറ്റുക. അങ്ങനെയെങ്കിൽ പരലോകത്തുവച്ച് അല്ലാഹു അതിന്റെ പാരിതോഷികം നൽകുന്നതാണ്. ഇതെല്ലാം സങ്കൽപങ്ങളാണ്. മുന്നിൽ ഉള്ളതുകൊണ്ടാണ് നിങ്ങൾ ഈ ലോകത്തെ വലുതായി മനസ്സിലാക്കുന്നത്. ഒരു സംഭവമുണ്ട്. ഒരു വ്യക്തി ഒരാളെ സംബന്ധിച്ച് എന്തോ പറഞ്ഞു. ആർക്കെതിരായിട്ടാണോ പറഞ്ഞത് അയാൾ അതറിഞ്ഞപ്പോൾ ഇതെന്തിനാണ് പറഞ്ഞതെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: എന്താണോ ഉള്ളത് അത് ഞാൻ സത്യം സത്യമായി പറഞ്ഞു. എന്റെ ജീവൻ അല്ലാഹുവിനുള്ളതാണ്. അതുകൊണ്ട് ഞാനെന്തിന് കളവു പറയണം. അപ്പോൾ ആർക്കെതിരായിട്ടാണോ പറഞ്ഞത് അയാൾ മറ്റെയാളെ പിടികൂടി. എന്നിട്ട് മുഷ്ടി ചുരുട്ടി കാണിച്ചുകൊണ്ട് പറഞ്ഞു, ഇനി പറയുക മുഷ്ടിയാണോ അടുത്തുള്ളത് അതോ അല്ലാഹുവോ? പഞ്ചാബിയിൽ പറയുന്നു, കസ്ഹൻ നേഡേ കെ അല്ലാഹ് നേഡേ? ചുരുക്കത്തിൽ മുഷ്ടി അടുത്താവുമ്പോൾ അല്ലാഹുവിനെ മറന്ന് പോകുന്നു. ഇതാണ് ലോകത്തിന്റെ അവസ്ഥ.

☆അതിന് ശേഷം ഒരു വഖ്ഫെനൗ ഖാദിം ചോദിച്ചു: എന്റെ ചോദ്യം പാക്കിസ്താനിൽനിന്ന് ഇവിടെ വന്ന ചില വാഖ്ഫീനെ നൗവിനെ സംബന്ധിച്ചാണ്. അവർ ജാമിഅയിൽ കുറച്ചുകാലം പഠിക്കുകയും പിന്നീട് ചില കാരണങ്ങളാൽ പഠനം പൂർത്തിയാക്കാൻ കഴിയാതെ പോകുകയും ചെയ്തു. അവരെ സംബന്ധിച്ച് എന്താണ് നിർദേശം? അവർക്കെങ്ങനെയാണ് ജമാഅത്തിന് ഗുണകരമായ വ്യക്തിത്വമാകാൻ സാധിക്കുക?

ഹുദൂർ പറഞ്ഞു: ഇവിടെ ഇപ്പോൾ ഹസനാത്ത് സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞ കാര്യമാണ് അവർക്കുള്ള നിർദേശം. അതായത് സ്ഥിരമായി ജമാഅത്തിന്റെ ജോലിയിലോ അല്ലെങ്കിൽ ജമാഅത്തിന്റെ ശമ്പളപ്പട്ടികയിലോ ഇല്ലാത്തവരായ വാഖ്ഫീനെ നൗകളും സ്വയം തങ്ങളെ വഖ്ഫായി കണക്കാക്കേണ്ടതും സേവനം ചെയ്യേണ്ടതുമാണ്. ഇവിടെ തബ്ലീഗിന്റെ മേഖലകൾ വിശാലമാണ്. തബ്ലീഗ് ചെയ്യുക. തങ്ങളുടെ തബ്ലീഗിന്റെ വൃത്തം വിശാലമാക്കുക. ഒരു തവണ പോയി ലീഫ്ലെറ്റ്സ് കൊടുക്കുന്നതോ അല്ലെങ്കിൽ സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യായിൽ നിന്നോ തബ്ലീഗ് സെക്രട്ടറിയിൽ നിന്നോ ഇത്ര ലക്ഷം ലീഫ്ലെറ്റ്സ് വിതരണം ചെയ്തു എന്ന റിപ്പോർട്ട് വരലോ മാത്രമല്ല തബ്ലീഗ്. ഞാൻ ഇന്നലയോ മിനിഞ്ഞാന്നോ ഇതിനെ കുറിച്ച് ചിന്തിക്കുകയായിരുന്നു. അതായത് ഇവിടെ ജർമനിയിലുള്ള മുപ്പതിനായിരം അഹമ്മദികളിൽ എത്ര പേരാണ് ലീഫ്ലെറ്റ്സ് വിതരണം ചെയ്യുന്നത്? ഉദാഹരണമായി, ഇവിടെ ജർമനിയിൽ 3,500 വാഖ്ഫീനെ നൗ ആൺകുട്ടികളുണ്ട്. അഥവാ എല്ലാ ആൺകുട്ടികളും തബ്ലീഗിൽ പങ്കെടുക്കുകയാണെങ്കിൽ, നോട്ടീസ് വിതരണത്തോടൊപ്പം വ്യക്തിപരമായി ബന്ധങ്ങളും തബ്ലീഗുകളും ഉണ്ടാകുകയാണെങ്കിൽ വളരെ പ്രയോജനകരമായി ത്തീരുന്നതാണ്. ഇതു വളരെ വിശാലമായ മേഖലയാണ്. അതിനൂതനങ്ങളായ മാർഗങ്ങൾ ആവിഷ്കരിക്കുകയും പുതുപുത്തൻ രീതികൾ അവലംബിക്കുകയും ചെയ്യേണ്ടത് നിങ്ങളുടെ ജോലിയാണ്. ജമാഅത്തിന്റെ ശമ്പളപ്പട്ടികയിൽ വന്നെങ്കിൽ മാത്രമെ സേവനം ചെയ്യാൻ സാധ്യമാകൂ എന്ന് പറയുകയാണെങ്കിൽ, ഒന്നാമതായി ജമാഅത്തിന് ഇപ്പോൾ എല്ലാവരെയും എടുക്കുക അസാധ്യമാണ്. ഇനി പാക്കിസ്താനിലെ ജാമിഅയിൽ നിന്ന് പഠനം പൂർത്തിയാക്കാത്തവരോ അല്ലെങ്കിൽ പഠനം ഉപേക്ഷിച്ചവരോ ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും കാരണം ഉണ്ടാകും. അതിനുശേഷം ഇവിടെ വന്നതും ഏതെങ്കിലും കാരണം കൊണ്ടായിരിക്കും. ഇപ്പോൾ ഇവിടെ നിങ്ങൾ സ്വതന്ത്രരാണ്. നിങ്ങളുടെ സാമ്പത്തിക നില മുമ്പത്തേക്കാൾ മെച്ചവുമാണ്. പാക്കിസ്താനെ അപേക്ഷിച്ച് ഇവിടെ മത സ്വാതന്ത്ര്യം നൂറു ശതമാനം അധികമുണ്ട്. മറ്റു പല തരത്തിലുള്ള സൗകര്യങ്ങളുണ്ട്. അതിനെയെല്ലാം പ്രയോജനപ്പെടുത്തി ജമാഅത്തിനുവേണ്ടി പ്രവർത്തിക്കുക.

വാഖ്ഫീനനൗ ഖുദ്ദാമിന്റെ ഈ ക്ലാസ്സ് 12.30 വരെ തുടർന്നു.

## വാഖ്ഫാതെ നൗവിന്റെ ക്ലാസ്സ്:

അതിനു ശേഷം പരിപാടിയനുസരിച്ച് വാഖ്ഫാതെ നൗ (ലജ്ന) ന്റെ ഹുദൂർ തിരുമനസ്സുമായുള്ള ക്ലാസ്സ് ആരംഭിച്ചു.

തൻസീല ഖാലിദ് സാഹിബയുടെ വിശുദ്ധഖുർആൻ പാരായണത്തോടുകൂടി കാര്യപരിപാടിയ്ക്ക് തുടക്കം കുറിച്ചു. നബില അഹ്മദ് സാഹിബ അതിന്റെ ഉർദു പരിഭാഷ കേൾപ്പിച്ചു. തുടർന്ന് മലീഹ നാസിർ സാഹിബ നബി(സ) തിരുമേനിയുടെ തിരുഹദീഥ് അറബിയിൽ കേൾപ്പിച്ചു. വജീഹ നാസിള് സാഹിബ അതിന്റെ അർഥം ഇപ്രകാരം കേൾപ്പിച്ചു: "ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: നബി(സ) തിരുമേനി പറഞ്ഞു, 'അല്ലാഹു നിങ്ങളുടെ ശരീരത്തിലേക്കോ നിങ്ങളുടെ രൂപത്തിലേക്കോ (സൗന്ദര്യമുള്ളതാണോ അല്ലയോ എന്ന്) നോക്കുന്നതല്ല. മറിച്ച്, അവൻ നിങ്ങളുടെ ഹൃദയത്തിലേക്കാണ് (അതിൽ എത്രത്തോളം ആത്മാർഥതയും സദുദ്ദേശ്യവും ഉണ്ടെന്നാണ്) നോക്കുന്നത്. (മുസ്‌ലിം കിതാബുൽ ബിർറി വസ്സില)

അതിനു ശേഷം ത്വാഹിറ അഹ്മദ് സാഹിബ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ താഴെ കൊടുത്തിട്ടുള്ള ഉദ്ധരണി കേൾപ്പിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "മനുഷ്യൻ തന്റെ കർമവും സംസാരവും തമ്മിൽ എത്രത്തോളം സാമ്യമുണ്ടെന്ന് അവലോകനം ചെയ്യുന്നതിലാണ് അല്ലാഹുവിന്റെ ഭയമുള്ളത്. പിന്നീട് തന്റെ സംസാരവും കർമവും സമാനമല്ല എന്ന കാണുകയാണെങ്കിൽ അത് ദൈവകോപത്തിന് കാരണമാകുന്നതാണെന്ന് കരുതുക. വാക്കുകൾ എത്രത്തോളം ശുദ്ധമാണെങ്കിലും ഹൃദയം അശുദ്ധമാണെങ്കിൽ അതിന് ദൈവ ദൃഷ്ടിയിൽ ഒരു മൂല്യവുമില്ല. മറിച്ച് അല്ലാഹുവിന്റെ കോപം ഇറങ്ങുന്നതാണ്. അതിനാൽ

എന്റെ ജമാഅത്ത് മനസ്സിലാക്കിക്കൊള്ളട്ടെ; അവർ എന്റെ പക്കൽ വന്നിട്ടുള്ളത് ബീജാവാപം ചെയ്യുന്നതിനായിട്ടാണ്. അത്ഫലഭൂയിഷ്ടമായ വൃക്ഷമായിത്തീരുന്നതാണ്. അതിനാൽ ഓരോരുത്തരും സ്വന്തം ആന്തരീകാവസ്ഥയും ബാഹ്യാവസ്ഥയും എപ്രകാരമാണെന്നുള്ളത് സ്വയം പരിശോധിക്കട്ടെ. നമ്മുടെ ജമാഅത്തിന്റെ അവസ്ഥയും ഉള്ളിൽ ഒന്നും പുറത്ത് മറ്റൊന്നുമാണെങ്കിൽ -അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ- പിന്നെ പര്യവസാനം ശുഭകരമായിരിക്കില്ല. ഒരു ജമാഅത്തിന്റെ ഹൃദയം ശൂന്യമാണെന്നും കേവലം നാവുകൊണ്ടുള്ള പ്രഖ്യാപനം മാത്രമെ ഉള്ളൂവെന്നും അല്ലാഹു കാണുമ്പോൾ, അവൻ നിരാശ്രയനാണ്. അവൻ അതിനെ ശ്രദ്ധിക്കുകയേ ഇല്ല. ബദ്റിൽ വിജയത്തിന്റെ സുവാർത്ത നൽകപ്പെട്ടിരുന്നു. എല്ലായിടത്തുനിന്നും വിജയത്തിന്റെ പ്രതീക്ഷുണ്ടായിരുന്നു. എന്നിട്ടും നബി (സ) തിരുമേനി കരഞ്ഞ് ദുആ ചെയ്തിരുന്നു. ഹദ്റത്ത് അബൂബക്കർ (റ) ചോദിച്ചു, എല്ലാ നിലയിലും വിജയത്തെ കുറിച്ച് സുവാർത്തയുള്ളപ്പോൾ ഇത്ര അസ്വസ്ഥമാകേണ്ട ആവശ്യമെന്താണുള്ളത്? നബി(സ) തിരുമേനി പറഞ്ഞു, അവൻ നിരാശ്രയനാണ്. അതായത് ദൈവിക വാഗ്ദാനത്തിൽ എന്തെങ്കിലും മറഞ്ഞിരിക്കുന്ന നിബന്ധനയുമുണ്ടാകാം.”(മൽഫൂദാത്ത്, വാള്യം 1, പേജ് 8)

അതിനു ശേഷം ശമീന സഫ്ർ സാഹിബ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ

‘അഹ്ദെ ശിക്നി നഃ കരോ അഹ്‌ലെ വഫാ ഹോജാവോ
അഹ്‌ലെ ശയ്ത്വാൻ നഃ ബനോ അഹ്‌ലെ ഖുദാ ഹോജാവോ’

എന്ന പദ്യത്തിൽനിന്നുള്ള തിരഞ്ഞെടുത്ത വരികൾ അവതരിപ്പിച്ചു. തുടർന്ന് അഫീഫ അഹ്മദ്, സഅ്ദിയ നസീർ, സദഫ് നഫീസ്, മൻസ്വൂറ ഹിന എന്നിവർ “വാഖ്ഫാത്ത നൗവിന്റെ ഉത്തരവാദിത്വങ്ങൾ” എന്ന വിഷയത്തിൽ ഹുദൂർ തിരുമനസ്സിന്റെ നിർദേശങ്ങൾ കേൾപ്പിച്ചു. മൻസ്വൂറ ബിനായുടെ പ്രഭാഷണത്തിലെ വാക്കുകൾ താഴെ കൊടുക്കുന്നു;

## വാഖിഫാതെ നൗവിന്റെ ഉത്തരവാദിത്വങ്ങൾ:

പ്രിയപ്പെട്ട യജമാനരെ! അല്ലാഹുവിന്റെ അനുഗ്രഹത്താൽ തങ്ങളുടെ പഠനം പൂർത്തിയാക്കിയതിന് ശേഷം വീണ്ടും വഖ്ഫ് പുതുക്കിക്കൊണ്ട് അല്ലാഹുവിന്റെ ദീനിന്റെ സേവനത്തിനായി മുന്നേറുന്നതാണ് എന്ന പ്രതിജ്ഞ ചെയ്തിട്ടുള്ള വാഖിഫാതെ നൗകൾക്കും ഇന്നത്തെ ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള സൗഭാഗ്യം ലഭിച്ചിരിക്കുകയാണ്. ഞങ്ങളെ ദീനിന്റെ സേവനത്തിനായി ഞങ്ങളുടെ മാതാപിതാക്കൾ സമർപ്പിച്ചിരിക്കുന്നു എന്നത് ഞങ്ങളുടെ സൗഭാഗ്യമാണ്. കൂടാതെ ഇന്ന് ഞങ്ങൾക്ക് സ്വയം ഞങ്ങളെ സമർപ്പിക്കാനുതകുന്ന നിലയിൽ ഞങ്ങൾക്ക് ശിക്ഷണം നൽകുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ മാതാപിതാക്കളുടെയും ഞങ്ങളുടെയും ഈ ത്യാഗം അല്ലാഹു സ്വീകരിക്കുന്നതിനുവേണ്ടിയും ഞങ്ങൾക്ക് ഉന്നതമായ സേവനങ്ങൾ ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നതിനു വേണ്ടിയും പ്രിയങ്കരനായ ആഖായോട് ദുആ ചെയ്യാനപേക്ഷിക്കുകയും ചെയ്യുന്നു. ആമീൻ

എന്റെ വാഖ്ഫാത്തെ നൗ സഹോദരിമാരെ! കുട്ടിക്കാലം മുതൽക്കുതന്നെ നമുക്ക് കാലത്തിന്റെ ഖലീഫമാരുടെ മാർനിർദേശമനുസരിച്ച് വളരുന്നതിനുള്ള അവസരം ലഭിച്ച നമ്മൾ സൗഭാഗ്യവതികളാണ്. പ്രിയപ്പെട്ട ഹദൂർ പ്രായത്തിന്റെ ഓരോ ഘട്ടത്തിലും നമുക്ക് മാർഗനിർദേശവും ശിക്ഷണവും നൽകുകയുണ്ടായി. 2012ലെ യു.കെ വാർഷിക ഇജ്തിമായിൽ ഹുദൂർ തിരുമനസ് പറഞ്ഞു, “നിങ്ങളിൽ നിന്നുള്ള ധാരാളം വാഖിഫാതെ നൗകൾ പ്രായപൂർത്തിയിലേക്കെത്തിയിരിക്കുന്നു. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളുടെ ജനനത്തിനു മുമ്പേ ചെയ്ത പ്രതിജ്ഞയെ സ്വയം നിലനിറുത്തുന്നതാണെന്ന പ്രതിജ്ഞയും നിങ്ങൾ ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിൽ കഴിച്ചു കൂട്ടുന്ന ജീവിതം മാത്രമാണ് സഫലമായ ജീവിതം എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളു എന്നത് നിങ്ങൾ എല്ലാവരും ഓർത്തിരിക്കേണ്ടതാണ്. ഒരു വാഖ്ഫെനൗ പെൺകുട്ടി എന്ന നിലയിൽ നിങ്ങൾ എപ്പോഴും മനസ്സിലാക്കിയിരിക്കേണ്ട കാര്യം നിങ്ങളുടെ വ്യക്തിത്വം ഹദ്റത്ത് മർയം (അ) ന്റെ വ്യക്തിത്വം പോലെയാണെന്നതാണ്. മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ അവരുടെ പെരുമാറ്റ രീതിയും പ്രവർത്തന മാതൃകയും മാർഗദർശനമായി നിങ്ങളുടെ മുന്നിൽ എപ്പോഴും വെക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്ന അവന്റെ സാമീപ്യം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്ന ഓരോ വിശ്വാസിനിയായ സ്ത്രീക്കും തന്റെ ചാരിത്രവും അന്തസും സംരക്ഷിക്കേണ്ടത് അനിവാര്യമാകുന്നു. ഏതായാലും ഓരോ വാഖ്ഫെ നൗവും ഓരോ മാതൃകയാകുന്നു. മറ്റുള്ള പെൺകുട്ടികൾക്ക് പിൻപറ്റാവുന്ന ഒരു റോൾമോഡലാകുന്നു. അവർ മറ്റുള്ളവർക്ക് ലജ്ജയിലും ചാരിത്രത്തിലും ആദരിക്കുന്നതിലും മാർഗദർശകരാകേണ്ടതാണ്.

ഹദ്റത്ത് മർയം (അ) ന്റെ മറ്റൊരു വലിയ സവിശേഷത വിശുദ്ധഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. അത് അവർ ‘സിദ്ദീഖ’യായിരുന്നു എന്നതാണ്. സത്യം പറയുന്ന സ്ത്രീകളെയാണ് ‘സിദ്ദീഖ’ എന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ സ്വയം ഈ പ്രതിജ്ഞ പുതുക്കിയിരിക്കുകയാണ്. അതിനാൽ നിങ്ങൾക്കും സദാ സത്യസന്ധതയുടെയും വിശ്വസ്തതയുടെയും മാർഗത്തിൽ ചലിച്ചുകൊണ്ട് അതിനെ പൂർത്തിയാക്കേണ്ടതുണ്ട്. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും പൂർണമായും സത്യത്തിലും ദൈവഭയത്തിലും അധിഷ്ഠിതമായതായിരിക്കണം. നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും നിങ്ങൾ ഒരു വാഖ്ഫെനൗ ആണെന്നത് വെളിപ്പെടുത്തുന്നതായിരിക്കണം. ഒരു വാഖ്ഫെനൗ ആണെന്ന കാരണത്താൽ നിങ്ങൾ പൂർണമായും സത്യസന്ധതയുടെ മൂർത്തിഭാവമായ സിദ്ദീഖയാകുന്നു. എന്തൊക്കെയായാലും സത്യം പറയുന്നവരാണ് എന്ന നിലയിലായിരിക്കണം നിങ്ങൾ തിരിച്ചറിയപ്പെടേണ്ടത്. നിങ്ങൾ ഉന്നതമായ ഈ നിലവാരം കരസ്ഥമാക്കുമ്പോൾ മാത്രമെ കാലത്തിന്റെ ഖലീഫയോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നവരായി മാറുകയുള്ളു. മറ്റുള്ളവർക്ക് നിങ്ങളിൽ ആരോപണം ഉന്നയിക്കാൻ സാധിക്കാത്ത പെരുമാറ്റം ആയിരിക്കണം നിങ്ങളുടേത് എന്നത് മാത്രം പോരെന്ന് എല്ലാവരും ഓർത്തിരിക്കേണ്ടതാണ്. മറിച്ച്, അതിനേക്കാൾ മഹത്തായ നിലയിൽ ഉന്നതമായ ധാർമികഗുണങ്ങൾ സ്വായത്തമാക്കുകയും അങ്ങനെ നിങ്ങളുടെ പെരുമാറ്റരീതി മറ്റുള്ളവർക്ക് ഒരു സുന്ദരമായ അനുധാവനയോഗ്യമായ മാതൃകയായിത്തീരേണ്ടതുമാണ്. അതിനാൽ സ്വന്തം ആരാധനയുടെ അടിസ്ഥാനത്തിൽ നിങ്ങൾ എല്ലാവരുടെയും റോൾമോഡലായിത്തീരേണ്ടതാണ്. സ്വന്തം സത്യസന്ധതയുടെ അടിസ്ഥാനത്തിൽ എല്ലാവരുടെയും റോൾമോഡലായിത്തീരേണ്ടതാണ്. അല്ലാഹുവിനെ ഭരമേൽപ്പിക്കുന്ന കാര്യത്തിൽ എല്ലാവരുടെയും റോൾമോഡലായിത്തീരേണ്ടതാണ്. സ്വന്തം പരിശുദ്ധിയുടെയും ചാരിത്രശുദ്ധിയുടെയും കാര്യത്തിൽ നിങ്ങൾ എല്ലാവർക്കും ഒരു റോൾമോഡലായിരിക്കണം. അതുപോലെ അനാവശ്യവും സമയം നഷ്ടപ്പെടുത്തുന്നതുമായ കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുന്നതിൽ ഒരു മാതൃക സ്ഥാപിക്കേണ്ടതാണ്. അവ ഒരു തരത്തിലും നിങ്ങളിൽ സ്വാധീനം ഉണ്ടാക്കരുത്. ഒരു തരത്തിലുമുള്ള അനിഷ്ടകരമായ ഫേഷനിലേക്കോ അനാചാരങ്ങളിലേക്കോ നിങ്ങൾക്ക് ചായ്‌വ് ഉണ്ടാകരുത്. പെൺകുട്ടികൾക്ക് ഫേഷന്റെ ആവശ്യമുണ്ടെന്നും അവരുടെ ഫേഷനുവേണ്ടി ചില പരിപാടികൾ ഉണ്ടായിരിക്കണമെന്നും പറയപ്പെടുന്നു. എന്നാൽ, നിങ്ങൾ അതിൽ നിന്ന് അകന്ന് നിൽക്കേണ്ടതാണ്. നിങ്ങൾ പ്രസ്തുത എല്ലാ ഗുണങ്ങളെയും സ്വായത്തമാക്കിയാൽ നിങ്ങൾ ഉന്നത ധാർമിക നിലവാരത്തിലുള്ള ഒരു വ്യക്തി മാത്രമായിരിക്കില്ല. മറിച്ച്, നിങ്ങൾ ഭാവി തലമുറകളുടെ ധാർമിക ഗുണങ്ങളുടെയും ഭയഭക്തിയുടെയും ജാമ്യക്കാരായും മാറുന്നതാണ്. അതിനാൽ എല്ലായ്പ്പോഴും അല്ലാഹുവിനെ സ്വന്തം മുന്നിൽ വെക്കേണ്ടതാണ്. അവന് ഇഷ്ടമില്ലാത്തതിൽനിന്നും അകന്നു നിൽക്കുകയും ചെയ്യുക. എപ്പോഴും ഖിലാഫത്തുമായി കൂറു പുലർത്തിക്കൊണ്ടിരിക്കുക. അതിന്റെ സംരക്ഷണത്തിനും സുദൃഢതയ്ക്കുംവേണ്ടി സർവ ത്യാഗങ്ങൾക്കും സന്നദ്ധരായിരിക്കുക. നിങ്ങൾ ജുമുഅ ഖുത്ബയും കാലത്തിന്റെ ഖലീഫയുടെ മറ്റു പ്രഭാഷണങ്ങളും ശ്രദ്ധിച്ചു കേൾക്കുക. അത് പ്രാവർത്തികമാക്കുന്നതിന് കഴിവിന്റെ പരമാവധി ശ്രമിക്കുക. അല്ലാഹു നിങ്ങൾക്ക് അതിനുള്ള തൗഫീഖ് നൽകുമാറാട്ടെ.”(വാഖ്ഫീനെ നൗയിന്റെ തഅ്‌ലീമും തർബിയ്യത്തും, പേജ് 163-168)

തുടർന്ന് ഹുദൂർ തിരുമനസ് വാഖ്ഫാത്തെ നൗ (ലജ്ന)കൾക്ക് ചോദ്യം ചോദിക്കുന്നതിനുള്ള അനുമതി നൽകി.

## വാഖിഫാത്തെ നൗകളോടൊപ്പം ചോദ്യോത്തര സദസ്സ്:

☆ഒരു വാഖ്ഫാത്തെ നൗ ഹുദൂർ തിരുമനസിനോട് തന്റെ മാതാവ് അർബുധ രോഗ ബാധിതയാണെന്നും ദുആക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

☆അതിനു ശേഷം ഒരു വാഖ്ഫായെ നൗ ചോദിച്ചു, ചില കുട്ടികളുടെയും ആളുകളുടെയും പേര് മുഹമ്മദ് എന്നാകുന്നു. ആളുകൾ പേര് വിളിച്ച് അസഭ്യം പറയാറുണ്ട്. പിന്നീട് ശീലം കാരണത്താൽ സ്വല്ലല്ലാഹു അലയ്ഹി വസല്ലം എന്നും പറയുന്നു. അതിന് മറുപടിയായി ഹുദൂർ തിരുമനസ് പറഞ്ഞു: മുഹമ്മദ് എന്ന പേരു ഇടുന്നതിൽ ഒരു കുഴപ്പവും ഇല്ല. മുഹമ്മദ് അഹ്മദ് എന്നോ ഗുലാം മുഹമ്മദ് എന്നോ അല്ലെങ്കിൽ അതുപോലുള്ള പേരുകളോ ഇടുന്നു. അരുടെയെങ്കിലും പേര് മുഹമ്മദ് എന്നാണെങ്കിൽ അയാൾ എന്തായാലും സ്വല്ലല്ലാഹു അലയ്ഹി വസല്ലം ആകില്ല. ആരെങ്കിലും അങ്ങനെ പറയുന്നെങ്കിൽ അത് തെറ്റാണ്. നിങ്ങൾ അങ്ങനത്തെ ഏതെങ്കിലും സംഭവം കണ്ടിട്ടുണ്ടെങ്കിൽ ഉടനെ അത് തിരുത്തേണ്ടതായിരുന്നു. പരിഷ്കരണവും വാഖ്ഫാത്തെ നൗവിന്റെ ജോലിയിൽ പെട്ടതാണ്. മറ്റുള്ളവർ നിങ്ങളെ എത്ര തന്നെ ചീത്ത പറഞ്ഞാലും സത്യത്തിനായി നിങ്ങൾക്ക് പീഢനമേൽക്കേണ്ടി വന്നാലും അതിനു തയ്യാറാകേണ്ടതാണ്.

☆അതിനു ശേഷം ഒരു വാഖ്ഫായെ നൗ ചോദിച്ചു: ആർക്കെങ്കിലും വേണ്ടി ഹജ്ജ് ചെയ്യാമെങ്കിൽ ആർക്കെങ്കിലും വേണ്ടി ഉംറയും ചെയ്യാമോ? ഹുദൂർ തിരുമനസ് പറഞ്ഞു: ആർക്കെങ്കിലും വേണ്ടി ഹജ്ജ് ചെയ്യാമെങ്കിൽ ഉംറ എന്ത്കൊണ്ട് ചെയ്തുകൂടാ? ഉംറയും ചെയ്യാവുന്നതാണ്.

☆അതിനു ശേഷം ഒരു വാഖ്ഫായെ നൗ ചോദിച്ചു, ഞങ്ങളിൽ നിന്നുള്ള ചിലർ ഞങ്ങൾ ഇന്ന ഫീൽഡിലേക്ക് പോകാമെന്ന് എഴുതിക്കുകയുണ്ടായി. എന്നാൽ, ചില കാരണങ്ങളാൽ ആ ഫീൽഡിൽ പോകാൻ സാധിച്ചില്ല. പിന്നീട് വിവാഹം കഴിഞ്ഞു. കുട്ടികളായി. അതിനു ശേഷവും ആ ഫീൽഡിലേക്ക് പോയില്ല. അത്തരത്തിലുള്ള വാഖിഫായെ നൗ കൾക്കുള്ള നിർദേശം എന്താണ്?

ഹുദൂർ തിരുമനസ് പറഞ്ഞു: തബ്‌ലീഗിന്റെ മേഖല എല്ലാവർക്കുംവേണ്ടി തുറന്നു കിടക്കുകയാണ്. കുട്ടികളുണ്ടെങ്കിൽ അവരുടെ ശിക്ഷണത്തിന്റെ മേഖല തുറന്നു കിടക്കുകയാണ്. ആരാധനകളുടെ മേഖല കാലിയായി കിടക്കുന്നു. ആരാധനയിൽ മാതൃക സ്ഥാപിക്കുക. സ്വന്തം മക്കൾക്ക് നല്ല ശിക്ഷണം നൽകുക. സ്വന്തം ചുറ്റുപാടിൽ തബ്‌ലീഗ് ചെയ്യുക. ലജ്നയിൽ നിന്ന് എന്തെങ്കിലും ജോലി ലഭിക്കുകയാണെങ്കിൽ അത് ഒരു വാഖിഫെ സിന്ദഗിയെ പോലെ ചെയ്യുക.

☆അതിനു ശേഷം ഒരു വാഖ്ഫായെ നൗ ചോദിച്ചു, നമ്മുടെ ജമാഅത്തിന്റെ ആദർശസൂക്തം എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതാണല്ലോ. എന്നാൽ, ചില സംഘടനകളും ചില ആളുകളും നിഷ്കളങ്കരായവരെ കൊന്നു കൊണ്ടിരിക്കുകയാണ്. അവരെ സംബന്ധിച്ച് എന്താണ് പറയേണ്ടത്?

ഹുദൂർ തിരുമനസ് പറഞ്ഞു: ഞാൻ ഇത് സംബന്ധമായി ഒരു ഖുത്ബ നൽകിയിരുന്നു. ഖുത് ബ

കേൾക്കുക. അതിലെ പോയിന്റുകൾ കുറിച്ചെടുക്കുക.

ഹുദൂർ തിരുമനസ് പറയുന്നു: നമ്മുടെ ആദർശ സൂക്തം *ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂസുല്ലാ* യിൽ നിന്നാണ് ഉണ്ടാക്കിയിരിക്കുന്നത്. നബി(സ)തിരുമേനി പറയുന്നു, നിങ്ങൾ അക്രമിയെയും സഹായിക്കുക. അക്രമിക്കപ്പെട്ടവനെയും സഹായിക്കുക. സ്വഹാബാക്കൾ ചോദിച്ചു, എങ്ങനെയാണ് അക്രമിയെ സഹായിക്കുക? അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു, അവനെ അക്രമത്തിൽ നിന്ന് തടയുക, അവനെ പറഞ്ഞ് മനസ്സിലാക്കുക. അല്ലെങ്കിൽ ദുആ ചെയ്യുക.

ഹുദൂർ തിരുമനസ് പറഞ്ഞു: എല്ലാവരോടുമുള്ള സ്നേഹത്തിന്റെ നിലവാരം ഒരേപോലെ ആയിരിക്കില്ല. നിങ്ങളുടെ മക്കളോടുള്ള നിങ്ങളുടെ സ്നേഹത്തിന്റെ നിലവാരം വേറെയായിരിക്കും, മാതാപിതാക്കളോടുള്ള സ്നേഹത്തിന്റെ നിലവാരം വേറെയായിരിക്കും, സഹോദരസഹോദരിമാരോടുള്ള നിലവാരം വ്യത്യസ്തമായിരിക്കും, കൂട്ടുകാരോടുള്ളത് വ്യത്യസ്തമായിരിക്കും. ഓരോരുത്തരോടുമുള്ള സ്നേഹത്തിന്റെ നിലവാരവും വ്യത്യസ്തമായിരിക്കും. മോഷ്ടാവിനോട് നീ മോഷ്ടിച്ചു എന്ന് പറഞ്ഞുകൊണ്ട് സഹതാപം പ്രകടിപ്പിക്കാൻ കഴിയില്ല. എന്നാൽ, ഒരു മനുഷ്യനെന്ന നിലയിൽ അയാളോട് നമുക്ക് സഹതാപമുണ്ട്. അയാളുടെ പ്രവൃത്തിയോട് നമുക്ക് സഹതാപമില്ല. ഏതെങ്കിലും തരത്തിലുള്ള തിന്മ ചെയ്യുന്നവരോടുള്ള സ്നേഹവും സഹതാപവും എപ്രകാരമെന്നാൽ അതിനെ കൈകൊണ്ട് തടയാൻ സാധിക്കുന്നില്ലെങ്കിൽ, നാവ് കൊണ്ട് തടയാൻ സാധിക്കുന്നില്ലെങ്കിൽ ദുആ ചെയ്തു കൊണ്ട് തടയുക. പക്ഷേ, മനസ്സിൽ രോഷം വെച്ചുകൊണ്ട് അയാൾക്ക് നഷ്ടം ഉണ്ടാക്കാൻ ശ്രമിച്ചാൽ അത് വിദ്വേഷമാകുന്നു. സ്നേഹത്തിന്റെ അർത്ഥം വളരെ വിശാലമാകുന്നു. പ്രത്യക്ഷത്തിലുള്ള അർത്ഥം മാത്രം എടുക്കരുത്. അത്തരം വ്യക്തികളോട് നിങ്ങൾക്ക് രോഷം ഉണ്ടെങ്കിൽ അത് വിദ്വേഷമായി മാറുന്നു. എന്നാൽ, അയാളെ നന്നാക്കിയെടുക്കാൻ ശ്രമിക്കുന്നെങ്കിൽ അത് സ്നേഹത്തിന്റെ തന്നെ ഒരു നിലവാരം ആകുന്നു.

☆ ഒരു വാഖിഫായെ നൗ ചോദിച്ചു, തബ്ലീഗ് സംബന്ധമായുള്ള ചോദ്യമാണ് എന്റേത്. ധാരാളം ആളുകൾ ജമാഅത്തിനാൽ പ്രഭാവിതരാകുന്നു. ഖിലാഫത്തിനാലും സ്വാധീനിക്കപ്പെടുന്നു. എന്നിരുന്നാലും അവർ ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നില്ല. അത്തരം ആളുകളെ എങ്ങനെയാണ് വഴിനടത്തേണ്ടത്?

ഹുദൂർ തിരുമനസ് പറഞ്ഞു: അവർ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ആകേണ്ട. അല്ലാഹു പറയുന്നു, സൽമാർഗം കാണിച്ചു കൊടുക്കുന്നതും അവരെ ജമാഅത്തിൽ ഉൾപ്പെടുത്തുന്നതും എന്റെ ജോലിയാണ്, നിങ്ങളുടേതല്ല. നബി (സ) തിരുമേനിയോട് അല്ലാഹു പറഞ്ഞു, *'ബല്ലിഗ് മാ ഉൻസില ഇലയ്ക്ക'* നിങ്ങളുടെ ജോലി തബ്ലീഗ് മാത്രമാകുന്നു. അവരിലേക്ക് സന്ദേശം എത്തിക്കുക. സൽപ്രകൃതക്കാരും ദൈവഭയമുള്ളവരും തീർച്ചയായും വരുന്നതാണ്.

ഹുദൂർ തിരുമനസ് പറയുന്നു: ചിലർ ജമാഅത്തിനെയും നല്ല പോലെ മനസ്സിലാക്കിയിട്ടുണ്ട്. ഖിലാഫത്തിനേയും നല്ല പോലെ മനസ്സിലാക്കിയിട്ടുണ്ട്. അത്തരക്കാർക്കുവേണ്ടി അഹ്മദിയാകുന്നതിനുള്ള അവരുടെ തടസം ദുരീകരിക്കപ്പെടുന്നതിനായും ബയ്അത്ത് ചെയ്യുന്നതിനായും ദുആ ചെയ്യുക. കാരണം യഥാർഥ കാര്യം ബയ്അത്ത് തന്നെയാണ്. അത്തരക്കാർക്കു വണ്ടി ദുആ ചെയ്യുക എന്നതാണ് നിങ്ങളുടെ ജോലി. നിർബന്ധിക്കാൻ പറ്റില്ല. ആരെയും നിർബന്ധിച്ച് അഹ്മദിയാക്കുക സാധ്യമല്ല. സന്ദേശം എത്തിക്കുക. അതിനു ശേഷം അല്ലാഹുവിനോട് ദുആ ചെയ്യുക. അല്ലാഹുവിൽ വിട്ടേക്കുക. അങ്ങനെ കുറഞ്ഞ പക്ഷം സന്ദേശമെങ്കിലും എത്തിച്ചേരുന്നതാണ്. പിന്നീട് അവർക്കുള്ള തടസം മാറിക്കിട്ടുന്ന അവസ്ഥ വന്നേക്കാം. അല്ലെങ്കിൽ ലോകത്തോടുള്ള അവരുടെ ഭയം അകന്നു പോയേക്കാം. അല്ലെങ്കിൽ ജമാഅത്ത് വളരെ അഭിവൃദ്ധി പ്രാപിക്കുകയും എല്ലാവരും അതിൽ പ്രവേശിക്കുകയാണെന്ന് അവർക്ക് ബോധ്യമാകുകയും അത്തരം അവസരത്തിൽ ജമാഅത്ത് എന്താണെന്ന് തങ്ങൾ അറിഞ്ഞിരുന്നില്ല എന്ന കാരണം പറയാൻ കഴിയാത്ത അവസ്ഥ സംജാതമാകുകയും ചെയ്യും. അത്തരം ഒരു breakthrough സംജാതമാകുമ്പോൾ ഇൻശാഅല്ലാഹ് ജനങ്ങൾ അംഗങ്ങളാകുന്നതാണ്. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധഖുർആനിൽ '*ഫീദീനില്ലാഹി അഫ്വാജാ*' എന്ന് പറഞ്ഞിട്ടുള്ളത്. ഇസ്തിഗഫാർ ചെയ്യുകയും ദുആ ചെയ്യുകയുമാണ് നിങ്ങളുടെ ജോലി. അത് ചെയ്തു കൊണ്ടേ പോകുക. സന്ദശം എത്തിച്ചു കൊണ്ടേയിരിക്കുക.

☆ ഒരു വാഖ്ഫായെ നൗ ചോദിച്ചു, ഞാൻ എഞ്ചിനീയറിങ്ങിൽ ബാച്ച്ലർസ് ചെയ്തിട്ടുണ്ട്. ഇപ്പോൾ intelligent systems ൽ മാസ്റ്റർസ് ചെയ്തു കൊണ്ടിരിക്കുകയാണ്. മാസ്റ്ററിന്റെ കോഴ്സിൽ എനിക്ക് എടുക്കാൻ സാധിക്കുന്ന 3 മേഖലകളുണ്ട്. ഒന്ന് artificial intelligence ആകുന്നു. രണ്ടാമത്തേത് medical devices ഉണ്ടാക്കുന്ന മേഖലയാകുന്നു. മൂന്നാമത്തേത് disabled ആളുകൾക്കായുള്ള intelligence സിസ്റ്റം ഉണ്ടാക്കുന്ന മേഖലയാണ്. ഇതിൽ നിന്ന് ഏത് മേഖലയാണ് ഞാൻ തിരഞ്ഞെടുക്കേണ്ടത്?

ഹുസൂർ തിരുമനസ് പറഞ്ഞു: മൂന്നാമത്തെ മേഖലയായ disabled ആളുകൾക്കായുള്ള intelligence സിസ്റ്റം ഉണ്ടാക്കുന്ന മേഖല തിരഞ്ഞെടുക്കുക. കൂടാതെ ഇത് ചെയ്യുമ്പോൾ റബ്വയിൽ നമ്മൾ ഭിന്നശേഷിക്കാർക്കായി തുറന്നിട്ടുള്ള സ്കൂളിലും വഖ്ഫെ ആർസി ചെയ്തു വരേണ്ടതാണ്.

☆ ഒരു വാഖ്ഫായെ നൗ ചോദിച്ചു, ഹുദൂർ പര്യടനത്തിന് പോകുമ്പോൾ സ്വന്തമാണോ പാക്കിങ്ങ് ചെയ്യുന്നത്?

ഹുദൂർ പറഞ്ഞു: ഞാൻ സ്വയമല്ല ചെയ്യുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ഭാര്യയാണ് ചെയ്യുന്നത്.

☆ ഒരു വാഖ്ഫായെ നൗ brain tumour രോഗിയായ തന്റെ പിതാവിനു വേണ്ടി ദുആക്കപേക്ഷിച്ചപ്പോൾ ഹുദൂർ തിരുമനസ് പറഞ്ഞു: അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

☆അതിനു ശേഷം ഒരു വാഖ്ഫായെ നൗ ചോദിച്ചു, ഇവിടെ ജർമനിയിൽ parent leave benefit ലഭിക്കുന്നുണ്ട്. അതു കൊണ്ടുള്ള ഉദ്ദേശ്യം, കുട്ടിക്ക് ഒരു വയസ്സായ ഉടൻതന്നെ മാതാക്കൾ ജോലിക്ക് തിരിച്ച് പോകണം. മറ്റൊരു ഉദ്ദേശ്യം പിതാവും കുട്ടികളെ പരിപാലിക്കണം എന്നതാണ്. ഇവിടെ സമൂഹം ഇത്തരം കാര്യങ്ങളെ പിൻപറ്റുകയാണെങ്കിൽ അവർക്ക് പുരോഗതി ഉണ്ടാകുമോ?

ഹുസൂർ തിരുമനസ് പറഞ്ഞു: സർക്കാർ maternity benefits നൽകുന്നുണ്ടെങ്കിൽ അത് സർക്കാർ നൽകുന്ന ഒരു അവകാശമാകുന്നു. അതിലെന്ത് പരാതിയുണ്ടാകാനാണ്? അഥവാ ഒരു പുരുഷൻ സർക്കാരിൽ നിന്ന് പൈസ വാങ്ങുകയും ജോലിക്ക് പോകാതിരിക്കുകയും എന്നിട്ട് നീ കുട്ടികളെ പരിപാലിക്കുക, ഞാൻ പുറത്ത് കറങ്ങാൻ പോകുകയാണെന്ന് പറഞ്ഞാൽ അത് അനുവദനീയമല്ല. എന്നാൽ ഭാര്യയെ സഹായിക്കുകയോ കുട്ടികളെ പരിപാലിക്കുകയോ ചെയ്യുകയാണെങ്കിൽ അത് അനുവദനീയമാണ്.

☆ ഒരു വാഖിഫായെ നൗ ചോദിച്ചു, ഹുദൂർ തിരുമനസ് കഴിഞ്ഞ ഖുത്ബയിൽ തന്റെ പിതൃസഹോദരീ ഭർത്താവിനെ സംബന്ധിച്ച് അദ്ദേഹം ലോട്ടറി എടുത്തിരുന്നു എന്ന് പറയുകയുണ്ടായി?

ഹുദൂർ തിരുമനസ് പറഞ്ഞു: ഞാനൊരിടത്തും ലോട്ടറി എന്ന പദം ഉപയോഗിച്ചിട്ടേയില്ല. ലോട്ടറി ഹറാമാകുന്നു. ഞാൻ പ്രൈസ് ബോണ്ട് എന്നാണ് പറഞ്ഞത്. പാക്കിസ്താനിൽ പ്രൈസ് ബോണ്ടാണുള്ളത്. പ്രൈസ് ബോണ്ട് അനുവദനീയമാണ്. കാരണം നിങ്ങൾ പ്രൈസ് ബോണ്ട് വാങ്ങിക്കഴിഞ്ഞാൽ അത് വിൽക്കാവുന്നതുമാണ്. ലോട്ടറി ഒരാൾക്ക് ലഭിച്ചാൽ മറ്റെല്ലാം പാഴാകുന്നു. എന്നാൽ പ്രൈസ് ബോണ്ട് സർക്കാരിന്റെ സംരംഭമാണ്. 100 രൂപയുടെ പ്രൈസ് ബോണ്ടാണെങ്കിൽ അത് ഒരു പ്രാവശ്യം കിട്ടിയില്ലെങ്കിൽ അടുത്ത തവണ കിട്ടിയേക്കാം. ഇനി അഥവാ കിട്ടിയില്ലെങ്കിൽത്തന്നെ നാലോ അഞ്ചോ അല്ലെങ്കിൽ പത്ത് വർഷമോ അവിടെ കിടക്കുന്നു. അപ്പോഴും താങ്കളുടെ 100 രൂപ തിരിച്ചു ലഭിക്കുന്നതാണ്. അതുപോലെത്തന്നെ യു.കെയിലും പ്രൈസ് ബോണ്ട് പദ്ധതിയുണ്ട്. പ്രൈസ് ബോണ്ട് വാങ്ങുന്നത് തികച്ചും അനുവദനീയമാണ്. എന്നാൽ, ലോട്ടറി ഒരു പ്രാവശ്യം വാങ്ങുന്നു. അത് പാഴാകുന്നു. അതിൽ രണ്ടോ മൂന്നോ സമ്മാനം ലഭിക്കുന്നു. പിന്നീട് തീരുന്നു. പ്രൈസ് ബോണ്ടിൽ ഒരു ഒന്നാം സമ്മാനം ഉണ്ടാകുന്നു. പിന്നെ രണ്ടാം സമ്മാനം. പിന്നെ മൂന്നാം സമ്മാനം. പിന്നെ അനേകം സമ്മാനങ്ങൾ ഉണ്ടാകുന്നു. കൂടാതെ പ്രൈസ് ബോണ്ടിന്റെ മൂല്യം എപ്പോഴും നിലനിൽക്കുന്നു. 100 രൂപയുടെ പ്രൈസ് ബോണ്ടാണെങ്കിൽ അത് 100 രൂപയുടെ നോട്ട് വെച്ചിരിക്കുന്നതു പോലെയാകുന്നു. അഥവാ 5000 രൂപയുടെ പ്രൈസ് ബോണ്ടാണെങ്കിൽ അത് 5000 രൂപ അങ്ങനെത്തന്നെ വീട്ടിൽ വെച്ചിരിക്കുന്നത് പോലെയാകുന്നു. അതിനാൽ ബോണ്ടിലും ലോട്ടറിയിലും വലിയ അന്തരമുണ്ട്. ലോട്ടറി ഒരു ചൂതാട്ടം ആകുന്നു, എന്നാൽ, ബോണ്ട് ചൂതാട്ടം അല്ല.

☆ ഒരു വാഖ്ഫായെ നൗ ചോദിച്ചു, എനിക്ക് രണ്ട് ഇരട്ടക്കുട്ടികളുണ്ട്. അവരുടെ ശിക്ഷണത്തെ സംബന്ധിച്ച് വലിയ ചിന്തയാണ്. ഹുദൂറിന് സ്വന്തം അനുഭവത്തിൽനിന്ന് എന്തെങ്കിലും ഉപദേശം നൽകാൻ സാധിക്കുമോ?

ഹുദൂർ തിരുമനസ് പറഞ്ഞു: സ്വന്തം മാതൃക സ്ഥാപിക്കുക. നിങ്ങളുടെ നമസ്കാരങ്ങൾ നല്ലതായിരിക്കണം. നിങ്ങൾ നമസ്കരിക്കുന്നവരാണെന്ന് കുട്ടികൾ മനസ്സിലാക്കണം. മാതാപിതാക്കൾ നമസ്കരിക്കുന്നവരാണെങ്കിൽ വീട്ടിൽ അവരുടെ കുട്ടികൾ സ്വയം മുസ്വല്ല വിരിച്ച് അല്ലാഹു അക്ബർ പറഞ്ഞ് നമസ്കരിക്കാൻ തുടങ്ങുന്നതാണ്. ചെറുപ്പകാലം മുതൽക്കുതന്നെ കുട്ടികൾക്ക് ഇത്തരം ശീലങ്ങളുണ്ടാക്കുക. കൂടാതെ ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ബന്ധത്തിൽ ഉപയോഗിക്കുന്ന ഭാഷ ഉത്തമമായതായിരിക്കണം, പെരുമാറ്റം ഉത്തമമായിരിക്കണം. പസ്പരമുള്ള സംസാരം മൃദുവായതും സ്നേഹത്തോടെയുമായിരുന്നാൽ സ്നേഹത്തോടെയാണ് സംസാരിക്കേണ്ടത്, ചീത്തവിളിക്കാൻ പാടില്ല എന്ന ബോധം കുട്ടികൾക്കുമുണ്ടാകും. അങ്ങനെയുള്ള നിങ്ങളുടെ മാതൃക കാണിക്കുക. സ്വന്തം മാതൃക കാണിക്കുകയാണെങ്കിൽ കുട്ടികളിൽ എന്തായാലും അത് സ്വാധീനം ചെലുത്തുന്നതായിട്ടാണ് എനിക്ക് കാണാൻ സാധിച്ചിട്ടുള്ളത്.

☆ ഒരു വാഖിഫായെ നൗ ചോദിച്ചു, ഞാൻ ഡോക്ടറാണ്. ഇവിടെ അഹ്മദി ഡോക്ടർമാരുടെ സംഘടന ഉണ്ട്. ലജ്നയ്ക്കും സംഘടന ഉണ്ട്. ഒരു അഹ്മദി ഡോകടർ എന്ന നിലയ്ക്ക് ഞങ്ങൾക്ക് എങ്ങനെയാണ് ഈ അസോസിയേഷനിൽ പ്രവർത്തിക്കാൻ കഴിയുക?

ഹുദൂർ തിരുമനസ് പറഞ്ഞു: നിങ്ങളുടെ അസോസിയേഷന്റെ നിയമങ്ങളും ചട്ടങ്ങളും അല്ലെങ്കിൽ ഉപനിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ടല്ലോ? അതിൽ ഒന്ന് വഖ്ഫെ ആർസിക്കായി പോകുക എന്നതാണ്. ആഫ്രിക്കയിൽ നമ്മുടെ ആശുപത്രികളുണ്ട്. അവിടെ അഹ്മദി ഡോക്ടർമാർക്ക് വഖ്ഫെ ആർസിക്കായി പോകാവുന്നതാണ്. റബ്വയിലുള്ള ഫദ്ലെ ഉമർ ആശുപത്രിയിൽ പോകാം. ഖാദിയാനിൽ പോകാം. മറ്റൊന്ന്, പണം സമ്പാദിക്കുന്നവർക്ക് സാധുക്കളായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകാവുന്നതാണ്. അതുപോലെ പൊതുവായ നിലയിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സൃഷ്ടി സേവനങ്ങൾ ചെയ്യാവുന്നതാണ്. അഭയാർഥി ക്യാമ്പുകളിൽ പോയി സേവനം ചെയ്യാവുന്നതാണ്.

☆ഒരു വാഖ്ഫായെ നൗ ചോദിച്ചു, നബി (സ)തിരുമേനിയുടെ വഫാത്തിന് ശേഷം ഹദ്റത്ത് അബൂബക്കർ (റ) ഖലീഫയായപ്പോൾ ഹദ്റത്ത് അലി (റ) ഉടനെ ബയ്അത്ത് ചെയ്തിരുന്നില്ല മറിച്ച്, മുപ്പത് നാല്പത് ദിവസങ്ങൾക്കു ശേഷമാണ് ബയ്അത്ത് ചെയ്തതെന്ന് പറയപ്പെടുന്നു. അതിലെന്താണ് ഹിക്മത്?

ഹുദൂർ പറഞ്ഞു: അതിൽ എന്തെങ്കിലും ഹിക്മത് ഉണ്ടാകാം. കുറച്ച് തിരക്കുകളായിരിക്കാം. അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണങ്ങൾ ഉണ്ടാകാം. എന്നാൽ, ഹദ്റത്ത് അലി (റ), ഹദ്റത്ത് അബൂബക്കർ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 21 September 2017 Issue-38

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)


(റ)നെ പരിപൂർണമായും അനുസരിച്ചിരുന്നു. ഹദ്റത്ത് അലി(റ) ആദ്യം ബയ്അത്ത് ചെയ്തിരുന്നില്ല എന്നത് ശിയാക്കളാണ് കൂടുതൽ ഉയർത്തിക്കാട്ടുന്നത്. ഇത് തികച്ചും തെറ്റാണ്. ഹദ്റത്ത് അലി (റ) ഒരു ദിവസമോ അല്ലെങ്കിൽ ഒരു നിമിഷമോ ഹദ്റത്ത് അബൂബക്കർ (റ) ന്റെ അനുസരണവൃത്തത്തിൽ നിന്ന് പുറത്തായിരുന്നു എന്നതിന് ഒരു തെളിവുമില്ല. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. താങ്കൾ വലുതായി, വഖ്ഫെനൗ വിലും അംഗമാണ്. അതിനാൽ ഈ ഗ്രന്ഥം വായിക്കുകയും സ്വന്തം അറിവ് വർധിപ്പിക്കുകയും ചെയ്യുക.

☆ഒരു വാഖിഫായെ നൗ ചോദിച്ചു, വിത്റ് നമസ്കാരത്തിൽ ഖുനൂത്തിന്റെ ദുആ മറന്നു പോകുകയാണെങ്കിൽ ആ റക്അത്ത് വീണ്ടും നമസ്കരിക്കേണ്ടതുണ്ടോ?

ഹുസൂർ തിരുമനസ് പറഞ്ഞു: ഇല്ല. രണ്ടാമതും ആ റക്അത്ത് നമസ്കരിക്കേണ്ടതില്ല. മറവിയുടെ സുജൂദിന്റെയും ആവശ്യമില്ല. മറന്നു പോയാൽ കുഴപ്പമൊന്നുമില്ല. മറവിയുടെ സുജൂദിന്റെയോ രണ്ടാമത് നമസ്കരിക്കുന്നതിന്റെയോ ആവശ്യമില്ല.

വിവാഹം കഴിക്കുമ്പോൾ ഭാര്യാഭർത്താക്കന്മാർക്ക് പരസ്പരം വലിയ പ്രതീക്ഷകളൊക്കെ ഉണ്ടാകുന്നു. എന്നാൽ, ആ പ്രതീക്ഷകൾ പൂർത്തിയാകാതാകുമ്പോൾ നിസാര കാര്യങ്ങളിൽ കലഹങ്ങൾ ഉടലെടുക്കുന്നു. പിന്നീടത് വലിയ കലഹങ്ങളായി മാറുന്നു?

ഹുദൂർ തിരുമനസ് പറഞ്ഞു: വലിയ വലിയ പ്രതീക്ഷകൾ വച്ചു പുലർത്തുന്ന ഭാര്യാഭർത്താക്കന്മാർ രണ്ടും പേരും തെറ്റാണ് ചെയ്യുന്നത്. ഏതെങ്കിലും ഐഡിയൽ അന്വേഷിക്കരുത്. ജീവിതത്തിന്റെയും ലോകത്തിന്റെയും യാഥാർഥ്യത്തെ മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്. ആരുംതന്നെ പരിപൂർണരല്ല. സ്ത്രീകളിലും കുറ്റങ്ങളും കുറവുകളും പോരായ്മകളും ഉണ്ടാകും, പുരുഷന്മാരിലും ഉണ്ടാകും. അതിനാൽ എന്റെ പക്കൽ വിവാഹശേഷം ഇത്തരം ജോഡികൾ വരികയും ഉപദേശിക്കണം എന്ന് പറയുകയും ചെയ്യുമ്പോൾ ഞാൻ പറയാറുള്ളത് ഇതാണ്. നിങ്ങൾ പരസ്പരം മറ്റുള്ളവരുടെ തിന്മകൾ കണ്ടതിനു ശേഷം സ്വന്തം കണ്ണുകൾ അടച്ചു വെക്കുകയും നാവുകൾ അടക്കിവെക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങളുടെ കലഹം ഇല്ലാതായിത്തീരുന്നതാണ്. ഭർത്താവും സ്വന്തം കണ്ണും കാതും നാവും അടച്ചു വെക്കുക, ഭാര്യയും അടച്ചു വെക്കുക. അഥവാ അന്വേഷിക്കുകയാണെങ്കിൽ ചികഞ്ഞ് ചികഞ്ഞ് പല കാര്യങ്ങളും ലഭിക്കുന്നതാണ്. ഒരു ചൊല്ലുണ്ട്, പൊടി കുഴക്കുമ്പോൾ കൈമുട്ട് എന്തിനാണ് കൂട്ടിമുട്ടുന്നത്. അപ്പോഴും കലാപം ഉണ്ടാകുന്നു.

☆അതേ വാഖിഫായെ നൗ പറഞ്ഞു, ഹുദൂർ തിരുമനസ് ഏതവസരത്തിലാണ് ഭാര്യക്ക് ഉപഹാരം നൽകുന്നത്?

ഹുദൂർ തിരുമനസ് പറഞ്ഞു: ഏതെങ്കിലും ഒരു പ്രത്യേക അവസരത്തിൽ കൊടുക്കാറില്ല. പെരുന്നാളിന്റെ അവസരങ്ങളിലെല്ലാം ഈദിയും മറ്റും കൊടുക്കാറുണ്ട്.

☆ഒരു വാഖിഫായെ നൗ ചോദിച്ചു, ഞാനിവിടെ ഒരു സ്ഥാപനത്തിൽ ചെന്നപ്പോൾ അവിടെ ഒരു പുരുഷനായിരുന്നു ഉണ്ടായിരുന്നത്. അയാൾ സലാം പറയുന്നതിനായി കൈനീട്ടി. അത്തരം അവസരങ്ങളിൽ എന്താണ് ചെയ്യേണ്ടത്?

ഹുദൂർ തിരുമനസ് പറഞ്ഞു: എനിക്കും ഒന്ന് രണ്ട് തവണ ഇത്തരം അനുഭവം ഉണ്ടായിട്ടുണ്ട്. അന്നേരം ഞാൻ അല്പം മുന്നോട്ട് കുനിയുന്നു. അപ്പോൾ അയാൾക്ക് കാര്യം മനസ്സിലാകുന്നതാണ്. ഇവിടെ നിങ്ങൾ സ്വയം നിങ്ങളെയാണ് സംരക്ഷിക്കേണ്ടത്. അഥവാ സമൂഹത്തെ ഭയപ്പെടുകയാണെങ്കിൽ പിന്നെ ഒന്നും സംഭവിക്കില്ല. രണ്ടുനാല് തവണ അപ്രകാരം ചെയ്യുമ്പോൾ, പുരുഷന്മാർക്ക് കൈകൊടുക്കാൻ എന്റെ മതം എന്നെ അനുവദിക്കുന്നില്ലെന്ന് പറയുമ്പോൾ അയാൾ സ്വയം നന്നായിക്കോളും.

ഹുദൂർ തിരുമനസ് പറഞ്ഞു: നിങ്ങൾക്ക് സ്വന്തം മതത്തിന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും ജനങ്ങളെ അതു സംബന്ധിച്ച് ബോധവാന്മാരാക്കുകയും അതിൽ നിലനിൽക്കുകയും ചെയ്യണമെങ്കിൽ പിന്നെ ജനങ്ങളുടെ മനസ്സിൽ ചെറിയ ചെ റിയ അസ്വസ്ഥതകൾ ഉണ്ടാകുന്നതാണ്. അത് സഹിക്കേണ്ടി വരുന്നതാണ്. ഇത് ഇക്കാലത്തെ കാര്യം മാത്രമല്ല. എപ്പോഴും അങ്ങനെത്തന്നെയാണ് സംഭവിച്ചു വരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ഇന്ത്യയും പാക്കിസ്താനും ബ്രിട്ടീഷ് ഭരണത്തിന് കീഴിലായിരുന്ന കാലത്തെ കാര്യമാണ്. അവർക്ക് വൈസ്രോയിമാരും ലോർഡ്സ്മാരും ഗവർണർമാരും ഉണ്ടായിരുന്നു. അവരിൽ ചിലർക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വുമായി വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) എഴുതുന്നു, ഞാൻ ഡൽഹിയിൽ പോയിരുന്ന സമയത്ത് അവിടത്തെ ഒരു ലോർഡ് എന്നെ ഒരു സൽക്കാരത്തിന് ക്ഷണിച്ചു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, എന്നെ ക്ഷണിക്കേണ്ട. കാരണം അവിടെ വേറെയും ധാരാളം ആളുകൾ ഉണ്ടായിരിക്കും. സ്ത്രീകളും ഉണ്ടായിരിക്കും. ഞാൻ സ്ത്രീകളോട് സലാം പറയില്ല. അപ്പോൾ ആളുകൾക്ക് അസ്വസ്ഥത ഉണ്ടാകും. അപ്പോൾ അദ്ദേഹം പറഞ്ഞു, അത് സാരമില്ല താങ്കൾ തീർച്ചയായും വരണം. ഞാൻ പറഞ്ഞു, ശരി ഞാൻ വരാം. വന്നൊരു മൂലയിൽ ഇരിക്കാം. അങ്ങനെ അവിടെ ഒരു മൂലയിൽ ഞാനിരുന്നു. എന്നാൽ, അവിടെയും ഒരു പഴയ പരിചയക്കാരനായ ബ്രിട്ടീഷുകാരൻ കാണാനായി വന്നു. അയാളുടെ ഭാര്യ കൈനീട്ടി. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ) പറഞ്ഞു, ഞാൻ ക്ഷമ ചോദിക്കുന്നു. ഞാൻ സ്ത്രീകളുമായി ഹസ്തദാനം ചെയ്യാറില്ല. അതിൽ ആ സ്ത്രീ വളരെ രോഷാകുലയായി. ഈ ബ്രിട്ടീഷുകാരനും ലജ്ജിതനായി. പിന്നീട് എഴുതി, ഞാൻ രാത്രി മുഴുവനും അസ്വസ്ഥനായിരുന്നു. എനിക്ക് താങ്കളുമായി വളരെ പഴയ ബന്ധമാണുള്ളത്. ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ കുറിച്ചും എനിക്ക് അറിവുണ്ടായിരുന്നു. എന്നിട്ടും സലാം പറയുന്നതിനായി കൈകൊടുക്കരുത് എന്ന് എന്റെ ഭാര്യയെ എന്ത് കൊണ്ട് പറഞ്ഞു മനസ്സിലാക്കിയില്ല എന്ന് താങ്കളും കരുതുന്നുണ്ടാകും. ഭാര്യയുടെ കാര്യത്തിലും ഞാൻ അസ്വസ്ഥനായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറഞ്ഞു, ഞാൻ പിന്നീട് അദ്ദേഹത്തിന് കത്തുമെഴുതി. അദ്ദേഹത്തെ സൽക്കാരത്തിനായി ക്ഷണിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയെയും ക്ഷണിച്ചു. അവർക്ക് ഭക്ഷണമെല്ലാം നൽകി. അവരെ നല്ലപോലെ സൽക്കരിച്ചു. അവർക്ക് സമാധാനം ആകുകയും ചെയ്തു.

ഹുദൂർ തിരുമനസ് പറയുന്നു: അടുത്ത ബന്ധമാണുള്ളതെങ്കിൽ ഇങ്ങനെയും സംഭവിക്കും. എന്നാൽ, ഒന്നു രണ്ടു പ്രാവശ്യം മാത്രമാണ് കണ്ടുമുട്ടേണ്ടതെങ്കിൽ ദൂരെനിന്ന് തന്നെ അസ്സലാമു അലയ്ക്കും എന്ന് പറയുക.

☆ഒരു വാഖ്ഫായെ നൗ പറഞ്ഞു, എന്റെ പിതൃസഹോദരീ ഭർത്താവിനെ പാക്കിസ്താനിൽ (ലാഹോറിൽ) ശഹീദാക്കിയിരിക്കുന്നു. അദ്ദേഹത്തിന് ദുആക്കപേക്ഷിക്കാൻ ആഗ്രഹിക്കുകയാണ്.

ഹുദൂർ തിരുമനസ് പറഞ്ഞു: അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. 100 ഡോളറിനും ഒരു മൊബൈലിയനും വേണ്ടിയാണ് അദ്ദേഹത്തെ വധിച്ചത്. ആരാണോ വധിച്ചത് അയാൾ ഒരു ഇലക്ട്രീഷ്യനായിരുന്നു. അയാൾ അവിടെ നിന്ന് കേവലം 100 ഡോളറും ഒരു മൊബൈലും മാത്രമാണ് മോഷ്ടിച്ചത്. അതിനുവേണ്ടിയാണ് അദ്ദേഹത്തെ ശഹീദാക്കിയത്.

☆ഒരു വാഖ്ഫായെ നൗ ചോദിച്ചു, ഇസ്‌ലാമിൽ ആകെ 6 കലിമകളാണുള്ളത്. ഉദാഹരണമായി കലിമ ത്വയ്യിബ, കലിമ ശഹാദത്ത്. മറ്റ് കലിമകളുടെ പ്രാധാന്യം എന്താണ്?

ഹുദൂർ തിരുമനസ് പറഞ്ഞു: അനഹ്മദികൾ ധാരാളം കലിമകൾ ഉണ്ടാക്കിയിട്ടുണ്ട്. യഥാർഥ കലിമ **ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ്** എന്നാകുന്നു. ചില അവസരങ്ങളിൽ **അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്കലഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു** എന്നും ചൊല്ലാറുണ്ട്. നബി(സ) തിരുമേനിയിൽ നിന്ന് ഇതുമാത്രമെ പ്രബലപ്പെട്ടിട്ടുള്ളു. ബാക്കി എത്ര കലിമ വേണമെങ്കിലും ഉണ്ടാക്കിക്കൊള്ളട്ടെ.

☆അതേ വാഖ്ഫായെ നൗ ചോദിച്ചു: ഇവിടെ കുട്ടികളുടെ പിറന്നാൾ പോലുള്ള അവസരങ്ങളിൽ അവരുടെ വീട്ടുകാർ കേക്കോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ പാക്ക് ചെയ്ത് ക്ലാസ്സിലെ കുട്ടികൾക്ക് വിതരണം ചെയ്യാറുണ്ട്. അത്തരം അവസരങ്ങളിൽ ഞങ്ങളെന്താണ് ചെയ്യേണ്ടത്?

ഹുദൂർ തിരുമനസ് പറഞ്ഞു: അഥവാ അവർ സ്കൂളിലെ കുട്ടികൾക്ക് മിഠായിയോ കേക്കോ പോലുള്ളവ വിതരണം ചെയ്യാറുണ്ടെങ്കിൽ നിങ്ങളും കൊടുത്തു കൊള്ളുക. എന്നാൽ, കുട്ടികളെ പറഞ്ഞു മനസ്സിലാക്കേണ്ട കാര്യം സാധുക്കൾക്കും നൽകുന്നതാണ് നമ്മുടെ പിറന്നാൾ എന്നാണ്. കുട്ടികളെ കൊണ്ട് അല്പം സദഖ കൊടുപ്പിക്കുക. അല്ലാഹു എന്നെ നല്ല മനുഷ്യനാക്കട്ടെ എന്ന് ദുആ ചെയ്യാൻ പറയുക. എന്നാൽ, വീട്ടിൽ പിറന്നാളാഘോഷിക്കരുത്. സ്കൂളിൽ കുട്ടികൾ മിഠായികളും കേക്കുകളും മറ്റും വിതരണം ചെയ്യുന്നുണ്ടെങ്കിൽ നിങ്ങളും കൊടുത്തു കൊള്ളുക. അതിൽ ഒരു കുഴപ്പവുമില്ല. പ്രത്യേക ചടങ്ങായി പിറന്നാൾ ആഘോഷിക്കേണ്ട ആവശ്യമില്ല. എന്നാൽ, സ്കൂളിൽ വർഷത്തിൽ ഒരാവർത്തി മറ്റ് കുട്ടികൾ കൊടുക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ മക്കളും കൊടുത്തുകൊള്ളട്ടെ. കുഴപ്പമില്ല. കാരണം മറ്റുള്ള കുട്ടികൾ നിന്റെ പിറന്നാൾ എപ്പോഴാണെന്ന് ചോദിക്കും. ഇത് കർശനമായി പാലിക്കേണ്ട അത്ര വലിയ ശർഇയായ പ്രശ്നമൊന്നുമല്ല. എന്നാൽ, ഇതുമായി ബന്ധപ്പെട്ട പ്രധാന കാര്യം അനാവശ്യ ചെലവ് ചെയ്യരുത്, വീടുകളിൽ സൽക്കാരം ഒരുക്കരുത്, വീടുകളിൽ പിറന്നാൾ ആഘോഷിക്കരുത് എന്നതാണ്. അത്തരം അവസരങ്ങളിൽ സ്വന്തം കുട്ടികളോട് പറയുക, നിങ്ങൾ നിങ്ങളുടെ ക്ലാസ്സിലെ കുട്ടികൾക്കായി മിഠായികളും കേക്കുകളും മറ്റും കൊണ്ടു പൊയ്ക്കൊള്ളുക. സ്വന്തം പിറന്നാൾ ദിനത്തിൽ സാധുക്കൾക്കും സഹായം നൽകേണ്ടതാണ് എന്നത് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. അതിനാൽ ചാരിറ്റിയിൽ കുറച്ച് കൊടുക്കകെ, കുറച്ച് സ്വദഖ നൽകുക, ദുആയും ചെയ്യുക. ഇതെല്ലാം ചെയ്യുകയാണെങ്കിൽ പിന്നെ കുഴപ്പമൊന്നുമില്ല. എന്നാൽ, നിർബന്ധപൂർവം ഭാരം ഇട്ടുകൊണ്ടാകരുത്. **(തുടരും)**

(അവലംബം: ബദ്ർ പത്രം 8, 2017 ജൂൺ 29)







Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin